# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 10 കന്നി - 1193 ഒക്ടോബർ 2017



# 2017 എറണാകുളം കരയോഗം നവരാത്രി ആഘോഷം...



## എഡിറ്റോറിയൽ

# വെളുക്കാൻ തേച്ചത് പാണ്ടായോ?

കഴിഞ്ഞ കുറച്ച് നാളുകളായി നിത്യോപയോഗ സാധനങ്ങളുടെ വില ദൈനംദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ജി.എസ്.റ്റി നടപ്പിലാക്കുമ്പോൾ വില കുറയും എന്നായിരുന്നു കേന്ദ്രസർക്കാർ പ്രസ്താവിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ ഒന്നൊന്നര വർഷമായി വില വർദ്ധിക്കാത്തതായി ഒരു സാധാനവുമില്ല. എത്ര ചൂഴ്ന്നു നോക്കിയാലും വിലയിൽ കുറവു വന്നിട്ടുള്ള സാധനങ്ങൾ കാണാനും സാധിക്കില്ല. അങ്ങനെ വിലക്കയറ്റത്തിന്റെ എരിതീയിൽ പെട്ടുഴലുന്ന ജനസാമാന്യത്തിന്റെ തലക്കേറ്റ മറ്റൊരു പ്രഹരമായി മാറിയിരിക്കുകയാണ് ജി.എസ്.റ്റിയും. ജി.എസ്.റ്റിയുടെ മറവിൽ കച്ചവടക്കാർ നടത്തുന്ന തട്ടിപ്പാണോ അതോ ജി.എസ്.റ്റി നടപ്പിലാക്കിയതിലെ അപാകതയാണോ, എന്തായാലും ശരി ആശ്വാസമായി മാറും എന്ന് ജനം കരുതിയ ജി.എസ്.റ്റി ഇന്നൊരു ശാപമായി മാറിയിരിക്കുകയാണ്.

ഏറ്റവും വലിയ ആഘാതം വീട്ടിൽ നിന്നും ദൂരെയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർക്കാണ് അവർക്ക് ഹോട്ടലിനെ ആശ്രയിക്കാതെ തരമില്ലല്ലോ? പല ഹോട്ടലുകാരും മുമ്പത്തെ വിലയുടെ കൂടെ ജി.എസ്.റ്റി കൂടി ചേർത്താണ് ഇപ്പോൾ ഉപഭോക്താക്കളിൽ നിന്നും ആഹാരസാധനങ്ങൾക്ക് വില ഈടാക്കുന്നത്.

അതുപോലെ തന്നെ ഉള്ളത് പണയം വെച്ചും, വിറ്റും ഒക്കെ നാലാളെ വിളിച്ച് അവരുടെ മുമ്പിൽ വെച്ച് മക്കളുടെ വിവാഹം നടത്താൻ കാത്തിരുന്നവർക്കും ജി.എസ്.റ്റി ഇരുട്ടടി ആയി. സാമൂഹ്യ ജീവിയായ മനുഷ്യൻ വേണ്ടപ്പെട്ട എല്ലാവരേയും ക്ഷണിച്ചു വരുത്തി അവർക്ക് സദ്യയും നൽകി അവരുടെയൊക്കെ അനുഗ്രഹാശിസ്സുകളോടെ തങ്ങളുടെ മക്കളുടെ വിവാഹം നടത്താനാണല്ലോ ആഗ്രഹിക്കുന്നത്. അതിനും തടസ്സമായി മാറിയിരിക്കുകയാണ് ജി.എസ്.റ്റി. 18% നികുതി നൽകണം ഇലയെണ്ണി, സാധാരണ നിരക്കിനു പുറമെ. അങ്ങനെ വിലക്കുറവുണ്ടാകും

# ഉള്ളടക്കം

വാല്യം 10 | ലക്കം 10 | ഒക്ടോബർ 2017

എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗ പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 8
വാസ്തു 9
ഭാരതത്തിലെ ഋഷികവികൾ 10
ക്ഷേത്രങ്ങളിലൂടെ 14
രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം 17
തവാങ്ങ് - ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം 21
സുഭാഷിതം 25
പൊണ്ണത്തടി 26
തോൽക്കാതിരിക്കാൻ 28
എട്ടാമൻ നെപ്ട്യൂൺ 31
ഹരിസുധാലഹരി 33
കൊടുങ്ങല്ലൂർ ചരിത്രത്തിൽ നിന്നൊരേട് 37
ജ്യോതിഷ മഹാത്മ്യം 41
പാതഞ്ജല യോഗദർശനം 45
ഇപ്പോൾ തന്നെ ചെയ്യൂ 46
അവൾ നിവേദിത 48
ആരോഗ്യവും നല്ല ശീലങ്ങളും 50
മാസഫലം 57
മാട്രിമോണിയൽ 58–66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

എന്നു കരുതിയിരുന്ന സമസ്ത മേഖലകളിലും വിലക്കയറ്റം മൂലം പൊറുതി മുട്ടുകയാണ് ജനം. ജനങ്ങളെ സംബന്ധിച്ച് ജി.എസ്.റ്റി വെളുക്കാൻ തേച്ചത് പാണ്ഡായതുപോലെയാണ് അനുഭവപ്പെടുന്നത്.

കേരളത്തിലെ ജനങ്ങളെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത് ഇന്ധന വില വർദ്ധനവാണ്. മുൻ മന്ത്രിസഭയുടെ കാലത്ത് സർക്കാരിൽ നിക്ഷിപ്തമായിരുന്ന ഇന്ധനവില നിശ്ചയിക്കാനുള്ള അധികാരം എണ്ണക്കമ്പനികൾക്ക് കൈമാറിയതോടെയാണ് ഇന്ധനവില ക്രമാതീതമായി വർദ്ധിച്ചത്. കഴിഞ്ഞ സർക്കാരിനോട് ജനങ്ങൾക്ക് വെറുപ്പുണ്ടാകാനുള്ള ഒരു പ്രധാനകാരണം ഈ നടപടി തന്നെയായിരുന്നു. എന്നാൽ ജനങ്ങൾ വലിയ പ്രതീക്ഷയോടെ അധികാരത്തിലേറ്റിയ ഇപ്പോഴത്തെ സർക്കാരിൽ നിന്നും വിപ്ലവാത്മകമായ, പുരോഗമനപരമായ ഭരണപരിഷ്ക്കാരങ്ങൾ പലതും ഉണ്ടായെങ്കിലും, സാധാരണ ജനജീവിതത്തെ ഏറെ ദോഷകരമായി ബാധിക്കുന്ന നിത്യോപയോഗ സാധനങ്ങളുടേയും പെട്രോളിയം ഉൽപ്പന്നങ്ങളുടേയും വിലനിലവാരം പിടിച്ചു നിർത്തി ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒരു നടപടിയും കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല എന്നുള്ളത് ഖേദകരമാണ്. ഇതല്ല ജനങ്ങൾ പ്രതീക്ഷിച്ചത്. യു.പി.എ സർക്കാർ ചെയ്ത തെറ്റു തിരുത്തി ഇന്ധന വില നിശ്ചയിക്കുവാനുള്ള അവകാശം സർക്കാർ തിരിച്ചെടുക്കുമെന്നും, അതുവഴി ഇന്ധനവില ഗണ്യമായി കുറയുമെന്നും, ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന കുറവുമൂലം ന്യായമായ വിലയ്ക്ക് സാധനങ്ങൾ ലഭിക്കുമെന്നുമായിരുന്നു അവർ കരുതിയിരുന്നത്.എന്നാൽ ഇക്കാര്യത്താൽ മുൻ സർക്കാരിന്റെ കാലടികളെ പിൻതുടരുന്ന പുതിയ സർക്കാരിന്റെ നയത്തോട് നമുക്ക് പ്രതിഷേധിക്കാതിരിക്കാൻ കഴിയില്ല.കാരണം 'അച്ഛേ ദിൽ ആയേംഗേ' എന്നു പറഞ്ഞത് വിശ്വസിച്ച് വോട്ടുചെയ്ത ജനമാണ് ഇന്ന് വില വർദ്ധനവിന്റെ വിഷമവൃത്തത്തിൽ കിടന്ന് നട്ടം തിരിയുന്നത്.

ഇവിടെ എടുത്തുപറയേണ്ട മറ്റൊന്ന് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ ഏറ്റവും കൂടുതൽ നികുതി വാരിക്കൂട്ടുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്രത്തിന് ലഭിക്കുന്നതിന്റെ ഇരട്ടിയിലുമധികം നികുതിയാണ് കേരളസർക്കാർ ഈടാക്കുന്നത്. അതിൽ അൽപ്പം കുറവു വരുത്തി ജനത്തെ സഹായിക്കാമെന്ന് കേരള സർക്കാരും ചിന്തിക്കുന്നില്ല. യാതൊരു ദയയും ദാക്ഷിണ്യവുമില്ലാതെയാണ് കേന്ദ്രസർക്കാരും കേരള സർക്കാരും ജനങ്ങളുടെ മേൽ നികുതി അടിച്ചേൽപ്പിക്കുന്നത്. എന്നാണാവോ ഇതിനൊരു മാറ്റമുണ്ടാവുക.

കേന്ദ്രസർക്കാരിന്റെ ധീരമായ നടപടിമൂലം കള്ളപ്പണത്തിന്റെയും കുഴൽപ്പണത്തിന്റെയും ഒഴുക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. ദോക്‌ലാമിൽ ചൈനയുടെ അഹങ്കാരത്തിന്റെ മുട്ടുമടക്കിച്ചു. പാക്കിസ്ഥാന്റെ കള്ളത്തരം യു.എൻ.ഒയിൽ തുറന്നു കാട്ടി അവരെ നാണം കെടുത്തി. സർജ്ജിക്കൽ സ്ട്രൈക്കിലൂടെ നമ്മുടെ കഴിവും കരുത്തും തെളിയിച്ച് ലോക രാഷ്ട്രങ്ങളുടെ ഇടയിൽ നാടിന്റെ അഭിമാനം വാനോളം ഉയർത്തി. സർക്കാരിന് അഭിമാനിക്കാനുള്ള വക നൽകുന്നതാണ് ഇതൊക്കെ. ജനങ്ങൾക്കും ഇതിലൊക്കെ അഭിമാനമുണ്ട്. നാടിന്റെ യശസ്സുയർത്തുന്നതിൽ സകലമാന ജനങ്ങളും സന്തോഷിക്കുന്നുമുണ്ട്. പക്ഷെ ദൈനംദിന ജീവിതം മുമ്പോട്ടു കൊണ്ടു പോകുവാൻ ബുദ്ധിമുട്ടുന്ന സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭിക്കുക എന്നുള്ളതാണ് പ്രധാനം. അതുണ്ടാകുന്നില്ല. അതിനായുള്ള നടപടികളും ഒന്നും കാണുന്നുമില്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സാധിക്കാതെ വരുമ്പോൾ ജനം മാറി ചിന്തിക്കും-മുൻകാല ചരിത്രം പരിശോധിച്ചാൽ അത് വ്യക്തമാകും. ഇക്കാര്യത്തിൽ ജനത്തിന്റെ പ്രതീക്ഷ തല്ലിക്കെടുത്തരുത്. അടിയന്തിര നടപടികൾ ഉണ്ടാകണം - ഇനിയും ഒട്ടും വൈകാതെ.

അവസാനമായി ഒന്നേ പറയാനുള്ളു ചുവരെഴുത്തുകൾ വായിക്കാതെ പോകരുത്. അതു ജനത്തിന്റെ വികാരമാണ്. അതിനെ മാനിക്കുന്നില്ലെങ്കിൽ, അതനുസരിച്ച് ഭരണം കാഴ്ച വയ്ക്കുന്നില്ലെങ്കിൽ ഫലം തിക്തമായിരിക്കും●

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2017 ഒക്ടോബർ മാസം 8-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

# ജനറൽ സെക്രട്ടറിയുടെ പംക്തി

സെപ്തംബർ മാസം എറണാകുളം കരയോഗത്തെ സംബന്ധിച്ച് ഏറ്റവും കൂടുതൽ പരിപാടികളും ഉണ്ടായിരുന്ന ദിവസങ്ങളായിരുന്നു. 17 ദിവസം നിണ്ടുനിന്ന ഓണം വിപണന മേളയിൽ അതോടൊപ്പം തന്നെ ആരംഭിച്ച നവരാത്രി ആഘോഷ പരിപാടികളുമായി ബന്ധപ്പെട്ട മത്സരങ്ങളും 10 ദിവസം നീണ്ടു നിന്ന കലാസന്ധ്യകളും ഈ മാസത്തെ പ്രവർത്തനം ധന്യമാക്കി.

എന്നാൽ ഇതോടൊപ്പം തന്നെ അമ്മമാരുടെ കരച്ചിലും കഴിഞ്ഞ കുറെ ദിവസങ്ങളായി നമ്മുടെ കർമ്മപഥങ്ങളിൽ എത്തിക്കൊണ്ടിരിക്കുകയാണ്. അനുജയുടെയും നിമിഷയുടെയും അഖിലയുടെയും അമ്മമാരുടെ രോദനം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിനെല്ലാം ഉത്തരവാദി നമ്മളും നമ്മുടെ കുടുംബവുമാണ് എന്ന് തിരിച്ചറിയണം. പുതിയ തന്ത്രങ്ങളും കുതന്ത്രങ്ങളുമായി നമ്മുടെ പെൺകുട്ടികളെയും അമ്മമാരെയും എന്തിന്റെ പേരിലായാലും വശീകരിച്ച് മറ്റൊരു സംസ്ക്കാരത്തിലേക്കും അതിലുപരി മതത്തിലേക്കും പരിവർത്തനം ചെയ്യുന്നത് സർവ്വസാധാരണമായിരിക്കുന്നു. കാപട്യമായ പ്രേമത്തിന്റെ പേരിൽ വിവാഹവും വിവാഹാനന്തരം മതം മാറ്റലും അതിനുള്ള കേന്ദ്രങ്ങളും സർവ്വസാധാരണമായിരിക്കുന്നു. നിർബന്ധിത മതപരിവർത്തനത്തിനെതിരായി ഒരു നിയമം വരേണ്ടത് അനിവാര്യമാണ്. പ്രേമിക്കാൻ ജാതിയും മതവും പ്രശ്നമല്ലെങ്കിൽ പിന്നെന്തിന് ജീവിക്കാൻ ജാതിയും മതവും മാറണം? നമ്മുടെ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുഷ്പ്രവണതയ്ക്കെതിരെ പ്രതികരിക്കാതെ എനിയ്ക്കോ എന്റെ കുടുംബത്തിൽ അല്ലല്ലോ? ഇത് സംഭവിച്ചത് എന്ന ചിന്തയിൽ മൗനം പൂണ്ടിരിയ്ക്കുന്നത് അപകടമാണ്. നാളെ രാത്രി 8 മുതൽ 10 മണി വരെയുള്ള ദൃശ്യമാധ്യമങ്ങളിലെ നമ്മുടെ പരമോന്നത കോടതികളിലേക്കാൾ അറിവും ജ്ഞാനവുമുള്ള ചില അവതാരങ്ങളും അവരുടെ റിപ്പോർട്ടർമാരും നിങ്ങളുടെ കുടുംബത്തിനെതിരെ വിധി പ്രഖ്യാപിക്കാതിരിക്കാൻ വരുന്നതുവരെ മാത്രമാണ് നിങ്ങളുടെ മൗനം. അതുകൊണ്ട് കൂടുതൽ ശ്രദ്ധയോടെയും നിരീക്ഷണത്തോടെയും നമ്മുടെ കുട്ടികളെ പരിരക്ഷിക്കേണ്ടിയിരിക്കുന്നു.

സമൂഹബന്ധങ്ങളും കുടുംബബന്ധങ്ങളും പാരമ്പര്യങ്ങളും സംസ്ക്കാരവും ആത്മീയതയും (അന്ധവിശ്വാസമല്ല ഭക്തി) വരും തലമുറയ്ക്ക് പകർന്നുകൊടുക്കുവാനും അതനുസരിച്ച് നമ്മുടെ കുട്ടികളെ വളർത്തിക്കൊണ്ടു വരുവാനും എല്ലാവർക്കും കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു. എറണാകുളം കരയോഗത്തിന്റെ സാമൂഹ്യസേവന വിഭാഗമായ ചൈത്രത്തിൽ കുടുംബപ്രശ്നങ്ങളും വൈവാഹിക പ്രശ്നങ്ങളും പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകരുടെ സേവനം ലഭ്യമാണ്.അതുപോലെ തന്നെ മേൽസൂചിപ്പിച്ച എല്ലാ വിഷയങ്ങളിലും എറണാകുളം കരയോഗം ഹൈന്ദവ സനാതന ധർമ്മങ്ങൾക്ക് ഉള്ളിൽ നിന്നു കൊണ്ട് മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നല്കി എല്ലാ സഹായവും എന്നും എപ്പോഴും സമുദായ ഭേദമെന്യേ നല്കി വരുന്നു. ഇത് തികച്ചും മനസ്സിലാക്കുകയും അതിന്റേതായ അർത്ഥശുദ്ധിയോടെ കൂടി തിരിച്ചറിയുകയും നമ്മുടെ പ്രശ്നങ്ങളിൽ ആവശ്യമെങ്കിൽ മറ്റുള്ളവരുടെ സഹായം തേടുകയും ചെയ്യേണ്ടത് സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമാണ്. എറണാകുളം കരയോഗം എന്നും ഇതിന് മുൻപന്തിയിൽ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും എന്ന് ഉറപ്പു നൽകുന്നു.

സെപ്തംബർ 21 -ാം തീയതി മുതൽ 30 വരെ നീണ്ടു നിന്ന നവരാത്രി ആഘോഷ ദിവസങ്ങളിൽ എല്ലാ ദിവസവും വൈകുന്നേരം 4 മണി മുതൽ 6 മണി വരെ സമ്പൂർണ്ണ ദേവി മാഹാത്മ്യ പാരായണവും തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി. കഴിഞ്ഞ രണ്ട് മാസങ്ങളിലായി എട്ട് ദിവസം നീണ്ടു നിന്ന മത്സരങ്ങളിൽ 45 ഇനങ്ങളിലായി 4 വിഭാഗങ്ങളിലായി 1200 ഓളം അപേക്ഷകൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുവാനായി ലഭിക്കുകയുണ്ടായി. അതിൽ 400 ൽ അധികം സമ്മാനങ്ങൾ 30-ാം തീയതി വിതരണം ചെയ്തു.

കൂടാതെ വിവിധ എൻഡോവ്മെന്റ് പ്രകാരം 110 വിദ്യാഭ്യാസ സഹായം നൽകുകയുണ്ടായി. കൂടാതെ കരയോഗംഗങ്ങളിലും അവരുടെ കുടുംബാംഗങ്ങളും ഉന്നത വിജയവും പുരസ്ക്കാരവും നേടിയ 12 പേരെ മൊമ്മന്റോ നൽകി ആദരിക്കുകയുണ്ടായി.

2017 ഒക്ടോബർ 21 ശനിയാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം ഹാൾ ഗംഗയിൽ ബീമിന്റെ 421-ാംമത് പ്രോഗ്രാം രഘുറാം കൃഷ്ണൻ അവതരിപ്പിക്കുന്ന ഗസൽ സംഗീത വിരുന്ന് സുഗമ സംഗീതം ഉണ്ടായിരിക്കുന്നതാണ്.

ഒക്ടോബർ 22 ഞായറാഴ്ച ടി.ഡി.എം കാവേരി ഹാളിൽ വൈകുന്നേരം 5.30 ന് എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ ആദിശങ്കരാചാര്യ സിനിമ പ്രദർശനവും ഒക്ടോബർ 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30ന് എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ കഥകളി ദേവയാനി സ്വയംവരം ടി.ഡി.എം ഗംഗ ഹാളിൽ അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ എല്ലാ പരിപാടികളിലും അംഗങ്ങളുടെ മഹനീയ സാന്നിദ്ധ്യം ക്ഷണിച്ചുകൊണ്ട് •

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 15.10.2017 മുതൽ 15.11.2017 വരെയുള്ള ഒക്ടോബർ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 18.10.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 19.10.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.10.2017 | വെള്ളി | 2.00 p.m. | ചൈത്രം വാർഷികാഘോഷം |
| 21.10.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 6.30 p.m. | ബീം പ്രതിമാസ പരിപാടി : സുഗമ സംഗീതം (രഘുറാം കൃഷ്ണൻ) |
| 22.10.2017 | ഞായർ | 5.00 p.m. | കരയോഗം ഫിലിം ക്ലബ്ബ് : ആദിശങ്കരാചാര്യ സിനിമാ പ്രദർശനം |
| 24.10.2017 | ചൊവ്വ | 6.30 p.m. | പ്രതിമാസ കഥകളി : കച - ദേവയാനി |
| 25.10.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 25.10.2017 | ബുധൻ | 4.00 p.m. | വിമൻസ് ഫോറം, പ്രഭാഷണം ഡോ. വിജയലക്ഷ്മി മേനോൻ |
| 26.10.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 28.10.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.10.2017 | തിങ്കൾ | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 1.11.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 2.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 3.11.2017 | വെള്ളി | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 04.11.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 05.11.2017 | ഞായർ | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 06.11.2017 | തിങ്കൾ | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 07.11.2017 | ചൊവ്വ | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമിചിദാനന്ദപുരി) |
| 08.11.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം |
| | | 8.00 p.m. | (ആചാര്യൻ സംപൂജ്യ സ്വാമി ചിദാനന്ദപുരി) |
| 09.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. - 8.00 p.m. | ഉപനിഷത്ത് വിചാരയജ്ഞം സമാപനം |
| 11.11.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 12.11.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് |
| 15.11.2017 | ബുധൻ | 3.00 p.m. | ദേവി ഭാഗവതം ക്ലാസ്സ് |
| 16.11.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

എല്ലാവരും ചെറിയ അവധിക്കാലം നന്നായി ആഘോഷിച്ചിരിക്കുമല്ലോ? ആഘോഷത്തോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യങ്ങളുമുണ്ട് കേട്ടോ.

അടുത്തിടെ ഒരു കൊച്ചുകുട്ടി തന്റെ അമ്മുമ്മയോടു പറഞ്ഞു. അമ്മൂമ്മക്കറിയാമോ എന്റെ ക്ലാസിലെ ഒരു കുട്ടി ഫോണിലെ കളിയിൽ മുഴുകി അപകടത്തിൽ പെട്ടതായി ഞങ്ങളുടെ മാഷു പറഞ്ഞു. അതിനു ശേഷം ക്ലാസിൽ മൊബൈൽ ഫോൺ കൊണ്ടു വരരുത് എന്ന് അധ്യാപകൻ നിർദ്ദേശിച്ചിരിക്കയാണ് 'നല്ല കാര്യം അമ്മുമ്മ പറഞ്ഞു'. പണ്ട് ഇതൊന്നും ഉണ്ടായിരുന്നില്ലല്ലോ കുഞ്ഞേ? അമ്മുമ്മയും മുത്തശ്ശനുമൊക്കെ ഉള്ളപ്പോൾ എന്തെല്ലാം കാര്യങ്ങൾ കൂട്ടുകാർക്കവർ പകർന്നു നൽകും. അല്ലെങ്കിൽത്തന്നെ കൊച്ചുകുട്ടികൾക്കെന്തിനാ ഫോൺ? ഇപ്പോഴത്തെ കുട്ടികൾക്ക് പ്രായമായവരോട് ഒന്നു സംസാരിക്കാൻപോലും സമയമില്ല. ഏതു നേരവും അവർ ഫോണിലാണ്. ഇന്ന് നമ്മുടെ കുറേ കൂട്ടുകാർ അപകടകരമായ അവസ്ഥയിൽ എത്തിനിൽക്കുകയാണ്. കാരണം കൂട്ടുകാർ കൈകാര്യം ചെയ്യുന്ന മൊബൈൽ ഫോൺ തന്നെ. ആവശ്യത്തിന് എല്ലാം വേണം പക്ഷെ അമിതമായാലോ?

കൂട്ടുകാർക്കെന്തിനാണ് ഈ പ്രായത്തിൽ മൊബൈൽ ഫോൺ. ഇതിന്റെ ദുരുപയോഗം കൊണ്ടുണ്ടാവുന്ന ദൂഷ്യഫലങ്ങൾ എത്രയാണെന്ന് കൂട്ടുകാർക്കറിയാമോ.? ഇതിലെ പല കളികളും കുട്ടികളെ ആപത്തിലേക്ക് എത്തിക്കുന്നുണ്ട് എന്ന് കൂട്ടുകാർക്കും അറിവുണ്ടാകുമല്ലോ? വീട്ടിലിരിക്കുമ്പോൾ കൂട്ടുകാർ കൂടുതലായി ഇതിനെ ആശ്രയിക്കുന്നുണ്ട്. പലതരം കളികൾ ഇതിലുണ്ടാകും. ഒപ്പം തന്നെ കൂട്ടുകാരെ ചതിക്കുന്ന കളികളും ഉണ്ടാവും. നീലത്തിമിംഗലം എന്നൊരു കളി എത്ര കുട്ടികളെയാണ് അപകടത്തിൽ ആക്കിയിട്ടുള്ളത്. ഈ വാർത്ത കേട്ട് കൂട്ടുകാർക്കും ഞെട്ടലുണ്ടായില്ലേ? കൂട്ടുകാരോടും ഇതേക്കുറിച്ച് അച്ഛനമ്മമാർ പറഞ്ഞിട്ടുണ്ടാവുമല്ലോ? ഒരിക്കൽ കളിക്കാൻ തുടങ്ങിയാൽ അതിൽ നിന്നു പിന്നീട് തലയൂരാൻ ആവില്ല എന്നതാണ് ഈ കളിയുടെ പ്രത്യേകത. അപകടകരമായ ഒരു സ്ഥിതി വിശേഷമാണ് പിന്നീട് ഉണ്ടാവുക. ഇതിൽ ഒന്നും പെടാതെ ശ്രദ്ധിക്കണേ കൂട്ടുകാരേ. എന്തെല്ലാം നല്ല കാര്യങ്ങൾ നമുക്കു ചുറ്റും ഉണ്ട്.

അടുത്തുള്ള കുട്ടുകാരുമായി ഇടപഴകുക, അവരോടൊപ്പം കളികളിൽ ഏർപ്പെടുക, വായനശീലം വർദ്ധിപ്പിക്കുക, അച്ഛനമ്മമാരെ വീട്ടുകാര്യങ്ങളിൽ സഹായിക്കുക എന്നതൊക്കെയാണ് കൂട്ടുകാരെ നാളത്തെ ഉത്തമ പൗരന്മാരാക്കുന്നത്. പ്രകൃതി നമുക്കായി എന്തൊക്കെ നല്ല കാര്യങ്ങൾ നല്കിയിട്ടുണ്ട് അല്ലേ? അതൊക്കെ മനസ്സിലാക്കണം കേട്ടോ. ആകാശം, അതിലെ നക്ഷത്രങ്ങൾ, സൂര്യൻ, ചന്ദ്രൻ, കാർമേഘം, മഴ, വെയിൽ, മരങ്ങൾ, കാടുകൾ, ഫലവൃക്ഷങ്ങൾ അങ്ങനെ എന്തെല്ലാം. അതൊക്കെയാണ് നമ്മെ ഉത്തമ വ്യക്തികളാക്കാൻ സഹായിക്കുക.നമുക്ക് എന്തെല്ലാം തരത്തിലുള്ള കളികളുണ്ട്. നമ്മുടെ ചിന്തയെ മോശമായ വഴിക്കു നയിക്കുന്ന ഒരു കളികളിലും കൂട്ടുകാർ പെട്ടുപോകരുതേ. നിങ്ങളുടെയെല്ലാം ഏറെ പ്രിയപ്പെട്ടവരല്ലേ അച്ഛനമ്മമാർ. അവരെ വേദനിപ്പിക്കുന്ന ഒരു ജീവിതം നമുക്കെന്തിനാണ് അല്ലേ? നിങ്ങളുടെ എല്ലാ ഇഷ്ടവും സാധിപ്പിച്ചു തരുന്ന അവരെ കൂട്ടുകാർ ഒരിക്കലും വേദനിപ്പിക്കരുത് കേട്ടോ.

അധ്വാനത്തിന്റെ ഫലം അമൃതിനു സമാനമാണ് കൂട്ടുകാരേ, എന്തു പ്രവർത്തി ചെയ്താലും അത് നൂറുശതമാനം ഭംഗിയായി ചെയ്യണം. ഒരു കഥ കേട്ടോളൂ. ഒരിടത്തു അത്യധ്വാനിയായ രാമു എന്നൊരു കൃഷിക്കാരൻ ഉണ്ടായിരുന്നു. ഒരിക്കൽ വേണ്ടത്ര മഴ ലഭിക്കാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ കൃഷിയിടങ്ങൾ ഉണങ്ങി തുടങ്ങി. രാമുവിന് എങ്ങനെയെങ്കിലും തന്റെ പാടത്തെ വരൾച്ചയിൽ നിന്നും രക്ഷിക്കണമെന്നുണ്ടായിരുന്നു. അതിനായി ഒരു വഴിയും കാണാതെ വിഷമിച്ചപ്പോഴാണ് അൽപ്പം അകലെയായി നിറയെ വെള്ളമുള്ള ഒരു പുഴ കണ്ടത്. അദ്ദേഹം അവിടെ ചെന്നു. തന്റെ അധ്വാനം കൊണ്ട് ദിവസം മുഴുവനും പണിയെടുത്ത് ഒരു ചാൽ തന്റെ കൃഷിയിടത്തിലേക്ക് കീറി.

**(ശേഷം 16-ാം പേജിൽ)**

രാഗപരിചയം

# കദനകുതൂഹലം

ഡോ. ജയലക്ഷ്മി നന്ദകുമാർ

29-ാമത്തെ മേളകർത്താരാഗമായ ധീരശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് കദനകുതൂഹലം. കുതുഹലം എന്ന രാഗത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പട്ടണം സുബ്രഹ്മണ്യ അയ്യരാണ് കദനകുതുഹലം എന്ന രാഗം കണ്ടുപിടിച്ചത്.

ആരോഹണം : സ രി മ ധ നി ഗ പ സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുശ്രുതി ധൈവതം, കാകളി നിഷാദം.

കദനകുതൂഹലം ഒരു വക്രസമ്പൂർണ്ണ - സമ്പൂർണ്ണ രാഗമാണ് ആരോഹണത്തിൽ സ്വരങ്ങൾ വക്രമായും അവരോഹണത്തിൽ ക്രമമായും വരുന്നു. അന്യസ്വരങ്ങൾ, അതായത്, സ്വന്തം മേളകർത്താരാഗമായ ശങ്കരാഭരണത്തിൽ ഇല്ലാത്ത സ്വരങ്ങൾ വരാത്തതിനാൽ ഒരു ഉപാംഗ രാഗമാണ്. ഗമകം ഇല്ലാതെയാണ് കദനകുതൂഹലം ആലപിക്കുന്നത്. അതിനാൽ ഇത് ഒരു കമ്പവിഹീന രാഗവുമാണ്.

മദ്ധ്യമകാലത്തിൽ ആലപിക്കുമ്പോൾ ആണ് ഈ രാഗം കൂടുതൽ ഹൃദ്യം. വാദ്യോപകരണങ്ങളിൽ വായിക്കുമ്പോൾ കദനകുതൂഹലം വളരെ ആസ്വാദ്യകരമായി അനുഭവപ്പെടുന്നു. രിമധാ-മധനി, തുടങ്ങിയ ഗമകം ഇല്ലാത്ത പ്രയോഗങ്ങൾ ഒരു പാശ്ചാത്യ ഛായയും ഉളവാക്കുന്നു. കേൾക്കുന്ന മാത്രയിൽ ആസ്വാദകർക്ക് അളക്കാനാവാത്ത സന്തോഷം തരുന്ന രാഗം കൂടിയാണിത്. 'രഘുവംശ സുധാംബുധി' എന്നു തുടങ്ങുന്ന പട്ടണം സുബ്രഹ്മണ്യ അയ്യരുടെ കൃതി എല്ലാവർക്കും സുപരിചിതമാണ്. ഈ കൃതിയുടെ ചിട്ടസ്വരം തിരുവാരൂർ സുബ്രഹ്മണ്യ അയ്യരാണ് രചിച്ചത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1. | രഘുവംശ സുധാംബുധി | - | ആദി | - | പട്ടണം സുബ്രഹ്മണ്യ അയ്യർ |
| 2. | നീകേല ദയരാദു | - | ആദി | - | മൈസൂർ വാസുദേവാചാർ |
| 3. | ഗോപാല നന്ദന | - | ആദി | - | മുത്തയ്യാ ഭാഗവതർ |
| 4. | മോഹന കൃഷ്ണാ | - | ആദി | - | ജി.എൻ.ബാലസുബ്രഹ്മണ്യം |
| 5. | ഗിരിപ്രിയം ഗംഗാധരം | - | ആദി | - | മുത്തയ്യാ ഭാഗവതർ |
| 6. | നാധിരുധിരുധീം തനന (തില്ലാന) | - | ആദി | - | ബാലമുരളീകൃഷ്ണ |

## ചലച്ചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1. | മേടപൊന്നണിയും | - | ദേവാസുരം |
| 2. | അമ്പലപ്പുഴ കൃഷ്ണസ്വാമി | - | കർപ്പൂരജ്യോതി ഭക്തിഗാനം |
| 3. | ഹരിഹരസുതൻ | - | പുണ്യമല ” |
| 4. | എന്റെ ഹൃദയം നിന്റെ മുന്നിൽ | - | ഓണപ്പാട്ടുകൾ● |

**വിമൻസ് ഫോറം 2017 ഒക്ടോബർ മാസത്തെ പരിപാടി**

| തീയ്യതി | പരിപാടി | സമയം | അവതാരക |
|---|---|---|---|
| 25.10.2017 | Aging old Gracefully Adjustment | 4.00P.M | Dr.Vijaya lakshmi |

വാസ്തു

# തെക്കുപടിഞ്ഞാറ് മൂല (നൈരുതി) ഗുണവും, ദോഷവും

**ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)**

ചില വീടുകൾക്കും, സ്ഥലങ്ങൾക്കും തെക്കും, പടിഞ്ഞാറും റോഡുകൾ ഉണ്ടാകാം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വളരെ ശ്രദ്ധിച്ച് വാസ്തു നോക്കാതെ വീടു പണിഞ്ഞാൽ പല അപകടങ്ങളുമുണ്ടാകാം. ഇങ്ങനെയുള്ള പറമ്പിന് നൈരുതി എന്നാണ് പറയുക. വടക്കും, കിഴക്കും റോഡുള്ള സ്ഥലത്തിന് ഈശാനം എന്നു പറയുന്നു. നൈരുതിയും ഈശാനവും നേരെ എതിർവശമുള്ള സ്ഥലങ്ങളാണ്. ഈശാനം താഴ്ന്നിരിക്കുന്നത് നല്ലതാണ്. നൈരുതി എത്ര ഉയർന്നിരിക്കുന്നുവോ അത്രയും നല്ലതാണ്. ഈശാനം തുറന്നിരിക്കണം. നൈരുതി അടഞ്ഞിരിക്കണം. ഈശാനം ഭാരം കുറഞ്ഞും, നൈരുതി ഭാരം കൂടിയും വരണം. ചില നാട്ടിൽ നൈരുതി എന്നാൽ ഭാഗ്യം എന്നും പറയും. അതുകൊണ്ട് നൈരുതിയുടെ കാര്യത്തിൽ വളരെ ശ്രദ്ധിക്കണം. നൈരുതി എത്ര വേണമെങ്കിലും ഉയരാം. മൂല 90°ആയിരിക്കണം. മൂല ഒരിക്കലും വളഞ്ഞുപോകരുത്. വീട്ടിലോ, പറമ്പിലോ ഉപയോഗിക്കുന്ന വെള്ളം ഒരിക്കലും ഈ ഭാഗത്തേക്കു പോകരുത്. വീടു പണിതു താമസമായ ശേഷം ഈ ഭാഗത്ത് സ്ഥലം വളരെ വില കുറഞ്ഞു കിട്ടിയാലും വാങ്ങരുത്. സാധാരണ വീടിന്റെ പണി തുടങ്ങുന്നത് നൈരുതിയിൽ നിന്നായാൽ പണി വേഗം തീരുന്നതായി കണ്ടിട്ടുണ്ട്. ഉടമസ്ഥന്റെ കിടപ്പുമുറി നൈരുതിയിലാണ് ഏറ്റവും നല്ലത്. ഈ ഭാഗത്ത് ഉയരമുള്ള മരങ്ങളുണ്ടെങ്കിൽ നല്ലതാണ്. നൈരുതിയിൽ കിണറോ, കുളമോ, കുഴികളോ ഉണ്ടെങ്കിൽ കഴിയുന്നതും വേഗത്തിൽ മൂടുന്നതാണ് നല്ലത്●




**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

*(മിനിക്കഥ)*

# കാരണം

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

സ്വാഭാവികമല്ലാത്ത ഒരു മരണം സംഭവിച്ചിരിക്കുന്നു. എവിടെ എപ്പോൾ എങ്ങനെയെന്നും, ആരാണ് എന്തിനാണ് മരിച്ചതെന്നും, സ്വാഭാവികമായും ആരും ചോദിച്ചു പോകും.

കാര്യം ഒന്നാണെങ്കിലും കാരണങ്ങൾ പലതായി വ്യാഖ്യാനിക്കപ്പെടും. പക്ഷെ, ഒന്നും ശരിയാകണമെന്നില്ല. എല്ലാം തെറ്റാകണമെന്നുമില്ല.

ജീവിതത്തിന്റെ കാരണം അറിയാത്തതാണ് മരണത്തിന്റെ കാരണം എന്ന് ആരും പറയാത്തത് എന്തുകൊണ്ടാണോ എന്തോ!

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### മാണിക്യവാചകർ

ആദ്യകാല തമിഴ് സാഹിത്യത്തിൽ നിറഞ്ഞു നിൽക്കുന്ന ഒരു കവിയാണ് മാണിക്യവാചകർ(മാണിക്യവാസകർ). തമിഴ് ശൈവസിദ്ധാന്തത്തിന്റെ മൂലസ്രോതസ്സായ തിരുമുറൈ സാഹിത്യത്തിന് അദ്ദേഹം അമൂല്യവും ബൃഹത്തുമായ സംഭാവനകൾ നൽകി.

എ.ഡി. 862 നും 885 നുമിടക്ക് പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന വരഗുണവർമ്മൻ രണ്ടാമന്റെ (അരിമാർത്താണ്ഡ പാണ്ഡ്യൻ) മന്ത്രിയായിരുന്നു മാണിക്യവാചകർ എന്നു ചരിത്രം രേഖപ്പെടുത്തുന്നു. അദ്ദേഹം മധുരൈയിലാണ് ജീവിച്ചിരുന്നത്. ഈശ്വരസായൂജ്യത്തിന്റെ കാവ്യാവിഷ്കാരമായ 'തിരുവാസകം' അദ്ദേഹത്തിന്റെ മുഖ്യരചനയാണ്. തമിഴകത്തെ മഹാഋഷികളിൽ പ്രമുഖനായിരുന്നെങ്കിലും അറുപത്തിമൂന്നു നായന്മാരുടെ ഗണത്തിൽ ഇദ്ദേഹത്തെ പരിഗണിച്ചുകാണുന്നില്ല.

തമിഴകത്ത് മധുരൈജില്ലയിൽ വൈഗൈനദീതീരത്തായി വടവൂർ (തുരുവടവൂർ) എന്ന അതിമനോഹരമായ ഒരു ഗ്രാമമുണ്ടായിരുന്നു (ഇന്നും ഈ ഗ്രാമം ഇതേപേരിൽ അറിയപ്പെടുന്നു). ഇവിടെയുള്ള ഒരു ശൈവബ്രാഹ്മണകുടുംബത്തിലാണ് മാണിക്യവാചകർ ജനിച്ചത്. ഈ കുടുംബത്തിലെ പുരുഷന്മാർ ജടാമകുടം ധരിച്ചുപോന്നു. ജടാമകുടധാരിയായ മാണിക്യവാചകരുടെ ഒരു ചുമർചിത്രവും ചെറുവിഗ്രഹവും പുതുക്കോട്ടൈക്കടുത്ത് തിരുപ്പെരുന്തുറൈയിൽ ഇപ്പോഴും കാണാവുന്നതാണ്. അദ്ദേഹത്തിന്റെ സന്യാസജീവിതത്തെയും രചനകളെയും ആസ്പദമാക്കി 'തിരുവിളൈയാടൽ പുരാണം', 'വടവൂർ പുരാണം' എന്നീ രണ്ടു ഗ്രന്ഥങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

മാണിക്യവാചകരുടെ യഥാർത്ഥനാമം എന്തെന്ന് ഈ ഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നില്ല. ഗ്രന്ഥത്തിലുടനീളം വടവൂരാർ എന്നാണ് ഇദ്ദേഹത്തെ വിശേഷിപ്പിച്ചു കാണുന്നത്. ഗ്രന്ഥങ്ങളിൽനിന്ന് ഇദ്ദേഹത്തെക്കുറിച്ചു ഒട്ടേറെ വിവരങ്ങൾ ലഭിക്കുന്നുണ്ട്.

യൗവ്വനാരംഭത്തിൽത്തന്നെ അദ്ദേഹം വരഗുണവർമ്മന്റെ സൈന്യത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. സൈന്യത്തിൽ അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവെച്ചു. ശിവപെരുമാളായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടദേവൻ. രാജാവിനും ശിവഭക്തനായ സൈനികനിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു.ഒരിക്കൽ രാജാവ് വടവൂരാനെ അരികിൽ വിളിച്ച് വലിയ ഒരു തുക കയ്യിലേൽപിച്ചു. 'സേനക്കാവശ്യമായ കുതിരകളെ വാങ്ങുക,' രാജാവ് കൽപ്പിച്ചു. തുകയുമായി വടവൂരാൻ കുതിരകളെത്തേടി പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അദ്ദേഹം ഒരു ശിവയോഗിയെ കണ്ടുമുട്ടി. പ്രച്ഛന്നവേഷധാരിയായ ഭഗവാൻ തന്നെയാണ് മുന്നിൽ നിൽക്കുന്നതെന്ന പരമാർത്ഥം തിരിച്ചറിയാൻ വടവൂരാന് ബുദ്ധിമുട്ടുണ്ടായില്ല. ഈ സമാഗമത്തോടെ ഉദ്ബുദ്ധനായ വടവൂരാന് ഭൗതിക നേട്ടങ്ങളുടെ അർത്ഥശൂന്യതയെക്കുറിച്ചു ബോദ്ധ്യമായി. അദ്ദേഹം കുതിരകളെ വാങ്ങേണ്ടെന്നു വെച്ചു. ആ പണമുപയോഗിച്ച് തിരുപ്പെരുന്തുറൈയിൽ ഒരു ശിവാലയം പണി കഴിപ്പിക്കുകയും ചെയ്തു. വിവരമറിഞ്ഞ മഹാരാജാവ് ക്രുദ്ധനായി. ശിവപെരുമാൾ അദ്ദേഹത്തിനും ദർശനം നൽകി. അതോടെ മാനസാന്തരമുണ്ടായ വരഗുണവർമ്മൻ രാജ്യം ത്യജിക്കുകയും ശിവപാദത്തിൽ അഭയം പ്രാപിക്കുകയും ചെയ്തു. തിരുപ്പെരുന്തുറൈ ക്ഷേത്രം ചുരുങ്ങിയകാലം കൊണ്ട് പ്രശസ്തി നേടി. വടവൂരാരുടെ സുഭാഷിതങ്ങൾ ഭക്തജനങ്ങളെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ബൗദ്ധികമായ പ്രഭാഷണങ്ങൾ കേട്ട് ഉദ്ബുദ്ധരായ അവർ അദ്ദേഹത്തെ മാണിക്യവാചകർ എന്നു സംബോധന ചെയ്യാൻ തുടങ്ങി. ഏതാനും വർഷങ്ങൾ കഴിഞ്ഞു. അപ്പോൾ അദ്ദേഹത്തിന് ചിദംബരത്തു ചെന്ന് തില്ലൈനടരാജനെ വണങ്ങണമെന്ന് ആഗ്രഹമുദിച്ചു. തിരുപ്പെരുന്തുറൈയിൽ നിന്ന് അനുയായികൾക്കൊപ്പം അദ്ദേഹം തീർത്ഥയാത്ര പുറപ്പെട്ടു. വഴിനീളെയുള്ള ക്ഷേത്രങ്ങൾ സന്ദർശിച്ചുകൊണ്ടായിരുന്നു ഈ യാത്ര. തഞ്ചാവൂർ, വടക്കൻ ആർക്കാട്ട്, ചെങ്കൽപേട്ട്, തുടങ്ങിയ ഒട്ടനവധി ക്ഷേത്രങ്ങളിൽ ദർശനം കഴി

ക്കുകയും അവിടങ്ങളിലെ പ്രതിഷ്ഠാമൂർത്തികളുടെ സ്തുതിഗീതങ്ങൾ രചിച്ചുപാടുകയും ചെയ്തു. ക്ഷേത്രാടനത്തിനിടെ പുതിയ പുതിയ കീർത്തനങ്ങൾ രചിക്കുന്നതിലും ആലപിക്കുന്നതിലും അദ്ദേഹം ആനന്ദം കൊണ്ടു. ചിദംബരം ക്ഷേത്രത്തിലെ നടരാജമൂർത്തിയെ ദർശിച്ചതോടെ അദ്ദേഹത്തിന് ആത്മീയാനുഭൂതി ലഭിച്ചു. ഇനി ഒരിടത്തേക്കുമില്ലെന്നുറപ്പിച്ചുകൊണ്ട് മാണിക്യവാചകർ ചിദംബരത്തു സ്ഥിരമായി തങ്ങി. ഈ താമസത്തിനിടെ ശിവസ്തുതികളുടെ സംഗ്രഹമായ 'തിരുവാസകം' രചിച്ച് ഭഗവാന്റെ തൃപ്പാദത്തിൽ സമർപ്പിച്ചു. ഈ സംഗ്രഹം ഇന്നും ചിദംബരം ക്ഷേത്രത്തിൽ സംരക്ഷിക്കപ്പെട്ടുപോരുന്നു. ഈ കൃതിയിലെ ഒട്ടേറെ ഈരടികൾ ചിദംബരം ക്ഷേത്രത്തിന്റെ കൽച്ചുമരുകളിൽ ആലേഖനം ചെയ്തുകാണാം. ഒരിക്കൽ ക്ഷേത്രത്തിൽവെച്ച് മാണിക്യവാചകർ ബുദ്ധമതാനുയായികളെ വാദപ്രതിവാദത്തിൽ പരാജയപ്പെടുത്തി. അവരുടെ പൊള്ളത്തരം തുറന്നു കാട്ടുന്ന 'തിരുച്ചുഴൽ' ശ്ലോകങ്ങൾ ചിദംബരം ക്ഷേത്രത്തിന്റെ പ്രാകാരത്തിനുമേൽ ഉല്ലേഖനം ചെയ്തു കാണാം. ചിദംബരം ക്ഷേത്രവാസത്തിനിടെ മാണിക്യവാചകർ രചിച്ച മറ്റൊരു കൃതിയാണ് 'തിരുച്ചിതമ്പലക്കോവൈയാർ'. പാവൈനൊമ്പു സമ്പ്രദായത്തിൽ രചിക്കപ്പെട്ട 'തിരുവെമ്പാവൈ' പ്രത്യേക പരാമർശമർഹിക്കുന്നു. സ്വയം ഒരു സ്ത്രീയായി സങ്കൽപിച്ചുകൊണ്ടാണ് മാണിക്യവാചകർ ഇരുപതു സ്തുതിഗീതങ്ങളടങ്ങിയ ഈ സമാഹാരത്തിന്റെ രചന നിർവ്വഹിച്ചത്. (തിരുപെരുന്തുറൈയപ്പൻസ്തുതിയായ ' 'തിരുപ്പള്ളിഎഴുച്ചിയും' 'തിരുവെമ്പാവൈയും' ഇന്നും തമിഴ്നാട്ടിൽ മാർകഴി മാസത്തിൽ ആലപിക്കുന്ന പതിവുണ്ട്. ആടിമാസത്തിൽ തില്ലൈനടരാജന്റെ സോപാനത്തിങ്കൽ 'അച്ചോപതികം' പാടിപ്പൂർത്തിയാക്കിയ സംതൃപ്തിയോടെ മാണിക്യവാചകർ ശിവപാദം പൂകി.

## സൂഫി സന്യാസികൾ

ഇസ്ലാം തത്വചിന്തയിൽ നിന്നുയിർക്കൊണ്ട ഒരു സവിശേഷദർശനമാണ് സൂഫിസം അഥവാ സൂഫി മതം. അറേബിയായിൽ പ്രവാചകന്റെ കാലശേഷം അവിടുത്തെ വചനങ്ങളും അനുഷ്ഠാനങ്ങളും അവഗണിക്കപ്പെട്ടു. ഗുരു നിർദേശിച്ച മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച അനുയായികൾ കുത്തഴിഞ്ഞ ജീവിതം നയിക്കാൻ തുടങ്ങി. സ്ഥാനമോഹികളായ അവർക്കിടയിൽ തർക്കങ്ങളും ആശയക്കുഴപ്പങ്ങളും സഹജമായി. ഇത് സമൂഹത്തിൽ അസ്വസ്ഥതക്കു വഴിവെച്ചു. ധനം, സുഖ ഭോഗങ്ങൾ, അധികാരം, ലൗകികത എന്നിവയുടെ മാസ്മരികവലയത്തിൽപ്പെട്ടവർ ധർമ്മധ്വംസനത്തിൽ രസംകണ്ടു. അതോടെ ഇസ്ലാമിക തത്വങ്ങൾ അപ്രസക്തമായി.

ഈ കാലഘട്ടത്തിൽ ഇസ്ലാമിനെ ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ചില സാമൂഹ്യ പരിഷ്കർത്താക്കൾ രംഗപ്രവേശം ചെയ്തു. ഖിർഖ എന്നറിയപ്പെടുന്ന ഒഴുക്കൻ കമ്പിളിക്കുപ്പായവും സജ്ജദഹ് എന്നറിയപ്പെടുന്ന നീളൻ തൊപ്പിയും മെതിയടി, ജപമാല, ദണ്ഡ് എന്നിവയും മുദ്രകളാക്കിയ ഇവർ സ്വയം സൂഫികൾ എന്നു വിശേഷിപ്പിച്ചു. സത്യത്തിലും ധർമ്മത്തിലും അധിഷ്ഠിതമായ ലളിതജീവിതം നയിച്ചു. ഇസ്ലാമിൽ നിന്നു വിട്ടുപോകാതെ സ്വതന്ത്രമായ തത്വങ്ങളെ പ്രചരിപ്പിച്ചു. ഭാരതത്തിലെ ഭക്തിപ്രസ്ഥാനത്തെ സൂഫിസത്തോട് ഉപമിക്കാവുന്നതാണ്.

പതിമൂന്നാം നൂറ്റാണ്ടിൽ തുർക്കികളും അഫ്ഘാനികളും വടക്കു പടിഞ്ഞാറൻ ഇന്ത്യയെ ആക്രമിച്ചു. ദില്ലിയിൽ അവർ സുൽത്താൻ ഭരണത്തിന് അടിത്തറ പാകി. ഈ ഘട്ടത്തിലാണ് സൂഫിമതം ഇന്ത്യയിൽ പ്രചരിച്ചത്.

സൂഫിമതത്തിന്റെ രണ്ടു 'സിൽസിലാഹ്'കൾ (ധാരകൾ) സജീവമായി. എ.ഡി. 940 ൽ ഖാജാ അബു ഇസ്ഹാഖ്ഷമി ഹെറാത്തിനടുത്തുള്ള ചിഷ്തി ഗ്രാമത്തിൽ സ്ഥാപിച്ച ധാരയത്രേ ചിഷ്തി സിൽസിലാഹ്! ഖാജാമുയിനുദ്ദീൻ ചിഷ്തി അതിനെ ഭാരതത്തിന്റെ മണ്ണിലെത്തിച്ചു.അജ്മീറിൽ ചിഷ്തി സിൽസിലാഹിന്റെ പ്രഥമകേന്ദ്രം വേരിറക്കി. മുയിനുദ്ദീൻ ചിഷ്തിയുടെ പിൻഗാമികളായ ഷെയ്ക്ക് അലാവുദ്ദീൻ സബ്രി, ഷെയ്ക്ക് നിസാമുദ്ദീൻ ഔലിയ എന്നിവരിലൂടെ സൂഫിസത്തിന്റെ ചിഷ്തിധാര ഉത്തരേന്ത്യയൊട്ടാകെ പ്രചാരം നേടി.എ.ഡി. 1169–ൽ ജിബാൽ പട്ടണത്തിലെ സുഹ്രവർദിൽ ഷെയ്ക്ക് നജിബുദ്ദീൻ അബ്ദുൾ ഖഹിർ സ്ഥാപിച്ച സുഹ്രവർദി സിൽസിലാഹിനും പ്രചാരം ലഭിച്ചു. എ.ഡി. 1234 ൽ ഷെയ്ക്ക് ഷിഹാബുദ്ദീൻ സുഹ്രവർദിയാണ് ഇതിനുവേണ്ടി അഹോരാത്രം പരിശ്രമിച്ചത്. ഷെയ്ക്ക് അലി ഹജ്വിരി, ഷെയ്ക്ക് സൈഫുദ്ദീൻ ഗസ്മനി എന്നിവരും ആദ്യകാല സുഫി പ്രചാരകരിൽ പ്രമുഖരായിരുന്നു.ലൗകികസുഖങ്ങൾ ത്യജിക്കാനും ദൈവത്തിന്റെ സമക്ഷത്തിൽ ആത്മസമർപ്പണം നടത്താനുമാണ് സൂഫി സന്യാസിമാർ ജനങ്ങളോട് ആഹ്വാനം ചെയ്തത്. മാനവികതക്ക് അവർ വലിയ മുൻതൂക്കം നൽകി. അവരെ സംബന്ധിച്ചിടത്തോളം ദൈവം പുരുഷനും ഭക്തൻ പ്രകൃതിയുമായിരുന്നു. പ്രകൃതിയും പുരുഷനും

തമ്മിലുള്ള ലയനത്തെക്കുറിച്ച് അവർ ഗീതികൾ പാടി. സൂഫി സന്യാസിമാരായ ചില ഭക്തകവികൾ പ്രേമാഖ്യാനത്തിലധിഷ്ഠിതമായ രചനകളിലൂടെ പ്രകൃതി പുരുഷലയനത്തിലെ ആനന്ദാനുഭൂതിയെക്കുറിച്ചു പാടി. ദില്ലി, മാണിക്പൂർ, ഡൽമൗ, ആഗ്രാ, ജോൻപൂർ തുടങ്ങിയ സ്ഥലങ്ങളിൽ സൂഫി സാഹിത്യം തഴച്ചുവളർന്നു. സൂഫി സന്യാസിമാർ ഫാർസി ഭാഷയിലാണ് കൃതികൾ രചിച്ചത്. അവധി ഭാഷാ പദങ്ങളും ദോഹ, ചൗപായി തുടങ്ങിയ ഛന്ദസ്സുകളും അവരുടെ കൃതികളിൽ കാണാം. നാം ഇന്ന് ഏറെ ആസ്വദിക്കുന്ന ഗസലുകളുടെ ഉപജ്ഞാതാക്കാൾ പ്രേമഗായകരായ സൂഫി കവികളാണ്. ഉത്തരേന്ത്യയിലെ പലകവികളും സൂഫിസത്തിന്റെ സ്വാധീനത്തിൽ നിന്നൂർജ്ജമുൾക്കൊണ്ട് കവിതകൾ രചിച്ചു. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പതിനാലാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തോളം നീണ്ട ഇരുനൂറുവർഷക്കാലം ഭാരതത്തിൽ സൂഫി തരംഗങ്ങൾ അലയടിച്ചു. ചില സൂഫി സന്യാസിമാർ ഹൈന്ദവാചാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സംസ്കൃതം പഠിച്ചു.മുജദ്ദിദ് സിൽസിലാഹിലെ പ്രമുഖ 'പീർ (സന്യാസി)' ആയ മിർസാ മസ്ഹർ ജാൻ-ഇ-ജനാൻ വേദങ്ങളെ ഈശ്വരകൽപ്പനകളായി കണ്ട വ്യക്തിയാണ്. അവതാരപുരുഷന്മാരായ രാമന്റെയും കൃഷ്ണന്റെയും ദൈവികത്വം അംഗീകരിച്ചതിനാൽ അദ്ദേഹം ചില മതാനുശാസകരുടെ നീരസത്തിനു പാത്രമാകുകയും ചെയ്തു.

ഹിന്ദുമതത്തിൽപ്പെട്ട നാഥ്വിഭാഗത്തിന്റെ യോഗപാഠഗ്രന്ഥമായ അമൃത കുണ്ഡം പതിമൂന്നാം നൂറ്റാണ്ടിൽ പേഴ്സ്യൻ, അറബി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഈ ഗ്രന്ഥത്തെ ആധാരമാക്കിയാണ് സൂഫികൾ സ്വന്തം ആദ്ധ്യാത്മിക ശീലങ്ങൾ ആവിഷ്കരിച്ചത്. പിന്നീട് ഷെയ്ക്ക് സഹിദ് എന്ന സൂഫി കവി എ.ഡി. 1498/99 കാലഘട്ടത്തിൽ ഇതേ ഗ്രന്ഥത്തിന് 'ആദ്യഭരിചയ' എന്ന പേരിൽ ഒരു ബംഗാളി പരിഭാഷ രചിച്ചു.

ചിഷ്തിയ്യ സിൽസിലാഹിൽപ്പെട്ട നിസാമുദ്ദീൻ ആലിയ (എ.ഡി. 1325) ധ്യാനയോഗങ്ങളിലും മനുഷ്യശരീരത്തിന്റെ അർദ്ധനാരീശ്വരസിദ്ധാത്തിലും വിശ്വസിച്ചിരുന്ന പീർ ആയിരുന്നു.ചിഷ്തിയ്യ സിൽസിലാഹും സുഹ്രവർദി സിൽസിലാഹും പ്രാണായാമം, യോഗാസനങ്ങൾ തുടങ്ങിയ ഹൈന്ദവമുറകൾ സ്വാംശീകരിച്ചു. വൈഷ്ണവഗീതങ്ങളിലൂടെ അനുയായികളെ ആത്മീയാനു ഭൂതിതലത്തിലേക്കുയർത്താനും ഇക്കൂട്ടർ ശ്രദ്ധപുലർത്തി. പേഴ്സ്യൻ ഭാഷയിലുള്ള സങ്കീർത്തനങ്ങളെക്കാൾ ഭാരതീയ ഭാഷകളിലുള്ള കീർത്തനങ്ങളാണ് ജനഹൃദയങ്ങളെ സ്പർശിക്കുക എന്ന് സൂഫി ആചാര്യന്മാരായ ഗ്യാവ്ദരസും, മീർ അബ്ദുൾ വാഹിദും വിശ്വസിച്ചിരുന്നു.

**ഏതാനും സൂഫികവികളുടെ ലഘുജീവചരിത്രങ്ങൾ കുറിക്കാം**

## അമീർ ഖുസ്രു (അമീർ ഖുസ്രൗ)

സൂഫികവി, ഗായകൻ, സാമൂഹ്യപ്രവർത്തകൻ തുടങ്ങിയ നിലകളിൽ അനശ്വരനായിത്തീർന്ന അമീർ ഖുസ്രു എ.ഡി.1253-ൽ ദില്ലിക്കടുത്ത് പാടിയാലിയിൽ ജനിച്ചു. ട്രാസ്സോക് സാനിയ(ഉസ്ബെക്കിസ്ഥാനിലെ ഒരുൾനാടൻഗ്രാമം)യിൽ നിന്നു സിന്ധുനദി തരണംചെയ്ത് ഭാരതത്തിലെത്തിയ ഹസാരകൾ എന്ന നാടോടിവർഗത്തിൽ വേരുകളുള്ള അമീർ സൈഫുദ്ദീൻ മഹമൂദ് ആയിരുന്നു പിതാവ്. ദില്ലി സുൽത്താൻ ഇൽതുമിഷിന്റെ രാജധാനിയിൽ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. സുൽത്താൻ ഗിസായുദ്ദീൻ ബാൽബന്റെ യുദ്ധകാര്യമന്ത്രിയായ റാവത് അർസിന്റെ പുത്രി ബാബി ദൗലത്നാസ് എന്ന സ്ത്രീരത്നത്തെയാണ് അദ്ദേഹം വിവാഹം ചെയ്തത്. ഈ ദമ്പതികളുടെ നാലു സന്താനങ്ങളിൽ ഒരാളായിരുന്നു അമീർ ഖുസ്രു. അബുൾ ഹസൻ യാമിനുദ്ദീൻ ഖുസ്രൗ എന്നാണ് മാതാപിതാക്കൾ നൽകിയ പേര്. (ഇദ്ദേഹം ജനിച്ച പടിയാലിഗ്രാമം ഇന്നു ഹസ്രത് അമീർ ഖുസ്രു നഗർ എന്നറിയപ്പെടുന്നു.)ഒരിക്കൽ ശിശുവായ അമീറിനെയും കൊണ്ട് പിതാവ് ഒരു ദൈവജ്ഞനെ കാണാൻ ചെന്നു. ശിശുവിനെ മടിയിൽ കിടത്തിയശേഷം ദൈവജ്ഞൻ അല്പനേരം അവനെ ഇമചിമ്മാതെ നോക്കി ഇരുന്നു.' ഇതൊരു സാധാരണ ശിശുവല്ല. ദൈവം ധാരാളം സിദ്ധികൾ നൽകി ഇവനെ അനുഗ്രഹിച്ചിട്ടുണ്ട്. ഇവൻ വാനമ്പാടിയെ വെല്ലുന്ന ഗായകനായിത്തീരും,' ദൈവജ്ഞൻ പ്രവചിച്ചു. സന്തുഷ്ടനായ സൈഫുദ്ദീൻ ശിശുവിനെയും കൊണ്ടു മടങ്ങി.അനിതരസാധാരണമായ ബുദ്ധിശക്തിയുള്ള കുട്ടിയായിരുന്നു അമീർ. കവിതകൾ വായിക്കാനും ഈണത്തിൽ ചൊല്ലാനും അവൻ പ്രത്യേകമായ കഴിവു പ്രകടമാക്കി. അവന് എട്ട് വയസുള്ളപ്പോൾ പിതാവായ സൈഫുദ്ദീൻ അന്തരിച്ചു.തുടർന്ന് മാതാമഹന്റെ വാത്സല്യത്തണലിൽ വളർന്ന അമീർ കൊച്ചു കൊച്ചു കവിതകൾ രചിക്കാൻ തുടങ്ങി. മുതിരുംതോറും ആത്മീയതയോടു പ്രതിപത്തി ഏറിയേറി വന്നപ്പോൾ അമീർ സൂഫി സന്യാസിയായ ഹസ്രത് നിസാമുദ്ദീൻ ഔലിയായുടെ ശിഷ്യത്വം സ്വീകരിച്ചു. മയിസുദ്ദീൻ ഘരിഫിയും അമീറിന്റെ ഗുരുസ്ഥാനം വഹിച്ചു. പതിനാറുവയസ്സു തികഞ്ഞ

തിനിടെ ഖുർആനും മഹാഭാരതവും ബൈബിളുമ ടക്കം ഒട്ടേറേ വിശിഷ്ടഗ്രന്ഥങ്ങൾ വായിച്ചുതീർ ത്തു. തുടർന്ന് പേഴ്സ്യൻ ഭാഷയിലും ഹിന്ദിയിലും ധാരാളം കൃതികൾ രചിച്ചു. അമീറിന്റെ സാഹിത്യ രചനകളെക്കുറിച്ചു മതിപ്പുതോന്നിയ ബാൽബൻ, അദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു വരു ത്തുകയും ആസ്ഥാന കവിയായി അവരോധിക്കു കയും ചെയ്തു. അതോടെ അമീർ ഖുസ്രുവിന്റെ പേരും പ്രശസ്തിയും പതിന്മടങ്ങു വർദ്ധിച്ചു. ഗസൽ, ഖയാൽ, ഖവ്വാലി, റുബായ്, തരാനാ തുടങ്ങി സം ഗീതത്തിന്റെ വിവിധ ശാഖകൾക്ക് അദ്ദേഹം മികച്ച സംഭാവനകൾ നൽകി. ഖുസ്രുവിന്റെ 'ദമാദം മസ് ത് കലന്ദർ' എന്ന നിത്യഹരിതഗാനം തലമുറകളെ ഭക്തിയുടെ ഉദാത്തഭാവങ്ങൾ കാട്ടിക്കൊടുത്തിട്ടു ണ്ട്. ഇന്നത്തെ യുവതലമുറപോലും ഖുസ്രുവിന്റെ ഈ ഗാനത്തെ നെഞ്ചോടുചേർത്തു വെച്ചിരിക്കുന്നു എന്നു പറഞ്ഞാൽ അതിന്റെ ജനസമ്മതി ഊഹി ക്കാമല്ലോ. പിന്നീട് പഞ്ചാബിലെ ബുംല്ലഹ് ഷാ എന്ന സൂഫി കവി 'ദമാദം മസ്ത് കലന്ദർ' എന്ന ഖുസ്രു ഗാനത്തെ നാം ഇന്നു കേൾക്കും വിധം പരിഷ്കരിച്ചു. ഖുസ്രു തന്റെ രചനകളിൽ ഹിന്ദി പദങ്ങളും സംസ്കൃത പദങ്ങളും ഉപയോഗിച്ചു പോന്നു.ഭാരതീയ സംഗീതത്തിന് അമീർ ഖുസ്രു നൽകിയ ഏറ്റവും മികച്ച രണ്ടു സംഭാവനകൾ തബലയും സിതാറും തന്നെ! ഈ രണ്ടുപകരണ ങ്ങളും രൂപകൽപന ചെയ്തു നിർമ്മിച്ചതിലൂടെ സം ഗീതലോകത്ത് മനോഹരമായ ഒരു വഴിത്തിരിവു സൃഷ്ടിക്കാൻ അദ്ദേഹത്തിനായി. ഭാരതത്തിലെ സൂഫികൾ ഈശ്വരനെ സ്തുതിക്കാൻ ഖവ്വാലിക ളാണ് ആലപിച്ചിരുന്നത്. 'ഖവ്വാലിയുടെ പിതാവ്' എന്ന് സംഗീതലോകം ഖുസ്രുവിനെ വാഴ്ത്തുന്നു. ഗസലിന്റെ ഉപജ്ഞാതാവും ഖുസ്രുതന്നെ. കൂടാ തെ ഖയാൽ, തരാന എന്നിവയും ഖുസ്രുവിന്റെ സംഭാവനകളാണ്. ഇന്ത്യൻ ക്ലാസിക്കൽ സംഗീത ത്തെയും തുർക്കി സംഗീതത്തെയും സന്നിവേശിപ്പി ച്ചുകൊണ്ട് ഖുസ്രു ഒരു പുത്തൻ സംഗീതശൈലി ആവിഷ്കരിച്ചു. ആസ്ഥാനകവി, അതുല്യഗായകൻ, സംഗീതജ്ഞൻ തുടങ്ങിയ നിലകളിൽ അത്യുന്നത ശ്രേണിയെ അലങ്കരിച്ച ഖുസ്രുവിന്റെ ശിഷ്യരാകാൻ യുവാക്കൾ മോഹിച്ചു. തന്നെത്തേടിയെത്തിയ ഒരാ ളെപ്പോലും ഖുസ്രു നിരാശനാക്കിയില്ല. ജാതിമത ഭേദമെന്യേ അദ്ദേഹം അവരെ സ്വാഗതം ചെയ്തു. തനിക്കറിയാവുന്ന വിദ്യകളെല്ലാം അവരെ പഠിപ്പിച്ചു. ശിഷ്യഗണങ്ങൾ ഖുസ്രുവിനെ ദൈവതുല്യനായി കരുതി. അവർ തങ്ങളുടെ തെറ്റുകളേറ്റുപറഞ്ഞ് മന സിന്റെ ഭാരമിറക്കിയിരുന്നതുപോലും ഗുരുവിലാണ്.

സുൽത്താൻ ബാൽബനുശേഷം മുഹമ്മദ്-ബിൻ-തുഗ്ലക്കിന്റെ കാലം വരെ ദില്ലിസിംഹാസന ത്തിൽ മാറിമാറിയമർന്ന ഏഴുരാജാക്കന്മാരുടെ ഭരണ കാലത്തും ഖുസ്രു തന്നെയായിരുന്നു ആസ്ഥാന കവി. അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ മൂന്നു രാജകുമാരൻ മാരുണ്ടായിരുന്നു. 'ശരിയത്ത്' അനു ശാസനങ്ങളെ കൃത്യമായും ശീലിച്ചുപോന്നിരുന്ന ഖുസ്രു മറ്റു മതങ്ങളെ ആദരിക്കുന്നതിലും നിഷ് കർഷ പുലർത്തി. മതങ്ങൾ മനുഷ്യമനസ്സുകളെ സം സ്കരിക്കാനുള്ള മഹാപ്രസ്ഥാനങ്ങളാവണം എന്ന് അദ്ദേഹം തന്റെ കൃതികളിലൂടെ പ്രഖ്യാപിച്ചു. ഹിന്ദു -മുസ്ലീം മൈത്രിയെ ഉദാത്തവൽക്കരിക്കുന്ന ഒട്ടേറെ രചനകൾ അദ്ദേഹത്തിന്റെ തൂലികയിലൂടെ പിറന്നു. സമത്വത്തെക്കുറിച്ചും സർവ്വമതസാഹോദര്യത്തെക്കു റിച്ചും തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും അദ്ദേഹം പാടി. 'തത്ത സത്യം മാത്രമേ പറയൂ എന്നും താൻ സത്യം പറയുന്ന ഒരു ഇന്ത്യൻ തത്തയാണെന്നും' അദ്ദേഹം സ്വയം പ്രഖ്യാപിച്ചു. 1325 ൽ ഗുരുവായ ഔലിയ ഉത്തർപ്രദേശിലെ ലഖ്നൗവിയിൽ വെച്ചു സമാധിയായി. അന്ന് തുഗ്ലക്കിന്റെ ആസ്ഥാനകവി എന്ന നിലക്ക് ഖുസ്രു ദില്ലിയിലായിരുന്നു താമസം. ഗുരുവിന്റെ സമാധിയെക്കുറിച്ചു വിവരം ലഭിച്ച ഖു സ്രു തകർന്നുപോയി. അദ്ദേഹം ഉടൻതന്നെ ലഖ് നൗവിലേക്ക് കുതിച്ചു. ഗുരുവിന്റെ ഭൗതികശരീരം മറവുചെയ്ത കബറിൽ ഒരു ഭ്രാന്തനെപ്പോലെ വീണു കരഞ്ഞു. വസ്ത്രങ്ങൾ വലിച്ചു കീറി, മുടിയിഴകൾ വലിച്ചു പറിച്ചു. കണ്ടുനിന്നവർ പോലും കരഞ്ഞു പോയി.ഗുരുവിന്റെ സമാധിയുണ്ടായി ആറുമാസം തികയും മുമ്പ് ഭാരതീയ സംഗീതോദ്യാനത്തിലെ വാനമ്പാടിയായ അമീർ ഖുസ്രുവിന്റെ ആത്മാവ് ഈശ്വരന്റെ ഉദ്യാനത്തിലേക്കു പറന്നുപോയി●

## നായർ സ്ത്രീ സമാജത്തിലെ 2017 ഒക്ടോബർ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 17.10.2017 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 pm |

ക്ഷേത്രങ്ങളിലൂടെ

# മാടായിക്കാവ് ശ്രീ ഭദ്രകാളീ ക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 9947998674)**

പുരാതന പ്രസിദ്ധമായ ഒരു മഹാദേവക്ഷേത്രമാണ് മാടായിക്കാവ് ക്ഷേത്രം. മഹാദേവക്ഷേത്രമാണെങ്കിലും ഭദ്രകാളിദേവിക്കാണ് കൂടുതൽ പ്രാധാന്യം. കണ്ണൂർ ജില്ലയിലെ എരിപുരത്താണ് ഉത്തരകേരളത്തിലെ ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കണ്ണൂർ നിന്നും 22 കി.മീ ദൂരം സഞ്ചരിച്ചാൽ ഈ ക്ഷേത്രത്തിലെത്താം. മാടായി തിരുവർക്കാട്ടുകാവ് എന്നറിയപ്പെട്ടിരുന്ന ഈ ക്ഷേത്രം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നശിപ്പിക്കപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. ചിറയ്ക്കൽ കോവിലകത്തെ രാജാവിന്റെ കാലത്ത്, ക്ഷേത്രം പുതുക്കിപ്പണിത് കടുശർക്കര യോഗത്തിൽ നിർമ്മിച്ച വിഗ്രഹം ഇവിടെ പ്രതിഷ്ഠിച്ചു എന്നാണ് ഐതീഹ്യം. ഭദ്രകാളിദേവി ഇവിടെ കിഴക്കോട്ട് ദർശനമായി പരിലസിക്കുന്നു. കേരളത്തിലെ വടക്കുനിന്നും രണ്ടാമത്തെ ജില്ലയാണ് കണ്ണൂർ. കണ്ണൂർ എന്ന സ്ഥലനാമത്തെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. കാനാമ്പുഴ ഒഴുകിയിരുന്ന കാനത്തൂർ ഗ്രാമമാണ് കണ്ണൂരായത് എന്നു വിശ്വസിക്കുന്നു. കണ്ണന്റെ ഊര് കണ്ണൂരായി എന്നും അഭിപ്രായമുണ്ട്. തെയ്യങ്ങളുടെ നാടാണ് കണ്ണൂർ. തറികളുടെയും തിറകളുടേയും നാടെന്നും കണ്ണൂരിനെ അറിയപ്പെടുന്നുണ്ട്. കണ്ണൂർ ജില്ലയിൽ ധാരാളം ആളുകൾ മദ്ധ്യകേരളത്തിൽ നിന്നും കുടിയേറി പാർക്കുന്നുണ്ട്. ജില്ലയുടെ തെക്കുപടിഞ്ഞാറു ഭാഗങ്ങൾ പരമ്പരാഗത ഉത്തരകേരള സംസ്കാരം പുലർത്തുമ്പോൾ മദ്ധ്യകേരളത്തിൽ നിന്നും കുടിയേറിയവർ തിങ്ങിപ്പാർക്കുന്ന കിഴക്കൻ പ്രദേശങ്ങൾ മദ്ധ്യകേരള സംസ്കാരമാണ് ഇന്നും പുലർത്തുന്നത്. കുടിയേറ്റക്കാർ കണ്ണൂരിന്റെ കാർഷികാഭിവൃദ്ധിയിലും വിദ്യാഭ്യാസമുന്നേറ്റത്തിലും വളരെയധികം സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇവർ ഇന്നും തങ്ങളുടെ ആചാരങ്ങളിലും ഭാഷയിലും ജീവിതരീതിയിലും മദ്ധ്യതിരുവിതാംകൂർ സംസ്ക്കാരം നിലനിർത്തുന്നുണ്ട്. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രം തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രം മാടായിക്കാവ്, മാടായിപ്പാറ എന്നിവയൊക്കെ കണ്ണൂരിന്റെ പ്രത്യേകതകളിൽ ചിലതുമാത്രം. ചിറക്കൽ രാജവംശത്തിന്റെ പരദേവതാ ക്ഷേത്രമാണ് മാടായിക്കാവ് ഭദ്രകാളിക്ഷേത്രം. കണ്ണൂർ ജില്ലയിലെ ഏറ്റവും പ്രസിദ്ധമായ ഈ ഭദ്രകാളിക്ഷേത്രം സമുദ്രനിരപ്പിൽ നിന്നും വളരെ ഉയർന്നു നിൽക്കുന്ന ഒരു കുന്നിൻ മുകളിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കണ്ണൂരിലെ പ്രകൃതി മനോഹരമായ ഒരു പ്രത്യേകതയാണ് മാടായിപ്പാറ. മാടായിപ്പാറ എന്നു കേൾക്കുമ്പോൾ ഉയർന്ന പാറക്കെട്ടുകളായിരിക്കും എന്ന് മനസ്സിൽ തോന്നിയാൽ തെറ്റി.മാടായിപ്പാറ വിശാലമായ ഒരു മൈതാനം പോലെ പരന്നു കിടക്കുന്നതാണ്.പാടത്തു നെൽച്ചെടികൾ വളർന്നു നിൽക്കുന്നതുപോലെ ഈ പാറപ്പുറത്ത് ഒരു തരം പുൽച്ചെടികൾ വളർന്നു നിൽക്കുന്നു. ഇവയുടെ വിത്തുകൾ കൊത്തി തിന്നുവാൻ എത്തുന്ന പലതരം പക്ഷിക്കൂട്ടങ്ങളേയും കാണാം. അതിവിശാലമായ ഈ പാറയും ചുറ്റുമുള്ള ദൃശ്യങ്ങളും പ്രകൃതിയുടെ അതിമനോഹരമായ ദൃശ്യവിരുന്നാണ് നമുക്ക് സമ്മാനിക്കുന്നത്. ഈ പാറയിലുള്ള പാതയിലൂടെയാണ് മാടായിക്കാവ് ക്ഷേത്രത്തിലേയ്ക്കു പോകുന്നത്. അകലെ, സമുദ്രത്തിൽ നിന്നും നോക്കിയാൽ ഒരു മാട് കിടക്കുന്നതുപോലെയുള്ള രൂപ സാദൃശ്യം തോ



ന്നും. അതിനാലാണ് ഈ പ്രദേശത്തിനു മാടായി എന്ന് പേരു കിട്ടിയത് എന്നും അഭിപ്രായമുണ്ട്.

ഭാരതത്തിൽ ഭക്തി പ്രസ്ഥാനം ശക്തിപ്പെടുന്നതിന് വളരെ മുമ്പു തന്നെ ദക്ഷിണഭാരതത്തിൽ വല്ലഭ രാജാവിന്റെ നേതൃത്വത്തിൽ പ്രസ്ഥാനം വളർന്നു കഴിഞ്ഞിരുന്നു. വല്ലഭ രാജാവ് തൃച്ചംബരം വൈഷ്ണവക്ഷേത്രത്തിലും പെരുംചെല്ലൂർ എന്ന ഗ്രാമത്തിലെ ശിവക്ഷേത്രത്തിലും പോയി ആരാധന നടത്താറുണ്ടായിരുന്നു എന്ന് ചരിത്രരേഖകളിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസിദ്ധനായ വല്ലഭ രാജാവ് നിർമ്മിച്ച തുറമുഖമാണ് വളപട്ടണം. വളപട്ടണം വല്ലഭപട്ടണം എന്നും അറിയപ്പെട്ടിരുന്നു. ഈ തുറമുഖം നിർമ്മിച്ച് അദ്ദേഹം ആ പ്രദേശത്തെ കച്ചവട കേന്ദ്രമാക്കി മാറ്റി. വാണിജ്യാഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിലെ ഗോപുരത്തിൽ വാണിരുന്ന വരാഹിയെ ആവാഹിച്ച് കൊണ്ടുവന്ന് മാടായിയിൽ പ്രതിഷ്ഠിച്ചു. വരാഹിയെ പ്രതിഷ്ഠിച്ചതോടു കൂടി മാടായി ഒരു കച്ചവട കേന്ദ്രമായി ഉയർന്നു എന്നുമാണ് പഴയ ചരിത്രം. കോലസ്വരൂപത്തിന്റെ പരദേവതയായിരുന്ന വരാഹി അങ്ങനെ മാടായി ദേശത്തിന്റെ സംരക്ഷകയും ഐശ്വര്യവുമായി മാറി. വരാഹിയുടെ സാന്നിദ്ധ്യത്തിൽ സന്തുഷ്ടനായ വല്ലഭ രാജാവ് ആ പ്രദേശത്തിന് മരാഹി എന്ന് പേരു നൽകി. മരാഹി പിന്നീട് മാടായി ആയി പ്രസിദ്ധമായി. കച്ചവടവുമായി ബന്ധപ്പെട്ടു വന്ന അറബികളും ജൂതന്മാരും ചെട്ടികളും ജാതിമതഭേദമില്ലാതെ ദേവിയെ ആരാധിച്ചുപോന്നു. മാടായിക്കാവിലമ്മ നാടിന് ഐശ്വര്യം നല്കി കാത്തു രക്ഷിച്ചിരുന്ന കാലത്ത് ദേവീപ്രീതിക്കായി വലിയ ഇരട്ടി പൂജ നടത്തിയിരുന്നു. അക്കാലത്ത് ദേവീപ്രീതിക്കായി ജന്തുബലിയും കുരുമുളക് നിവേദ്യവും പതിവുണ്ടായിരുന്നു എന്നാണ് ചരിത്രം. കാലാന്തരത്തിൽ ജന്തുബലി പരിഷ്കരിക്കുകയും കുമ്പളങ്ങവെട്ടും കരിക്കു നിവേദ്യവും ആരംഭിക്കുകയും ചെയ്തു. കാലക്രമേണ ദേവിയെ ആരാധിച്ച് വഴിപാടുകൾ നടത്തിയാൽ വ്യാവസായിക പുരോഗതി ഉണ്ടാകും എന്ന വിശ്വാസം ആളുകൾക്കിടയിൽ വർദ്ധിച്ചു. ഇന്നും മാടായിലമ്മയെക്കുറിച്ച് ആളുകളുടെ വിശ്വാസത്തിന് ഒരു മങ്ങലും ഏറ്റിട്ടില്ല. മാടായിക്കാവ് പിന്നീട് മാടായി തിരുവർക്കാട്ടുകാവായി അറിയപ്പെട്ടു. മാടായി വ്യാവസായികമായി ഒരു മത്സ്യബന്ധന കേന്ദ്രമാണ്.

ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ പരമശിവനാണെങ്കിലും ദാരികവധഭാവത്തിൽ ഉഗ്രരൂപിണിയായി ഭദ്രകാളി വാണരുളുന്ന ക്ഷേത്രമായാണ് അറിയപ്പെടുന്നത്. മാടായിക്കാവ് ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിന് പ്രത്യേക ക്രമങ്ങളുമുണ്ട്. അപാരശക്തിയുള്ള ദേവി ദേവിയെ പ്രാർത്ഥിക്കുന്നവർക്ക് വേഗം ഫലപ്രാപ്തി ഉണ്ടാക്കും എന്നാണ് ഭക്തരുടെ വിശ്വാസം. ഏഴടിയോളം ഉയരത്തിൽ കാണുന്ന ഭദ്രകാളീ വിഗ്രഹം കടുശർക്കരയോഗത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. എട്ടുകരങ്ങളോടു കൂടി ഏഴടി ഉയരത്തിൽ, വലതുകാൽ നിലത്തുകുത്തി, ഇടതു കാൽകൊണ്ട് ദാരികനെ ചവിട്ടി, ശൂലം കൊണ്ട് കുത്തിപ്പിടിച്ച നിലയിലാണ് മാടായിക്കാവിലമ്മയുടെ പ്രതിഷ്ഠ. മാടായിക്കാവിലമ്മയുടെ ശ്രീകോവിലിനു മുന്നിൽ പ്രത്യേക ശ്രീകോവിലുകളിലായി, സാമാന്യം നല്ല ഉയരത്തിലുള്ള സപ്തമാതൃക്കളേയും, വീരഭദ്രനേയും, ഗണപതിയേയും കാണാം. ക്ഷേത്രത്തിലേയ്ക്ക് കടക്കുന്നവർ വടക്കു പടിഞ്ഞാറെ മൂലയിലുള്ള ഭാര്യാ പുത്രസമേതനായ ശാസ്താവിനെയാണ് ആദ്യം വണങ്ങേണ്ടത്. ശാസ്താവിനെ തൊഴുത ശേഷം പടിഞ്ഞാട്ട് ദർശനമായിട്ടുള്ള ക്ഷേത്രപാലനെ തൊഴുത്, മുഖമണ്ഡപത്തിലിരിക്കുന്ന അമ്മയുടെ വാളിനെ തൊഴുത്, സപ്തമാതൃകളേയും വീരഭദ്രനേയും തൊഴുതശേഷമാണ് ഏഴടി ഉയരത്തിലുള്ള വിഗ്രത്തിൽ കുടികൊള്ളുന്ന ഉഗ്രരൂപിണിയായ മാടായിക്കാവിലമ്മയെ ദർശിക്കേണ്ടത്. അമ്മയെ തൊഴുത ശേഷം പരമശിവനേയും കണ്ട് തൊഴുത് പ്രാർത്ഥിക്കാം. അമ്മയുടെ മൂലവിഗ്രഹ പ്രതിഷ്ഠയ്ക്കു മുമ്പിൽ 8 കൈകളോടു കൂടിയ ശീവേലിബിംബവും കാണാം. പിൻചുമരിൽ ഇരുയക്ഷികളും, ഇരുഭൈരവർകളും വേതാളവും ആകാശദേവകളും വസിക്കുന്നു. പണ്ട് ചുറ്റമ്പലത്തിനു പുറത്ത് ആട്, കോഴി എന്നിവയെ ബലികൊടുത്ത്, മദ്യവും നിവേദിച്ചിരുന്നു. പിടാരന്മാരാണ് ഇവിടുത്തെ പൂജാരിമാർ, ക്ഷേത്ര പ്രതിഷ്ഠ നടന്ന കാലത്ത് ശാക്തേയ പൂജ നടത്താൻ അന്നത്തെ ഭരണാധികാരികൾ വടക്കു നിന്നും കൊണ്ടു വന്ന് ഇവിടെ താമസിപ്പിച്ചവരാണ് പിടാരന്മാർ എന്നറിയപ്പെടുന്ന പൂജാരിമാർ. നമ്പൂതിരിമാരുടെ പൂജയും നടന്നുവരുന്നുണ്ട്. മാടായിക്കാവ് ആര്യവല്ക്കരിച്ചതോടെ നമ്പൂതിരിപൂജ ആരംഭിച്ചതാകാം എന്നും കരുതുന്നു. മീനമാസത്തിലെ പൂരവും ഇടവമാസത്തിലെ പെരുംകാളിയാട്ടവും മകരമാസത്തിലെ പാട്ടുത്സവവും അതിഗംഭീരമായി തന്നെ മാടായിക്കാവിൽ ആഘോഷിക്കുന്നുണ്ട്. ഉത്സവത്തിന് തിടമ്പുനൃത്തവും കളിയാട്ടത്തിന് ധാരാളം തെയ്യക്കോലങ്ങളും

ഉണ്ടാകാറുണ്ട്. നാടുവാഴി ചിറയ്ക്കൽ തമ്പുരാൻ കളിയാട്ടത്തിലെ പ്രമാണിക്ക് പട്ടും വളയും നൽകി പെരുമണ്ണാൻ പദവി നൽകി ബഹുമാനിച്ചിരുന്നു എന്നും ചരിത്രത്താളുകളിൽ കാണുന്നു. ഉത്സവത്തിന് തിടമ്പു നൃത്തമാണ്. ഇവിടെ ആനയെഴുന്നള്ളത്തില്ല. പെരുങ്കളിയാട്ടമാണ് ഏറ്റവും പ്രസിദ്ധമായ ആഘോഷം. പെരുങ്കളിയാട്ടത്തിന് ഏഴുകോലങ്ങളുണ്ടാകും. തിരുവർക്കാട്ടു ഭഗവതി എന്ന മാടായിക്കാവിലമ്മയുടെതാണ് പ്രധാനകോലം. തായിപ്പരദേവത, കളരിക്കൽ ഭഗവതി, സോമേശ്വരി, ചുഴലിഭഗവതി, പാടിക്കുറ്റിയമ്മ, വീരചാമുണ്ഡി എന്നീ ദേവതകളുടേതാണ് മറ്റ് കോലങ്ങൾ, മീനമാസത്തിലെ കാർത്തികനാൾ ആരംഭിക്കുന്ന പൂരോത്സവം അതിവിപുലമായി ആഘോഷിച്ച് എട്ടാംനാൾ അവസാനിക്കുന്നു. കാർത്തിക നാൾ മുതൽ എട്ടുദിവസവും പുലർച്ചെ നാലു മണിക്കു ദേവിയുടെ ബിംബം മൂത്ത പിടരാർ എന്ന സ്ഥാനപതി തലയിൽ വഹിച്ചുകൊണ്ട് വാദ്യഘോഷത്തോടും കൈപ്പന്തത്തിന്റെ അകമ്പടിയോടും കൂടി 'തെക്കിനാക്കിൽ' എന്ന സ്ഥലത്തുള്ള തറയിൽ എഴുന്നള്ളിച്ച് വെയ്ക്കുന്നു. തുടർന്ന് ഒരു പ്രത്യേക വിഭാഗക്കാരുടെ പൂരക്കളി ദേവിയുടെ മുന്നിൽ നടത്തുന്നു. ഈ സമയം ദേവിയെ തൊഴുത് അനുഗ്രഹം വാങ്ങുവാൻ ധാരാളം ഭക്തജനങ്ങളെത്താറുണ്ട്.

ഭദ്രകാളി ദേവിയുടെ ശ്രീകോവിലിനു മുന്നിലെ അഴിയിട്ടടച്ച മുറിയിൽ ദേവിയുടെ പ്രതിഷ്ഠയുണ്ട്. ഇവിടെ ഭഗവതിക്ക് സാത്വിക പൂജയാണ് നടത്തുന്നത്. ഈ പൂജ കഴിഞ്ഞാണ് പിടാരന്മാർ ശാക്തേയ പൂജ നടത്തുന്നത്. പിടാരന്മാരുടെ ഇവിടുത്തെ പൂജയ്ക്കും പ്രത്യേകതകളുണ്ട്. പന്തീരടി പൂജ ഉച്ചയ്ക്കാണ് നടത്തുന്നത്. ഉച്ച പൂജ വൈകിട്ടുമാണ്.

മറ്റ് ഭദ്രകാളിക്ഷേത്രങ്ങളിലും ശിവക്ഷേത്രങ്ങളിലും ഉള്ള വഴിപാടുകളും ഇവിടേയും നടത്തുന്നു. ശിവന് ധാരയും ദേവിക്ക് രക്തപുഷ്പാഞ്ജലിയും ഗുരുതിയും പ്രധാനമാണ്. കടുംപായസമാണ് ദേവിയുടെ പ്രധാന നിവേദ്യം. മറ്റുക്ഷേത്രങ്ങളിലെങ്ങും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേക വഴിപാട് ഇവിടെ നടത്തുന്നുണ്ട്. നാവിൽക്കൊടി വഴിപാട് മാടായിൽക്കാവിൽ മാത്രം നടത്തുന്ന ഒരു പ്രത്യേകതയാണ്. നാവുകൊണ്ട് പറ്റിപ്പോയ തെറ്റുകളെ ഏറ്റു പറഞ്ഞു വെള്ളികൊണ്ടുള്ള നാവിൻരൂപം മഞ്ഞളും കുങ്കുമവും വെച്ച് നാക്കിലയിൽ ദേവിയുടെ നടയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ് നാവിൽക്കൊടി വഴിപാട്. വലിയാരടി പൂജയാണ് ഇവിടുത്തെ മറ്റൊരു പ്രധാന വഴിപാട്. മാടായിക്കാവ് ക്ഷേത്രാങ്കണത്തിലെത്തിയാൽ ഇവിടുത്തെ അതിവിശാലമായ ക്ഷേത്രവളപ്പും ധാരാളം വൃക്ഷലതാദികൾ നിറഞ്ഞുനില്ക്കുന്ന കാവും ക്ഷേത്രകവാടത്തിനു മുന്നിലെ ഉയരത്തിൽ തറകെട്ടി സംരക്ഷിച്ചു നിർത്തിയിരിക്കുന്ന പടുകൂറ്റൻ ആലും ഇവിടുത്തെ നിശബ്ദതയും എല്ലാം ചേർന്ന് ഈ പരിസരമാകെ ഒരു രൗദ്രഭാവം നിറഞ്ഞു നില്ക്കുന്നതായി തോന്നും. ഉഗ്രരൂപിണിയായ ദേവിയേയും മഹാദേവനെയും തൊഴുത് ഈ പരിസരങ്ങളും കണ്ട് മടങ്ങുന്ന നമ്മുടെ മനസ്സിലും ഭയഭക്തിഭാവങ്ങൾ നിറഞ്ഞ് നിൽക്കുന്നുണ്ടാകും. മാടായിയുടെ ഐശ്വര്യമായ മാടായിക്കാവിലമ്മയുടേയും മഹാദേവന്റെയും അനുഗ്രഹങ്ങൾക്കായി ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട്...●

---

**(7-ാം പേജിൽ നിന്ന് തുടർച്ച)**

ഉച്ചയ്ക്ക് മകൾ വന്നു. അമ്മയുടെ നിർദ്ദേശമനുസരിച്ച് അച്ഛനെ ഉച്ചഭക്ഷണത്തിന് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാനായാണ് അവൾ വന്നത്. പക്ഷെ പണി തീരാതെ വരാനാവില്ലെന്നായിരുന്നു അച്ഛന്റെ മറുപടി. നിരന്തരമായ പരിശ്രമം കൊണ്ട് ക്രമേണ രാമുവിന്റെ പാടം വീണ്ടും സമൃദ്ധമായി.

അദ്ദേഹം വീട്ടിൽ വന്ന് തന്റെ പത്നി വിളമ്പി കൊടുത്ത അമൃതിനു സമാനമായ ഭക്ഷണം കഴിച്ചുകൊണ്ട് പറഞ്ഞു. 'ഹോ എന്തൊരു സ്വാദാണ് ഈയൂണിന്. അധ്വാനത്തിന്റെ രുചി ഇത്രക്കുണ്ടാവും എന്നറിഞ്ഞില്ല.' ഇതെല്ലാവർക്കും ഒരു പാഠമാണ് കേട്ടോ കൂട്ടുകാരേ.

വിസ്മയമാകവേ, വിശ്വമഹാകവേ
വിഖ്യാതികൊണ്ടു ജയക്കൊടിനാട്ടി നീ
ആഗമിക്കുന്നു ഹാ, നിൻ കാൽക്കലിപ്പോഴും
ലോകപ്രതിഭതൻ കൂപ്പുകൈമൊട്ടുകൾ
നിന്നുദയത്തിനു ശേഷം ശതാബ്ദങ്ങൾ
ഒന്നല്ലനേകം കഴിഞ്ഞുപോയെങ്കിലും
നിത്യസ്മൃതിയുടെ ചക്രവാളന്ത്യത്തിൽ
നിൽക്കുന്നു വാടാത്ത നക്ഷത്രമായി നീ
നിന്നെയോർത്തോർത്തുള്ളഭിമാനപൂർത്തിയിൽ
ഇന്നും തുടിക്കുന്നു ഭാരതത്തിൻ മനം

(ചങ്ങമ്പുഴയുടെ കാളിദാസൻ എന്ന കവിതയിൽ നിന്ന്) ●

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

രാമായണം എന്ന മഹാകാവ്യം രാമന്റെ കഥയോ സീതയുടെ കഥയോ എന്നു പലരും സംശയിക്കാറുണ്ട്. എന്തായാലും രാമചരിതത്തിൽ പ്രസക്തമായ വരികളിൽകൂടി അക്കാലത്തെ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക തത്ത്വങ്ങൾ അനാവരണം ചെയ്തിട്ടുണ്ട്. പ്രകൃതിയുടേയും സംസ്കൃതിയുടേയും ആകർഷണത്തിൽ സഞ്ചരിച്ചു ജനത്തിന്റെ മുഴുവൻ ആദരവും പിടിച്ചുപറ്റി ആദ്ധ്യാത്മിക ഔന്നത്യത്തിലേക്ക് കടന്നുകയറാൻ ഏണിപ്പടികളായി നിന്നുകൊടുത്ത ഒരു പറ്റം തരുണീമണികൾ രാമായണത്തിലുണ്ട്.

**കൗസല്യ**

ദശരഥമഹാരാജാവിന്റെ പുത്രകാമേഷ്ടി യാഗവും അതിൽനിന്നും ലഭിച്ച പായസം കഴിച്ച് മൂന്നു പത്നിമാർക്കും പുത്രന്മാർ ജനിക്കുന്നതു മുതൽക്കാണ് മഹാറാണി കൗസല്യയുടേയും സപത്നിമാരായ കൈകേയിയുടേയും സുമിത്രയുടേയും വിവരങ്ങൾ വാത്മീകി പ്രതിപാദിക്കുന്നത്. മഹാരാജാവ് ആദ്യം പായസം നൽകുന്നതും കൗസല്യക്കാണ്. ഭാഗ്യവതിയായ കൗസല്യാദേവിക്ക് നവമി തിഥിയും പുണർതം നാളും കൂടിയ ദിവസം സദ്ഗുണസമ്പന്നനായ, നാരായണന്റെ അവതാരമായ ശ്രീരാമൻ പുത്രനായി ജനിച്ചു. അദ്ധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ

ഭഗവാൻ പരമാത്മാമുകുന്ദൻ നാരായണൻ
എന്നു തുടങ്ങി
ഭുവനേശ്വരൻ വിഷ്ണു തന്നുടെ ചിഹ്നത്തോടു-
മവതാരം ചെയ്തപ്പോൾ കാണായി
കൗസല്യയും

എന്നു പറയുന്നു. ഒരു മാതാവിന് ഭഗവാന്റെ രൂപത്തേക്കാളും ആവശ്യം തന്റെ മടിയിൽ കയറിയിരുന്നു കൊഞ്ചുന്ന, ഓടിക്കളിക്കുന്ന, വാത്സല്യം പ്രകടിപ്പിക്കാൻ പറ്റുന്ന ഒരു കൊച്ചുകുട്ടിയേയാണ്. അതുകൊണ്ട്,

ലാളനശ്ലേഷാദ്യാനുരൂപമായിരിപ്പോരു
ബാലഭാവത്തെ മമ കാട്ടേണം ദയാനിധേ
പുത്രവാത്സല്യവ്യാജമായൊരു പരിചര-
ണത്താലേ കടക്കേണം ദുഃഖസംസാരാർണ്ണവം

കൊച്ചുകുട്ടിയായി കാണണമെന്നും കൂടി പറഞ്ഞു. ഇതുകേട്ട ഭഗവാൻ പൂർവ്വജന്മസുകൃതം കൊണ്ടാണ് തന്റെ യഥാർത്ഥരൂപം കാണിച്ചുകൊടുത്തതെന്നും മരണസമയത്തു വീണ്ടും എന്റെ സ്മരണയുണ്ടാകുമെന്നും പറഞ്ഞു.

ആ കൗസല്യാദേവി പുത്രനേക്കണ്ടു അദിതി വജ്രപാണിയായ ഇന്ദ്രനേക്കൊണ്ടെന്ന പോലെ ശോഭിച്ചുവെന്നു വാത്മീകി ഭാഷ്യം. വിവാഹശേഷം കൊട്ടാരത്തിൽ പുത്രവധുവിനോടൊപ്പം സന്തോഷമായി കൗസല്യ താമസിച്ചു.

സീതാപട്ടാഭിഷേകസമയത്തോ പിന്നീട് രാമനെ രാജാവാക്കുന്ന സമയത്തോ ഒന്നുംതന്നെ ദശരഥപത്നിമാരുടെ അഭിപ്രായങ്ങൾ വിവരിക്കുന്നില്ല. അന്നത്തെക്കാലത്ത് അഭിപ്രായങ്ങൾ നടത്തുന്നത് രാജാവും ഗുരുക്കന്മാരും മന്ത്രിപ്രമുഖരുമായിരുന്നു. കാര്യങ്ങൾ നടത്തുമ്പോൾ പ്രവർത്തി അഥവാ കർമ്മങ്ങൾ അനുഷ്ഠിക്കാനുള്ള അവകാശങ്ങൾ മാത്രമേ സ്ത്രീകൾക്കുണ്ടായിരുന്നുള്ളൂ എന്നു തോന്നുന്നു. വാത്മീകി, രാമന്റ പട്ടാഭിഷേകം തന്നെ സുഹൃത്തുക്കൾ കൗസല്യയെ അറിയിച്ചുവെന്നു പറയുന്നു.

ദശരഥൻ രാജ്യാഭിഷേകത്തിനു വേണ്ട കാര്യങ്ങൾ എല്ലാം രാമനോടു പറഞ്ഞു. രാമൻ പിന്നീട് അമ്മയുടെ അന്തപുരത്തിലേക്കു പോകുകയാണ്. അവിടെ പട്ടുവസ്ത്രം ധരിച്ച് പ്രർത്ഥന ചൊല്ലിക്കൊണ്ടിരിക്കുന്ന കൗസല്യയെ രാമൻ കണ്ടു. രാമൻ അനുഗ്രഹം ചോദിക്കുന്നു. കൗസല്യ സന്തോഷിച്ചു. നിന്റെ ഗുണങ്ങൾകൊണ്ടു രാജാവു സംതൃപ്തനായല്ലോയെന്നു പറഞ്ഞു കൗസല്യ സന്തോഷിച്ചു.

കൈകേയിയുടെ കഠിനമായ വാക്കുകൾമൂലം വേദനിച്ചപ്പോഴാണ് ദശരഥൻ കൗസല്യയെ ഓർമ്മിക്കുന്നത്. രാമനെ കാട്ടിലേക്കയച്ചാൽ കൗസല്യയോടു ഞാനെന്തു പറയും. സദ്ഗുണസമ്പന്നയായ കൗസല്യയോടു ഞാൻ തെറ്റാണ് പ്രവർത്തിക്കുന്നതെന്ന് അപ്പോൾ മാത്രമാണ് ദശരഥന് ബോധമുണ്ടാകുന്നത്.

രാമന്റെ അഭിഷേകത്തിനു വേണ്ടി വൃതങ്ങളനുഷ്ഠിച്ച് വിഷ്ണുപൂജയിലേർപ്പെട്ടിരിക്കുകയായിരുന്ന

കൗസല്യ മകനേക്കണ്ട് പെൺകുതിര കുഞ്ഞിനെ അടുത്തേക്കെന്നപോലെ ഓടിയടുത്തു എന്നാണ് വിവരിക്കുന്നത്. കൗസല്യയെ രാമൻ വിവരമെല്ലാം ധരിപ്പിച്ചു. കാട്ടിൽ 14 കൊല്ലം ഫലമൂലാദികൾ ഭക്ഷിച്ചു ജീവിക്കണമെന്ന രാമന്റെ വാക്കു കേട്ടു കാട്ടിൽ മഴു കൊണ്ടു വെട്ടിയിട്ട മരക്കൊമ്പുപോലെ കൗസല്യ നിലത്തുവീണുവെന്നാണ് വാത്മീകി പറയുന്നത്. ദുഃഖം താങ്ങാനാകാതെ കൗസല്യ പറഞ്ഞു, മകൻ പിറന്നില്ലായിരുന്നെങ്കിൽ അനപത്യദുഃഖം അനുഭവിച്ചാൽ മതിയായിരുന്നുവെന്നും എല്ലാവരിൽനിന്നും മൂത്തവളായ തനിക്ക് സപത്നിമാരിൽനിന്നും കുത്തുവാക്കുകൾ കേട്ടു ജീവിക്കാനാണു വിധിയെന്നും പറയുന്നു. ഇവിടെ കൗസല്യ ഇതുവരെ താനനുഭവിച്ച ദുഃഖങ്ങൾ എണ്ണിയെണ്ണി പറയുകയാണ്. സദാ കോപിക്കുന്നവളായ കൈകേയിയുടെ കോപം കൂടുമെന്നും ഇനിയെങ്കിലും അതിൽ നിന്നൊക്കെ മുക്തയാകുമെന്നുള്ള പ്രതീക്ഷയും മങ്ങി. തനിക്കു മരണവുംകൂടി വരുന്നില്ലേയെന്നും മറ്റും പറഞ്ഞു കരയുന്ന കൗസല്യയേയാണിവിടെ കാണുന്നത്. മകന്റെ വേർപാടിൽ മനംനൊന്തു കരയുന്ന അമ്മ. വാർദ്ധക്യകാലത്തു മകൻ രക്ഷകനാകും എന്നുള്ള വിശ്വാസം നഷ്ടപ്പെട്ട അമ്മയുടെ വാക്കുകളാണിവിടെ കാണാൻ കഴിയുന്നത്. ലക്ഷ്മണന്റെ വാക്കുകൾ കേട്ടപ്പോൾ ഇതിനെല്ലാം ഉത്തരവാദി കൈകേയിയാണെന്നു കൗസല്യക്കു മനസിലായി. അവർ പറഞ്ഞു, എന്നെ വിട്ടു നീ കാട്ടിലേക്കു പോകുകയാണെങ്കിൽ ഞാൻ പട്ടിണി കിടന്നു മരിക്കും. ഇതുകേട്ട രാമൻ പിതൃവാക്യം അനുസരിക്കേണ്ട ധർമ്മത്തേക്കുറിച്ചു പറഞ്ഞു. പിതാവിന്റെ വാക്കുകളെ പാലിക്കുകയെന്ന തത്ത്വത്തിലുറച്ചു നിൽക്കുന്ന രാമനോട് കൗസല്യ പറഞ്ഞു, കന്നുകുട്ടി പോകുന്നതിന്റെ പിന്നാലെയല്ലേ തള്ളപശു പോകുക. അതുപോലെ ഞാൻ നിന്നെ അനുഗമിക്കും. രാമൻ അടവുമാറ്റി. ഭർത്തൃശുശ്രൂഷയുടെ പ്രാധാന്യം കൗസല്യക്കു പറഞ്ഞുകൊടുത്തു. അങ്ങനെ തന്റെ പ്രവർത്തിമൂലം രാജാവിനു മരണമുണ്ടാകരുതെന്ന് കൗസല്യ ധരിച്ചു. എന്നാലും കൗസല്യ തൃപ്തയായില്ല. ഭർത്തൃശുശ്രൂഷതന്നെയാണ് പരമസ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗമെന്നും മറ്റും പറഞ്ഞ് കൗസല്യയിൽ നിന്നും സമ്മതം വാങ്ങുകയാണ് രാമൻ ചെയ്തത്. അവസാനം കൗസല്യ എല്ലാം ദൈവഹിതമായി കരുതി മനോധൈര്യം വീണ്ടെടുക്കുന്നു. ഇരുപത്തഞ്ചാം സർഗ്ഗത്തിൽ ഒന്നു മുതൽ 25 വരെയുള്ള ഭാഗങ്ങളിൽ മകനെ ഉപദേശം കൊണ്ട് അനുഗ്രഹിക്കുന്ന കൗസല്യയെന്ന മാതാവിനേയാണ് നാം കാണുന്നത്. പിന്നീട് അഗ്നി ജ്വലിപ്പിച്ച് മകനുവേണ്ടി പ്രാർത്ഥിക്കുന്ന കൗസല്യ എന്ന അമ്മ ഉള്ളിലെ വിഷമം പുറത്തു കാണിക്കാതെ പ്രാർത്ഥിച്ചതു നൽകുന്നതും മംഗളകരവുമായി വിഗല്യകരത്തിയെന്ന ഔഷധിയെ രക്ഷക്കായി കെട്ടിച്ചു. അച്ഛന്റെ സത്യത്തെ നിറവേറ്റി തിരികെ സിംഹാസനത്തിൽ ഇരിക്കുന്ന മകനെ കൗസല്യ ദർശിച്ചു. രണ്ടുപേരും സങ്കടത്തോടുകൂടി വിടപറഞ്ഞു.

പിന്നീട് വനവാസത്തിനു രാമനോടൊപ്പം പോകാൻ തുനിഞ്ഞ ലക്ഷ്മണനോടു രാമൻ ചോദിക്കുന്നു, എന്റെ കൂടെ ഭവാനും പോന്നാൽ ആരാണ് കൗസല്യാമാതാവിനേയും സുമിത്രാമാതാവിനേയും സംരക്ഷിക്കുന്നതെന്ന്. പക്ഷെ ഭരതനിൽ ലക്ഷ്മണനു വിശ്വാസമുണ്ടായിരുന്നു. ഭരതൻ എല്ലാവരേയും വിധിയാംവണ്ണം സംരക്ഷിക്കുമെന്നു പറഞ്ഞു. കൗസല്യയേക്കുറിച്ചു ലക്ഷ്മണന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ആ മനസ്വിനി സ്വയം രക്ഷിക്കാനും എന്റെ മാതാവിനേയും കൂടി രക്ഷിക്കാനും കഴിവുള്ളവരാണ്. ഇത്രക്കും കഴിവുള്ള ഒരു തരുണീരത്നമാണ് കൗസല്യ.

രാമൻ വനത്തിലേക്കു പോകാൻ യാത്ര പറയാൻ ദശരഥന്റെ സമീപത്തെത്തി. ദശരഥന്റെ ആജ്ഞപ്രകാരം കൗസല്യയുടെ നേതൃത്ത്വത്തിൽ പത്നിമാരെല്ലാം എത്തി. രാമൻ പോകാനൊരുങ്ങിയപ്പോൾ എല്ലാവരും പൊട്ടിക്കരഞ്ഞു. മരവുരിയുമായി നിൽക്കുന്ന രാമനേയും ലക്ഷ്മണനേയും സീതയേയും ദർശിച്ച കൗസല്യ സീതയോടു ഭർത്തൃശുശ്രൂഷയെക്കുറിച്ചു ബോധവതിയാക്കുന്നു. ധർമ്മാർത്ഥയുക്തമായ കൗസല്യാവചനത്തിൽ സീത സമ്മതമരുളി. ലക്ഷ്മണനേയും സീതയേയും ധർമ്മമാർഗ്ഗത്തിൽ കൂടി ശ്രീരാമനെ പിന്തുടരാൻ കൗസല്യ പറയുന്നു.

ദുഃഖിതനായ രാജാവ് അവസാനസമയമാണ് കൗസല്യാഗൃഹത്തിലേക്കു പോകണമെന്നു പറയുന്നത്. മറ്റൊരിടത്തും ആശ്വാസം കിട്ടില്ലെന്നും ദശരഥൻ പറയുന്നു. രാമൻ പോയതിനുശേഷം കൗസല്യയുടെ ദുഃഖം ഇരട്ടിക്കുകയാണ് ചെയ്യുന്നത്. ഉൽകൃഷ്ടഗുണങ്ങളുള്ള മകനെ പിരിഞ്ഞ് ജീവിക്കുവാൻ തനിക്ക് സാധിക്കുകയില്ല എന്നു പറഞ്ഞു കരയുന്നു. കൗസല്യയെ സുമിത്ര സമാധാനിപ്പിക്കുന്നുമുണ്ട്. സുമിത്രയുടെ വാക്കുകൾ കേട്ട് രാമമാതാവും വെള്ളം കുറഞ്ഞ ശരത്കാല മേഘംപോലെ ശോകം കുറഞ്ഞവളായി എന്നു വാത്മീകി വർണ്ണിക്കുന്നു.

രാമൻ വനത്തിലേക്കു പോയപ്പോൾ അനുഗമിച്ചിരുന്ന മന്ത്രിവര്യന്മാരും മറ്റും രാമനില്ലാതെ തിരികെ വന്നപ്പോൾ ദശരഥന്റെ ദുഃഖം ഇരട്ടിച്ചു. അദ്ദേഹം മൂർഛിച്ചു വീഴുന്നതു കണ്ട് കൗസല്യ ഭയചകിതയായി. ബാധ കയറിയതുപോലെ, നരോഭൂതോപന്യ

ഷേടവ പറഞ്ഞു. തന്നെക്കൂടി ദണ്ഡകാരണ്യത്തിലേക്കു കൊണ്ടു പോകുക. അവരെ അനുഗമിക്കാൻ പറ്റിയില്ലെങ്കിൽ ഞാൻ യമപുരിയിലെത്തും. സുതന്റെ യുക്തിയുക്തമായ മറുപടി കൗസല്യവിലാപം തീർത്തില്ല. ദശരഥനു ക്ഷത്രിയർ അനുഷ്ഠിക്കുന്ന ധർമ്മത്തിൽ നിഷ്ഠയില്ലെന്നും ദശരഥൻ തനിക്കാശ്രയമല്ലയെന്നും നാടു നശിച്ചുവെന്നും ഞാനും എന്റെ മകനും നശിച്ചുവെന്നും ഉള്ള കഠിനവാക്കുകൾ ഉപയോഗിച്ചു. സ്വന്തം പ്രവർത്തിയിൽ ദുഃഖിതനായ ദശരഥൻ കൂടുതൽ കൂടുതൽ ദുഃഖത്തിലായി. കൗസല്യ ദുഃഖിതയാണെങ്കിലും പരുഷവാക്കുകൾ പറയരുതെന്നു ദശരഥൻ പറയുന്നു. രാജാവിന്റെ ദീനസ്വരത്തിലുള്ള വാക്കുകൾ കേൾക്കുന്ന കൗസല്യ, ഭർത്താവ് തന്നോടു യാചിക്കുന്ന സ്ഥിതിയുണ്ടാക്കുന്ന സ്ത്രീക്ക് ഇഹവും പരവും ഇല്ലായെന്നു പറയുന്നു. കൗസല്യ പറയുന്നു, കോപം ധൈര്യത്തെ നശിപ്പിക്കുന്നു. സർവ്വത്തെയും നശിപ്പിക്കുന്നു. എന്നിങ്ങനെ പറഞ്ഞു ദശരഥനെ സാന്ത്വനിപ്പിക്കുന്ന കൗസല്യയേയാണ് നാം കാണുന്നത്. ദശരഥൻ പുത്രദുഃഖം മൂലം മരിക്കുമെന്നുള്ള ശാപം കൗസല്യയോടു പറയുന്നു. കൗസല്യയോടുള്ള സ്നേഹം മനസിലാക്കി കൗസല്യേ എനിക്കു കാഴ്ച പോയി എന്നു പറഞ്ഞ് ജീവത്യാഗത്തെ പ്രാപിക്കുകയാണ് ചെയ്യുന്നത്. പുത്രദുഃഖത്തിലാണ്ടു കിടന്ന കൗസല്യയും സുമിത്രയും രാജാവിന്റെ അന്ത്യം മനസിലാക്കിയില്ല. ദാസികളുടെ കരച്ചിൽ കേട്ടുണർന്ന കൗസല്യയും സുമിത്രയും വിലപിച്ചു. ആ കോസലേന്ദ്രപുത്രി വാനിൽനിന്നു പതിച്ച താരയെന്ന പോലെ,

സാ കോസലേന്ദ്ര ദുഹിതി ചേഷ്ടമാനാ മഹീതലേ

ന ഭ്രാജതേ രജോധ്വാസ്നാ താരേവ ഗഗനച്യുതേ

എന്നാണ് വാത്മീകി വിവരിക്കുന്നത്. ഏതു സ്ത്രീയേയും പോലെ കാരണക്കാരായവരെ പഴിച്ചുകരയുന്ന കൗസല്യ ഇപ്പോൾതന്നെ ജീവിതാന്ത്യമണഞ്ഞു കഴിയുന്ന ഞാൻ ഈ ശരീരത്തെ ആലിംഗനം ചെയ്തുകൊണ്ട് ജീവൻ ത്യജിക്കും.

തദം ശരീരമാലിങ്ഗ്യ

പ്രവേക്ഷ്യാമിഹുതാശനം.

ഭരതൻ അയോദ്ധ്യയിൽ തിരികെയെത്തി. വിവരങ്ങൾ അറിഞ്ഞു ദുഃഖാർത്തനായി അമ്മയോടു കഠിനവാക്കുകൾ പറഞ്ഞു. ധർമ്മനിരതയായ കൗസല്യയെ വിരഹപീഡിതയാക്കിയിട്ട് ഏതു ലോകത്തെയാണ് പ്രാപിക്കുന്നതെന്നു ഭരതൻ കൈകേയിയോടു ചോദിക്കുന്നു. ഭരതന്റെ ഉറക്കെയുള്ള സംസാരം കേട്ട് ഭരതനെ കാണാനായി കൗസല്യ ചെല്ലുന്നു. ഭരതൻ കൗസല്യയെ കെട്ടിപ്പുണർന്നു. കൗസല്യ ഭരതനോടും കഠിനവാക്കുകൾ പറയുന്നു. ഭരതൻ വിലപിച്ചു കാൽക്കൽ വീഴുന്നു. അവസാനം കൗസല്യ ഭരതനെ അടുത്തിരുത്തി കരഞ്ഞു. ഭരതന്റെ ഇംഗിതം അറിഞ്ഞ കൗസല്യ ഭരതനോടു ക്ഷമിച്ചു.

രാമനെ തിരികെ കൊണ്ടുവരാൻ പോകുന്ന ഭരതന്റെ സംഘത്തിൽ കൈകേയിയും സുമിത്രയും കൗസല്യയും പുറപ്പെട്ടു. രാമലക്ഷ്മണന്മാരുടെ താമസസ്ഥലം കണ്ട് കൗസല്യ സന്തോഷിച്ചു. ഓരോന്നും പറഞ്ഞുകൊണ്ടു നടന്ന കൗസല്യ അവിടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദേവനേപ്പോലെ രാമനെ കണ്ടുവെന്നാണ് വർണ്ണിക്കുന്നത്. സീതയെക്കണ്ടു കൗസല്യ ദുഃഖിച്ചു.

രാമരാവണയുദ്ധം കഴിഞ്ഞ്. രാമന്റെ വരവറിഞ്ഞ് കൗസല്യയും മറ്റും നന്ദിഗ്രാമിലെത്തി. രാമൻ, വിവർണ്ണയും ദുഃഖംകൊണ്ടു ശോഷിച്ച ശരീരത്തോടു കൂടിയതുമായ അമ്മയുടെ അടുത്തുചെന്നു നമസ്കരിച്ചു. അങ്ങനെ അമ്മയുടെ മനസിനെ ഹർഷപൂരിതമാക്കി.

രാമാമാതരമാസാദ്യവിവർണാം

ശോകകർശിതം

എന്നാണ് വാത്മീകി പറയുന്നത്. അദ്ധ്യാത്മ രാമായണത്തിൽ എഴുത്തച്ഛൻ പറയുന്നത്

ശോകാതുരയായ കൗസല്യതൻ പദം

രാഘവൻ ഭക്ത്യാ നമസ്കരിച്ചീടിനാൻ

കാലേകനിഞ്ഞു പുണർന്നാളുടൻ മുല

പ്പാലും ചുരത്തിതു മാതാവിതന്നേരം

എന്നാണ്.

ഗർഭിണിയായ സീതയെ രാമൻ ഉപേക്ഷിച്ചതിനുശേഷം രാജകൊട്ടാരത്തിലെങ്ങും ദുഃഖമയമായിരുന്നു. പിന്നീടു ലവകുശന്മാർ തിരികെയെത്തി സീത ഭൂമീദേവിയോടൊപ്പം മറഞ്ഞു.

രാമനു ഭുമി അർത്ഥശൂന്യമായി തോന്നി. കാഞ്ചനസീതയെ ഇരുത്തി യജ്ഞങ്ങൾ നടത്തി. എല്ലാ ദേശങ്ങളും ഐശ്വര്യപൂർണ്ണമായി. ആദ്യം കൗസല്യമാതാവ് കാലഗതി പ്രാപിച്ചു.

അഥ ദീർഘസ്യ കൗസല്യ രാമമാതാ യശസ്വനി

പുത്ര പൗത്രൈ പരിവൃതാകാലധർമ്മമുപാഗമത്

എന്നു വാത്മീകി വിവരിക്കുന്നു.

കൗസല്യാദേവിയുടേയും ദശരഥമഹാരാജാവിന്റേയും ചെറുപ്പംമുതൽക്കുള്ള കാര്യങ്ങൾ ആനന്ദരാമായണത്തിലും വസിഷ്ഠരാമായണത്തിലും വിവരണങ്ങൾ നൽകുന്നുണ്ട്.

സൂര്യവംശത്തിലെ 38-ാംമത്തെ രാജാവായിരുന്നു അജൻ. അദ്ദേഹത്തിന്റെ ഭാര്യ ഇന്ദുമതി ശാപം മൂലം ഭൂമിയിൽ പതിച്ച ഒരപ്സരസ്സായിരുന്നു. അജമഹാരാജാവ് ലൗകികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധാലുവായിരുന്നു. ഒരു ദിവസം ഇന്ദുമതിയുമായി രാജാവ് സംസാരിച്ചുകൊണ്ടു നിന്നപ്പോൾ നാരദൻ വീണയുമായി സഞ്ചരിക്കുകയായിരുന്നുവെന്നും നാരദരുടെ വീണയിൽ നിന്നും പൂമാല ഇന്ദുമതിയുടെ ശരീരത്തിൽ പതിച്ചുവെന്നും ശാപമോക്ഷം ലഭിച്ച ഇന്ദുമതി രാജാവിനെ ഉപേക്ഷിച്ചു പോയിയെന്നും ദുഃഖിതനായ രാജാവ് ആത്മഹത്യചെയ്തുവെന്നുമാണ് കഥ. പുത്രനായ 8 മാസം പ്രായമുള്ള ദശരഥനെ വസിഷ്ഠമഹർഷിയും മന്ത്രിയായ സുമന്ത്രരും കൂടി വളർത്തി. വസിഷ്ഠന്റെ അനുവാദത്തോടെ സുമന്ത്രർ രാജഭരണം നടത്തി. മരുധന്വ എന്ന ഗുരുവിന്റെ ശിക്ഷണത്തിൽ നന്ദിനിയുടെ പാൽ കുടിച്ചു വളർന്ന ദശരഥൻ യുദ്ധത്തിലും രാജ്യതന്ത്രജ്ഞതയിലും നൈപുണ്യം നേടി.

സീതാസ്വയംവര സദസിൽ വസിഷ്ഠമഹർഷി ഇക്ഷ്വാകു വംശവർണ്ണന നടത്തുന്നുണ്ട്.

ലങ്കാധിപതിയായ രാവണൻ ദശരഥന്റെ സമകാലീനനായിരുന്നു. ശിവഭക്തനായിരുന്ന രാവണൻ കൈലാസത്തിൽനിന്നും തിരികെ പോകുന്ന വഴി ബ്രഹ്മാവിനെ കണ്ടു. തന്റെ മരണം എങ്ങനെയാണെന്നു ചോദിച്ചു. അതിനുത്തരമായി ദശരഥന്റെയും കൗസല്യയുടെയും മകനായി നാരായണൻ ജനിക്കുമെന്നും ആ രാമനാണ് നിന്നെ വധിക്കുകയെന്നും പറഞ്ഞു. ഇതു കേട്ട രാവണൻ കോസലരാജാവിന്റെ പുത്രിയായ കൗസല്യയെ വധിക്കുവാൻ ഒരുങ്ങി. രാവണന്റെ പത്നി മണ്ഡോദരി സ്ത്രീഹത്യ പാപമാണെന്നും പകരം ദശരഥ കൗസല്യ വിവാഹം തടയുകയാണ് നല്ലതെന്നും ഉപദേശിച്ചു●

# 6-ാം ചരമവാർഷികം

**04. 10 .2017**



**പാരിജാതം ജി.മേനോൻ**
**മേലങ്ങത്ത്**
**രവിപുരം, കൊച്ചി-16**

# വിശേഷ ദിവസങ്ങൾ

## 2017 ഒക്ടോബർ 16 മുതൽ നവംബർ 15 വരെ

| | | |
|---|---|---|
| ഒക്ടോബർ | 18 | ദീപാവലി |
| | 19 | തുലാവാവ് |
| | 25 | തൃപ്പൂണിത്തുറ അമ്പലം കത്തിയ ഉത്സവം |
| | 26 | സക്ന്ദഷഷ്ഠി |
| | 30 | ഉപനിഷത്ത് വിചാര യജ്ഞം |
| | 31 | എൻ. എസ്. എസ് സ്ഥാപകദിനം, ഗുരുവായൂർ ഏകാദശി |
| നവംബർ | 1 | കേരളപ്പിറവി |
| | 4 | ഗുരുനാനാക്ക് ജയന്തി |
| | 9 | ഉപനിഷത് വിചാരയജ്ഞം സമാപനം |
| | 11 | മണ്ണാറശാല ആയില്യം |
| | 14 | ശിശുദിനം, കല്പാത്തി രഥോത്സവം |

തുടർച്ച

# തവാങ്ങ്-ഹിമാലയത്തിലെ രഹസ്യ സ്വർഗ്ഗം

എം.ആർ. ഹരിരാജ് (ഫോൺ: 9447072461)

## ഉർജലിങ്ങിലെ സെറീനാമ്മച്ചി

ഉർജലിങ് ഒരു ഗ്രാമമാണ്. യങ്സോം ഹോട്ടലല്ലാതെ അവിടെ കച്ചവട സ്ഥാപനങ്ങളൊന്നും ഞങ്ങൾ കണ്ടില്ല. മുൻപ് പറഞ്ഞ സെറീനയെന്ന വൃദ്ധയാണ് ഹോട്ടൽ നടത്തിപ്പ്. സഹായികളെല്ലാം സ്ത്രീകൾ. കൊച്ച് പെൺകുട്ടികൾ എന്ന് പറയുന്നതാണ് ശരി.

ഹോട്ടലിനോടടുത്തു തന്നെ ഒരു ചെറിയ ബൗദ്ധ വിഹാരമുണ്ട്. ആറാം ദലൈലാമയുടെ ജന്മസ്ഥലമാണെന്നവിടെ എഴുതി വച്ചിട്ടുണ്ട്. ഞങ്ങൾ സത്യത്തിൽ അതത്ര കാര്യമാക്കിയില്ല. ഹോട്ടലുകാർ തന്നെ യാത്രക്കാരെ പറ്റിക്കാൻ വച്ചിരിക്കുന്ന ബോർഡാകും എന്നൊക്കെ ഞങ്ങൾ തെറ്റിദ്ധരിച്ചു. പക്ഷെ സംഗതി സത്യമാണെന്ന് തുടർന്ന് നടത്തിയ വായനയിൽ മനസ്സിലായി. യങ്സോം ഹോട്ടലിന്റെ ഉടമസ്ഥ സെറീനാമ്മച്ചി ചില്ലറക്കാരിയല്ലെന്നും.

1682ൽ അഞ്ചാമത് ദലൈലാമ കാലം ചെയ്തു. ദലൈലാമ നാടു നീങ്ങിയാൽ അദ്ദേഹത്തിന്റെ പുനരവതാരത്തെ കണ്ടെത്താൻ അന്വേഷണം ആരംഭിക്കും. തിബറ്റിൽ അന്വേഷിച്ചിട്ട് അത്തരം ഒരു പുനരവതാരത്തെ കാണാതെ മുതിർന്ന സന്യാസിമാർ പരിസര പ്രദേശങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിച്ചു. ലിങ് എന്ന് പേരുള്ള താഴ്‌വരയിലാണ് പുനരവതാരം എന്ന് സൂചനയുണ്ടായിരുന്നത്രേ. ഒടുവിൽ അവർ ഉർജലിങ്ങിൽ എത്തിചേർന്നു. 1683ൽ ഉർജലിങ്ങിൽ ജനിച്ച സാങ്യാങ്ങാണ് പുതിയ ലാമ എന്ന് കണ്ടെത്തി അദ്ദേഹത്തെ സന്യാസത്തിലേക്ക് സ്വീകരിക്കയായിരുന്നു അന്വേഷകർ.

എന്നാൽ കവിയും കാല്പനികനുമായിരുന്ന ആറാം ദലൈലാമ സന്യാസത്തിന്റെ കർക്കശമായ നിയമങ്ങൾ അനുസരിക്കാൻ കൂട്ടാക്കിയിരുന്നില്ലത്രേ. മദ്യവും മദിരാക്ഷിയും അദ്ദേഹത്തിന്റെ ദൗർബല്യങ്ങളായിരുന്നെന്നും കഥകളുണ്ട്. ഒടുവിൽ ചക്രവർത്തിയുടെ അനുവാദത്തോടുകൂടിത്തന്നെ അദ്ദേഹത്തെ തട്ടിക്കൊണ്ട് പോവുകയും മറ്റൊരു സന്ന്യാസിയെ 'ആറാം' ദലൈലാമയായി വാഴിക്കുകയും ചെയ്തുവത്രേ. തിബറ്റൻ ബൗദ്ധ വിശ്വാസികൾ എന്നാൽ സാങ്യാങ്ങിനെയാണ് ആറാം ദലൈലാമയായി കരുതുന്നത്. അദ്ദേഹത്തിന്റെ തട്ടികൊണ്ട് പോകലും തുടർന്ന് നടന്നതായി വിശ്വസിക്കപ്പെടുന്ന കൊലയും തിബറ്റിനെതിരെ ചൈനയുടെ ക്രൂരതയുടെ പട്ടികയിൽ അവർ ചേർത്ത് വെക്കുന്നു.

സാങ്യാങ് ജനിച്ചയിടത്താണ് ഇന്ന് ഉർജലിങ് ബൗദ്ധവിഹാരം. ചെറിയ ഒരു ബുദ്ധ ക്ഷേത്രവും, സന്ന്യാസിമഠവും ഇവിടുണ്ട്. ഈ കെട്ടിടത്തിലാണത്രേ സാങ്യാങ് ജനിച്ചത്. ഇപ്പോൾ ഇതിന്റെ മേൽനോട്ടം നമ്മുടെ സെറീനാമ്മച്ചിയുടെ കുടുംബക്കാരാണ്. അടുത്തുള്ള ഹോട്ടൽ മാത്രമല്ല. തവാങ്ങിൽ ഇനി ഒരു ഹോട്ടൽ കൂടിയുണ്ട് അമ്മച്ചിക്ക്. അവരുടെ ഭർത്താവ് സർക്കാർ സർവീസിൽ നിന്ന് വിരമിച്ച് ഗുവഹട്ടിയിലേതോ വലിയ സ്വകാര്യ കമ്പനിയിൽ വല്യ പുള്ളിയാണ്. മകൾ ഇംഗ്ലണ്ടിൽ നിന്ന് നിയമ പഠനം കഴിഞ്ഞ് ഗുവഹാട്ടി ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. ഇളയ മകൾ വൈദ്യം പഠിക്കുന്നു. ഗുവഹാട്ടിയിലും ദില്ലിയിലും ധാരാളം വസ്തുവകകളുള്ള ഉർജ്ജലിങ് പ്രഭ്വിയാണ് സെറീനാമ്മ. ഹോട്ടൽ നേരമ്പോക്കാണെന്ന് പറഞ്ഞത് ശരിക്കും സത്യമായിരുന്നെന്ന് മനസ്സിലായി.

രാത്രി അത്താഴത്തിന് തവാങ് സ്പെഷ്യൽ എന്തെങ്കിലും വേണമെന്ന് പറഞ്ഞപ്പോൾ, സെറീനാമ്മ തുപ്ക എന്ന പ്രാദേശിക വിഭവം ഉണ്ടാക്കി. തുപ്ക ഇവിടുള്ള പല ഹോട്ടലിലും കിട്ടും. അത് പലവുരു ഞങ്ങൾ കഴിക്കയും ചെയ്തു. പക്ഷെ സെറീനാമ്മച്ചിയുടെ തുപ്ക പ്രത്യേക രുചിയുള്ളതായിരുന്നു. ഹോട്ടലിൽ തുപ്ക ഉണ്ടാക്കുന്നത് നൂഡിൽസ് ഇട്ടാണ്. സെറീനാമ്മച്ചിയുടെ തുപ്കയിൽ നൂഡിൽസ് ഇല്ല. അതിനു പകരം ഗോതമ്പ് പരത്തി നീട്ടത്തിൽ അരിഞ്ഞിട്ടാണ് പാചകം. വീട്ടിൽ വച്ച ഭക്ഷണത്തിന്റെ വ്യത്യാസം നാവിൻ തുമ്പിലറിയാം.

ഭൂട്ടാൻ റാണി അവരുടെ ഒപ്പം അത്താഴം കഴിച്ച കഥയും പറഞ്ഞ് അത്താഴത്തിനു ഞങ്ങളുടെ ഒപ്പം കൂടി സെറീനാമ്മച്ചി. റാണി തുപ്ക കഴിച്ചിരുന്നത് തടികൊണ്ടുണ്ടാക്കിയ പാത്രത്തിലാണത്രെ. സാധാരണക്കാരായ ഞങ്ങൾക്ക് തിളങ്ങുന്ന ചൈനീസ് പാത്രങ്ങളിൽ വിളമ്പി, ഉർജലിങ്ങിന്റെ റാണി മര

പ്പാത്രത്തിൽ നിന്ന് തുപ്ക കോരിക്കഴിച്ചു. ഇവിടെ ശ്രദ്ധിച്ച മറ്റൊരു കാര്യം തവാങ്ങിലും പരിസരത്തും ബുദ്ധമത വിശ്വാസികൾ നടപ്പാക്കിയിരിക്കുന്ന പരിപൂർണ്ണ കശാപ്പ് നിരോധനമാണ്. ഒരു ജീവിയേയും കശാപ്പ് ചെയ്യരുത് എന്ന് അവർ ശഠിക്കുന്നു; പ്രചരിപ്പിക്കുന്നു. അൽപം ഭീഷണയും കൈയാങ്കളിയും ഒക്കെ നടത്തി യാതൊരു നിയമ പിൻബലവുമില്ലാതെ അത് നടപ്പിലാക്കുന്നു. ചുരുക്കത്തിൽ ഇറച്ചി വേണമെങ്കിൽ ആസാമിൽ നിന്ന് വരണം. സെറീനാമ്മച്ചി അതിനാൽ വെജിറ്റേറിയൻ ഭക്ഷണമേ തരൂ എന്നാണ് പറഞ്ഞിരുന്നത്. ഞങ്ങൾ കമ്പനി കൂടി സോപ്പിട്ടത് കൊണ്ടാവും, രണ്ടാം രാത്രി അത്താഴത്തിന് ഇറച്ചിക്കറിയുണ്ടായിരുന്നു. സാധാരണ കിട്ടാത്ത വിഭവം പാവം സെറീനാമ്മച്ചി എങ്ങനെയോ ഒപ്പിച്ചു തന്നതാണ്. ഹോട്ടലിനപ്പുറം ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിക്കുന്നതിന്റെ അനുഭവം നൽകി യങ്സോമിലെ താമസം. ബില്ലിന്റെ കാര്യത്തിൽ പക്ഷെ അമ്മച്ചിക്കൊരു സ്നേഹവുമില്ല. ആ കാര്യത്തിൽ നമുക്ക് പേശാൻ തോന്നാത്ത വിധം മാന്യമായ സേവനമാണവർ നൽകുന്നതും.

## വ്യാളിയുടെ വീട്ടുമുറ്റത്ത്

അടുത്ത യാത്ര ബോം ല എന്ന ചുരം കാണാനാണ്. രാവിലെ ആറു മണിക്ക് തന്നെ ബോംലക്കുള്ള വാഹനവുമായി റിഞ്ചിൻ എന്ന ഡ്രൈവർ ഹോട്ടലിനു മുന്നിൽ ഹാജർ. ആറു മണിക്ക് തന്നെ നേരം നന്നെ പുലർന്നിട്ടുണ്ട്. സ്ഥിരം വാഹനം ഹോട്ടലിൽ വിട്ട്, ബോംലക്കുള്ള യാത്ര ആരംഭിച്ചു.

അന്നത്തെ ബോംല യാത്രക്കാരിൽ ആദ്യ വാഹനം ഞങ്ങളുടെയാണ്. തണുപ്പിനൊരു മര്യാദയുമില്ല. അകത്തും പുറത്തുമായി പല അടുക്ക് വേഷം ധരിച്ചിട്ടും, വണ്ടിയിലെ ജനലൊക്കെ ഉയർത്തിവെച്ചിട്ടും, എങ്ങനെയൊക്കെയൊ തണുക്കുന്നു. അപ്പോഴാണ് നമ്മളെ ലജ്ജാലുക്കളാക്കി ഒരു ലോറിയുടെ പിറകിൽ മേൽക്കൂരപോലുമില്ലാതെ ഒരുപറ്റം തൊഴിലാളികൾ ഞങ്ങളെ കടന്ന് പോയത്. ഈ തണുപ്പൊക്കെ എന്ത് തണുപ്പെന്ന ഭാവം. അവർ എവിടെയോ റോഡ് പണി ചെയ്യാൻ പോവുകയാണ്.

ഇവിടുള്ളവരെ കണ്ടാൽ ഓരോരുത്തരും സിനിമാനടിനടന്മാരാണെന്ന് തോന്നിപ്പോകും. പ്രകൃതിപോലെ തന്നെ സുന്ദരമാണിവിടുള്ള മനുഷ്യർ. കുഞ്ഞുങ്ങളെല്ലാം പാവക്കുട്ടികളെ പോലെ. ചുവന്ന് തുടുത്ത മുഖമുള്ള അവർ, തണുപ്പിൽ നിന്ന് രക്ഷ നേടാനാവണം ധാരാളം മേക്കപ്പിട്ട് നടക്കുന്നു. റോഡ് പണിക്ക് പോകുന്ന സ്ത്രീകൾ വരെ ലിപ്സ്റ്റിക്കും മറ്റും കടുത്ത വർണത്തിലണിഞ്ഞാണ് പോകുന്നത്. വളരെ ശാരീരികാധ്വാനം വേണ്ട ജോലികളിൽ പോലും സ്ത്രീകളുടെ ഭൂരിപക്ഷമാണ്. പാലുകുടിക്കുന്ന കുഞ്ഞുങ്ങളെ ഒരു ഭാണ്ഡത്തിൽ പുറത്തണിഞ്ഞ് കല്ലു ചുമക്കുന്ന സ്ത്രീകളെയും കണ്ടു. സുന്ദരമായ പ്രകൃതിയിലും ദാരിദ്ര്യത്തിന്റെയും അവസരരാഹിത്യത്തിന്റെയും പ്രതിഫലനങ്ങൾ കാണാം ഇവിടെയുടനീളം.

അല്പം യാത്ര ചെയ്താൽ തന്നെ വഴിയുടെ രണ്ട് വശത്തും മഞ്ഞ് കാണാം. പതുക്കെ പതുക്കെ യാത്ര മഞ്ഞിനു നടുക്കുകൂടെയാവും. മഞ്ഞിനിടക്കൊക്കെ മണ്ണ് കാണാം എന്ന അവസ്ഥയാവും. പിന്നെയും പോകുമ്പോൾ മഞ്ഞല്ലാതെയൊന്നുമില്ല കാണാൻ എന്ന രീതിയാവും. റോഡും, റോഡിന്റെയരികും, മലയും, എന്ന് വേണ്ട, നോക്കെത്തുന്നിടമൊക്കെ വെള്ള വിരിച്ച ഹിമപ്പരപ്പ്. ഇടക്ക് പാറയും വെള്ളവും, കടുത്ത ഐസും ഒക്കെ കറുത്ത നിറത്തിൽ കാണാം. നല്ല വാനില ഐസ്ക്രീമിൽ കറുത്ത ചോക്ലേറ്റ് വിതറിയ പോലെ നിൽക്കുന്ന ഹിമ മലകൾ.

അല്പദൂരം കൂടി ചെന്നപ്പോൾ റിഞ്ചിൻ വണ്ടി നിറുത്തി. വാഹനം ഇടക്ക് തെന്നുന്നുണ്ടത്രെ. ഇനി മുന്നോട്ട് പോകാൻ ചക്രങ്ങളെ ഇരുമ്പുടുപ്പിടീക്കണം. ചങ്ങലകൾ കൊണ്ട് തലങ്ങും വിലങ്ങും കെട്ടിയ ഇരുമ്പുടുപ്പണിഞ്ഞാണ് ഐസിൽ ചക്രങ്ങൾക്ക് പിടുത്തം ഉറപ്പാക്കുന്നത്. അതിലെ വന്ന വേറൊരു വാഹനത്തിൽ നിന്ന് ആൾക്കാർ ഇറങ്ങി വന്ന് റിഞ്ചിനെ സഹായിക്കുന്നുണ്ട്. ഞങ്ങളുടെ വണ്ടി പോകാതെ അവർക്കും മുന്നോട്ട് പോകാനാകില്ല. എന്നാൽ നിറുത്തിയ വണ്ടി കണ്ടിട്ട് ഹോണടിക്കയോ, അസ്വസ്ഥതകാണിക്കയോ ഒന്നും ചെയ്യാതെ അവർ സഹായിക്കാനിറങ്ങുന്നു. ജോലി നടക്കുന്ന നേരം മുഴുവൻ അവർ ചിരിക്കയും തമാശ പറയുകയും ഒക്കെ ചെയ്യുന്നു. ഒരു തിരക്കും ആർക്കും ഇല്ല.

കിട്ടിയ സമയം അല്പം മഞ്ഞിലൂടെ നടക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഉപ്പൂറ്റി വരെ മഞ്ഞിൽ മുങ്ങി മുങ്ങിയാണ് കാലു വെക്കാനാവുന്നത്. ഏതൊക്കെയോ സിനിമയിൽ കണ്ട ഓർമക്ക് മഞ്ഞ് എടുത്ത് ഒരു ഹിമ മനുഷ്യനെയുണ്ടാക്കാനും അത് പന്തുരുട്ടി പരസ്പരം എറിയാനുമൊക്കെ ഞങ്ങൾ ശ്രമിച്ചു. ഉയരങ്ങളിൽ ഒരുപാട് ശാരീരികക്ലേശം എടുക്കുന്നത് അത്ര നന്നാവില്ല എന്ന് ശരീരം പതുക്കെ ഓർമിപ്പിച്ചു. ഞങ്ങൾ പതുക്കെ വണ്ടിയിൽ തിരിച്ചെത്തി ഇരുപ്പായി.

അല്പം കൂടി യാത്ര ചെയ്താൽ വഴി രണ്ടായി പിരിയുന്നു. ഒന്ന് ബോംലക്കും, മറ്റൊന്ന് സംഗേസ്തർ എന്ന തടാകത്തിലേക്കും. അവിടെ പട്ടാളത്തിന്റെ ഒരു ചെറിയ കാന്റീനുണ്ട്. ബോം ലക്കുള്ള ഈ

വഴിയിൽ മുഴുവൻ പട്ടാളത്തിന്റെ സ്ഥാപനങ്ങൾ മാത്രമേയുള്ളു. ഈ വഴിയാണ് വിദേശാക്രമണം വരാൻ സാദ്ധ്യതയുള്ളത്. ഏത് നേരവും സജ്ജ മായ നമ്മുടെ സൈന്യത്തിന്റെ സാന്നിദ്ധ്യം ഉടനീ ളമുണ്ടിവിടെ.

ബോം ലയിൽ അന്നെത്തുന്ന ആദ്യ സന്ദർശ കരാണ് ഞങ്ങൾ. വെള്ളനിറത്തിന്റെ ധാരാളിത്ത ത്തിനിടക്ക് ത്രിവർണ്ണ പതാക. നമ്മുടെ അവസാന പട്ടാളയൂണിറ്റ്. ചെറിയ ഒന്ന് രണ്ട് കെട്ടിടങ്ങൾ. വഴി ഉള്ളിലേക്ക് നീളുന്നു. അതിനു രണ്ട് വശത്തും നമ്മുടെ സംസ്ഥാനങ്ങളുടെ സാംസ്കാരിക തനിമ പ്രതിനിധീകരിക്കുന്ന ചിത്രങ്ങളുള്ള ബോർഡുകൾ. അവയിൽ കേരളമില്ല. കാര്യം അന്വേഷിച്ചപ്പോൾ, ഓ രോ സംസ്ഥാനത്തിൽ നിന്നും ഓരോ റെജിമന്റുകൾ അവിടെ പോസ്റ്റ് ചെയ്യുമ്പോൾ ആ റെജിമന്റാണ് ബോർഡ് വെക്കുന്നതെന്നറിഞ്ഞു. നിർഭാഗ്യവശാൽ കേരളത്തിനൊരു റെജിമന്റില്ല. മദ്രാസ് റെജിമന്റാണു ള്ളത്. അവർ തമിഴ്നാടിന്റെ ബോർഡ് വച്ച് പോയി.

ഇന്ത്യയിൽ വഴിയവസാനിക്കുന്നിടത്ത് യാത്ര ക്കാർക്ക് നന്ദി പറഞ്ഞ് ഒരു ഫലകമുണ്ട്. മറുഭാ ഗത്ത് ഭാരതത്തിലേക്ക് സ്വാഗതം നല്കുന്ന ഒരു ഫലകവും. ഇതിന്റെ വലത് വശത്ത് ഒരു ചെറിയ ടെന്റിൽ രണ്ട് പട്ടാളക്കാർ. ഭാരതത്തിന്റെ ആദ്യ കാവൽക്കാർ. നിതാന്ത ജാഗ്രതയിൽ നിൽക്കുന്ന അവരാണ് എത്തുന്ന സഞ്ചാരികൾക്ക് ചൈന കാ ണിച്ച് കൊടുക്കുന്നത്. അല്പം ദൂരെ ചൈനീസ് പട്ടാളക്യാമ്പു കാണാം. ബോർഡിനപ്പുറം ചൈനീസ് മണ്ണാണ്. അവിടെയൊന്നിറങ്ങാം. വ്യാളിയുടെ വീട്ട് മുറ്റത്ത് ചെന്നതിന്റെ കൗതുകം ഒന്ന് മനസ്സിലെടു ക്കാം. മടങ്ങാം. കൂടുതൽ ഉള്ളിലേക്ക് നടക്കാൻ അനുവാദമില്ല.

ബൊം ലയിലെ സന്ദർശകർക്കൊക്കെ ഒരു ചായ ഇന്ത്യൻ സൈന്യത്തിന്റെ വക ആതിഥ്യമാണ്. ഈ യാത്രയിലെ ഏറ്റവും ഉയരമുള്ളയിടം. ഉയരം കൂടുമ്പോൾ സ്വാദ് കൂടും ചായക്ക്. സൈന്യത്തിന്റെ ആതിഥ്യമായി ലഭിക്കുന്നതാകുമ്പോൾ പ്രത്യേകിച്ചും.

ഇന്ത്യയുടെ കവാടത്തിനരികിൽ ഒരു കൂന കല്ല് കിടപ്പുണ്ട്. ഓരോന്നിലും ഓരോ തീയതി രേഖപ്പെടു ത്തിയിരിക്കുന്നു. അപ്പുറത്തും ഇപ്പുറത്തും കാവൽ നിൽക്കുന്ന ഇന്ത്യയുടെയും ചൈനയുടെയും പട്ടാള ക്കാർ ഇടക്കൊക്കെ ഒത്ത് കൂടും. ഓരോ വർഷവും ആറു പ്രാവശ്യം ഇന്ത്യയുടെ സൈനികമേധാവിയു ടെ ആതിഥ്യത്തിലും നാലു പ്രാവശ്യം ചൈനയുടെ സൈനികമേധാവിയുടെ ആതിഥ്യത്തിലുമാണ് ഒത്ത് ചേരുക. ഓരോ പ്രാവശ്യവും പരസ്പരം ആ തീയ തി രേഖപ്പെടുത്തിയ ഒരു കല്ല് സമ്മാനമായി കൈ മാറും. ആ കല്ലുകൾ കൂട്ടിയിട്ടിരിക്കയാണ്. ഇന്തോ ചീന സൗഹൃദക്കൂന.

ഇതെഴുതുമ്പോൾ വീണ്ടും ആ അതിർത്തി രേഖകളിൽ തർക്കത്തിന്റെ അസ്വസ്ഥതകൾ മാ റ്റൊലിക്കൊണ്ട് തുടങ്ങിയിരിക്കുന്നു. അതിർത്തി രേഖകൾ ആരോ വരച്ചിട്ട സങ്കല്പങ്ങൾ മാത്രമാ ണെന്നും, പരസ്പര സാഹോദര്യത്തിന്റെ ഊഷ്മ ളത മാത്രമേ മനുഷ്യന് വാസ്തവമായുള്ളു എന്നും നമ്മൾ തിരിച്ചറിഞ്ഞ്, തർക്കങ്ങൾ പറഞ്ഞ് തീർത്ത് സഹവർത്തിക്കുവാൻ തയ്യാറാകുമ്പോൾ മാത്രമേ, അന്യനെ സ്വന്തമെന്ന് അറിഞ്ഞ് സ്നേഹിക്കുമ്പോൾ മാത്രമേ, മനുഷ്യസംസ്ക്കാരം പൂർണമാകുന്നുള്ളു. ഒരിക്കലും ഈ വെളുത്ത ലോകത്ത് യുദ്ധത്തിന്റെ, അക്രമത്തിന്റെ, കരിനിഴൽ പരക്കാതിരിക്കട്ടെ.

## സംഗേസ്തർസോ

ബോം ലയിൽ നിന്നുള്ള മടക്ക യാത്രയിൽ ആദ്യം ഞങ്ങൾ സംഗേസ്തർ എന്ന തടാകം കാ ണാൻ പോയി. പോകുന്ന വഴിയിൽ ഒരു പട്ടാളബാ രക്കിനടുത്ത് 'തഗ്രാരഹോ' എന്നെഴുതി വച്ചിരിക്കു ന്നു. തേങ്കയിലെ സൗഹൃദങ്ങൾ മനസ്സിലോർത്തു വന്നു. 'അനീഷേ, നോക്കടാ, നമ്മുടെ റെജിമന്റ്' എന്നായി ഞങ്ങൾ ഒരു രാത്രികൊണ്ട് അസംറെ ജിമന്റ് 'ഞങ്ങളുടെ' റെജിമന്റായി.

അനിഷിലെ പട്ടാളക്കാരൻ ഉണർന്നു. ഇറങ്ങി ബാരക്കിൽ ചെന്ന് ഓഫീസറിനെ കണ്ട് ആശംസ കളറിയിക്കാൻ അയാൾ പോയി. താമസംവിനാ ബാരക്കിലെ ഉദ്യോഗസ്ഥൻ വന്ന് ഞങ്ങളെ പട്ടാള ബാരക്കിലേക്ക് ക്ഷണിച്ചു. പാതിമലയാളിയാണ യാൾ. അച്ഛൻ വിജയൻ പണ്ട് നാഗാലാന്റിലോ മറ്റോ വന്ന് വിവാഹം കഴിച്ച് കൂടിയതാണ്. അച്ഛനൊപ്പം ആലപ്പുഴയിലൊക്കെ വന്നിട്ടുണ്ട്. ഞങ്ങളെ നിർബ ന്ധിച്ച് ഊണ് കഴിപ്പിച്ചു അവർ. ദൂരെ തോക്കുകൾ മുരളുന്നുണ്ട്. പരിശീലനമാണ് പേടിക്കേണ്ട എന്ന് അവർ. കടുത്ത തണുപ്പിൽ ഇവർ കാലങ്ങളോളം കുടുംബത്തെയും സൗഹൃദങ്ങളെയും പിരിഞ്ഞ് നാടിന് കാവൽ നിൽക്കുന്നു. ബഹുമാനിക്കാതെ എന്തു ചെയ്യും. ഒരു സല്യൂട്ട് നൽകി മടങ്ങി. സംഗേ സ്തർ സോ എന്ന തടാകം പണ്ടെന്നോ ഈ പ്രദേ ശത്തുണ്ടായ ഭൂമികുലുക്കത്തിൽ ഉണ്ടായതാണത്രേ. ഈ തടാകത്തിലെ ജലനിരപ്പിൽ നിന്ന് ഉയർന്ന് നിൽക്കുന്ന മരിച്ച മരങ്ങൾ അത് വളരെ വിദൂരമായ പൂർവകാലമല്ലെന്നോർമിപ്പിക്കുന്നു. നമ്മുടെ തേക്ക ടിയിലെ ബോട്ടിങ്ങിനിടക്കും ഇങ്ങനെ മരങ്ങൾ ജല സമാധിയിൽ നിൽക്കുന്നത് കാണാം.

ഇവിടെ ഒരു സിനിമാഷൂട്ടിങ് നടന്നിരുന്നു.

കോയ്‌ല എന്ന ഹിന്ദി ചിത്രം. അതിന്റെ ഒരു ഗാന രംഗത്ത് മാധുരി ദീക്ഷിത് ഈ തടാകത്തിൽ അഭിനയിച്ചതിന്റെ ഓർമക്ക് ഇവിടുള്ളവർ ഇതിനെ മാധുരി ലേക്ക് എന്നും വിളിക്കും. മഞ്ഞ് പുകപോലെ ഈ തടാകത്തിനു മേൽ പരന്ന് കിടക്കുന്നു. അതിനിടക്ക് കറുത്ത നിഴൽ പോലെ ഇലയറ്റ മരങ്ങൾ തടാകത്തിൻ നിന്നുയർന്ന് നിൽക്കുന്നു. ആകെ ഒരു ഭീതിദമായ അന്തരീക്ഷം. എന്നാൽ അതിലും പ്രകൃതി അവാച്യമായ ഭംഗികൾ ഒതുക്കി വെക്കുന്നു. ഇവിടവും പട്ടാളത്തിന്റെ തന്നെ നിയന്ത്രണത്തിലാണ്.

ബോട്ടിങിനൊക്കെ സൗകര്യമുണ്ടിവിടെ. കൊച്ചിയിൽ നിന്നുള്ളവർക്ക് എന്ത് ബോട്ടിങ്! മാത്രമല്ല, മഞ്ഞ് നീങ്ങാൻ കാത്ത് നിന്നാലെ അതിനവസരമുള്ളു. ആ സാദ്ധ്യത ഉപേക്ഷിച്ച് ഞങ്ങൾ ആ തടാകക്കരയിൽ അല്പം നടന്നു. അനന്യമായ കാഴ്ചകൾ. അവ ഒന്ന് കൂടി മനസ്സിലേക്കെടുത്ത് മടക്കയാത്ര.

## മേഘങ്ങളുടെ സ്വന്തം നാട്

ഗുവഹാട്ടിക്കുള്ള മടക്കയാത്രയോടെ തവാങ് സന്ദർശനം അവസാനിക്കുകയാണ്. എന്നാൽ ഈ യാത്രക്ക് മാറ്റി വച്ചതിൽ രണ്ട് ദിവസം കൂടി ബാക്കിയുണ്ട്. അതുപയോഗിച്ച് മേഘാലയയിൽ ചില ഇടങ്ങളും കൂടെ കാണാൻ ഞങ്ങൾ പരിപാടിയിട്ടു. തിരിച്ച് ഗുവഹാട്ടിയിൽ എത്തി അവിടെ നിന്ന് മൂന്നു മണിക്കൂർ യാത്ര ചെയ്താൽ ഷില്ലോങിലെത്തും.

ഗുവഹാട്ടിക്കുള്ള വഴിയിൽ വീണ്ടും ഞങ്ങൾ ടേങ്കയിലെത്തി അവിടുള്ള പട്ടാളക്യാമ്പിൽ താമസിച്ചു. അപ്പോഴാണ് ഗുവഹാട്ടിക്ക് പോകാൻ ബാലുക്ലോങ് - തേസ്പൂർ വഴിയല്ലാതെ വേറൊരു മാർഗ്ഗമുണ്ടെന്നറിഞ്ഞത്. അത് കൂടുതൽ എളുപ്പമാണെന്ന് സൈന്യത്തിലെ കൂട്ടുകാർ കട്ടായം പറഞ്ഞു. ടേങ്കയിൽ നിന്നും കിഴക്കോട്ട് പോയി ഷേർഗൗങ് എന്നയിടത്തിലൂടെ, ഏതാണ്ട് ഭൂട്ടാന്റ അതിരു വഴി തെക്കോട്ട് യാത്ര ചെയ്ത് കാലക്തുങ്, അമർത്തല, ബൈരബ്കുണ്ട് വഴി റൊവ്റ്റ എന്നയിടത്തെത്തി, അവിടെ നിന്ന് ഗുവഹാട്ടിക്ക് പോകുന്നതാണീ വഴി. എന്നാൽ ഞങ്ങളുടെ ഡ്രൈവർ അതിലെ പോകാനാകില്ല എന്ന് വാശി പിടിച്ചു. വളരെ നിർബന്ധിച്ചാണ് അയാളെ ഒന്ന് സമ്മതിപ്പിച്ചെടുത്തത്.

ടേങ്ക മുതലുള്ള യാത്ര അങ്ങനെ പുതിയ വഴിയിലൂടെയായി. മുമ്പ് വന്ന വഴിയെക്കാൾ പ്രകൃതിരമണീയമാണീ വഴി. വളരെ സ്വച്ഛപ്രശാന്തമായ ഒരു മലമ്പാത. വാഹനങ്ങൾ അധികമില്ല. സത്യത്തിൽ റൊവ്റ്റ വരെയുള്ള യാത്രയിൽ കണ്ട വാഹനങ്ങളെ വിരലിലെണ്ണിയെടുക്കാം. ചിലയിടങ്ങളിൽ കിലോമീറ്ററുകളോളം നല്ല കനത്ത മഞ്ഞ് മൂടി നിൽക്കുന്നു. ഇടക്കിടക്ക് മൂന്നു നാല് കെട്ടിടങ്ങൾ കൂടി നിൽക്കുന്ന ചെറു ഗ്രാമങ്ങൾ. അവിടെയെല്ലാം മനുഷ്യർ സാധാരണയല്ലാത്ത വാഹനത്തെ അത്ഭുതത്തോടെ നോക്കുന്നു.

അങ്ങനെ ഞങ്ങൾ വൈകിട്ടോടെ ഗുവഹാട്ടിയിലെത്തി. അവിടെ ഒന്ന് ചായകുടിക്കാനിറങ്ങിയതേയുള്ളു. നേരെ ഷില്ലോങ്ങിനു വച്ചു പിടിച്ചു. മേഘങ്ങളുടെ വീടായ, മേഘാലയയുടെ തലസ്ഥാനമായ ഷില്ലോങ്ങ്.

## ഇന്ത്യൻ സൈന്യത്തിന്റെ സ്വന്തം കാണ്ടാമൃഗങ്ങൾ

അനീഷിന്റെ ഓർമയിൽ ഒരു ചെറുപട്ടണമാണ് ഷില്ലോങ്ങ്. ആ കഥയൊക്കെ പണ്ട്. ഇന്ന് വടക്ക് കിഴക്കൻ മേഖലയിലെ ഏറ്റവും തിരക്കേറിയ ഒരു നഗരമായിരിക്കുന്നു ഷില്ലോങ്ങ്. ഷില്ലോങ്ങിനു സമീപം ഹാപ്പി വാലി എന്ന സുന്ദരമായ പ്രദേശമുണ്ട്. ഇവിടെയാണ് 1941ൽ കേണൽ റൊസ്ഹോമാന്റെ നേതൃത്വത്തിൽ ഭാരതത്തിന്റെ വടക്ക് കിഴക്കൻ മേഖലയിലെ ഗോത്രവർഗ്ഗക്കാരെ ഉൾപ്പെടുത്തി അസം റെജിമന്റ രൂപീകരിച്ചത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ആർമിയുടെ ഏറ്റവും പ്രധാനമായ ഒരു ഇൻഫന്റ്റി റെജിമന്റ ആയി മാറി അസം റെജിമെന്റ് ഞങ്ങളുടെ ഷില്ലോങ് സന്ദർശനത്തിന് താമസം, അസം റെജിമന്റിന്റെ ഹെഡ്ക്വാട്ടറിൽ തന്നെയായിരുന്നു.

ഷില്ലോങ് എന്ന തിരക്ക് പിടിച്ച പട്ടണത്തിൽ സഞ്ചരിക്കുമ്പോൾ പെട്ടെന്ന് ശ്രദ്ധിക്കപ്പെടുന്ന ഒരു കാര്യം അവിടുള്ള വൃത്തിയാണ്. കണ്ടതിൽ ഏറ്റവും വൃത്തിയുള്ള ഇന്ത്യൻ പട്ടണമാണ് ഷില്ലോങ്. അത് അതേ പടി നിലനിൽക്കുന്നത് അവിടുള്ള ഭരണകൂടത്തിന്റെ മാത്രം ശ്രമമാണെന്ന് തോന്നുന്നില്ല. ആ നാട്ടുകാരുടെ രീതി കൂടിയാണത്. സമാനമായ ഒരു മനസ്ഥിതി കുറച്ചെങ്കിലും കണ്ടത് ലക്ഷദ്വീപിലാണ്. ഒരു പ്ലാസ്റ്റിക് കവർ കടലിലിട്ട ഒരു കുട്ടിയെ മുതിർന്നവർ എല്ലാവരും ശകാരിക്കയും, അവനെക്കൊണ്ട് തന്നെ അതെടുപ്പിച്ച് ചവറ്റുകുട്ടയിലിടീപ്പിക്കാൻ ഉത്സുകത കാണിച്ച നാട്ടുകാർ.

അടുത്ത പ്രഭാതത്തിൽ ഞാൻ ഉണർന്നത് ഒരു പാട്ട് കേട്ടാണ്. വാക്കുകൾ വ്യക്തമാകാത്തതെങ്കിലും രസകരമായ ഒരു താളത്തിലുള്ള ഗാനം. പിന്നീടത് അസം റെജിമന്റിന്റെ മാർചിങ് ഗാനമാണെന്ന് മനസ്സിലായി. ആ പാട്ടും പാടി അതിരാവിലെ പട്ടാളക്കാർ വ്യായാമത്തിന്റെ ഭാഗമായി ഓടുകയാണ്.

രാവിലെ ചിറാപ്പുഞ്ചിയിലെ കാഴ്ചകൾ കാണാൻ യാത്ര തിരിച്ചു●

# സുഭാഷിതം 4-1
## 4. പ്രാർത്ഥന

പ്രൊഫ : പി. അംബുജാക്ഷി

സഹനാവവതു സഹനൗഭുനക്തു
സഹവീര്യം കരവാവഹേ
തേജസ്വിനാവധീതമസ്തു
മാ വിദ്വിഷാനഹൈ.

കേനോപനിഷത്തിലെ ഈ ശാന്തി പാഠം പ്രഭാതപ്രാർത്ഥനയായി പല വിദ്യാലയങ്ങളിലും ഉരുവിടാറുണ്ട്, അർത്ഥമറിഞ്ഞോ അറിയാതെയോ.

'ആ സർവശക്തൻ നമ്മെ ഇരുവരെയും കാത്തുരക്ഷിക്കട്ടെ. അദ്ദേഹത്തിന്റെ ശക്തിസത്ത അറിഞ്ഞാസ്വദിക്കാൻ നമ്മെ ഇരുവരെയും അനുഗ്രഹിക്കട്ടെ. ശാസ്ത്രത്തിലടങ്ങിയ സാരാംശം മുഴുവൻ ഗ്രഹിക്കാനുള്ള ശക്തി നമുക്കിരുവർക്കും ഉണ്ടാകട്ടെ. നമ്മുടെ പരിശ്രമം ഫലപ്രദവും പരിപൂർണ്ണവുമാകട്ടെ. നമ്മിൽ ഒരിക്കലും കലഹം ഉണ്ടാകാതിരിക്കട്ടെ. ശാരീരികവും മാനസികവും ആത്മീയവുമായ ശാശ്വതസമാധാനത്തിനുള്ള വഴി തെളിയട്ടെ.'

ഗുരുശിഷ്യബന്ധത്തിന്റെ ഏറ്റവും ശാസ്ത്രീയമായ മന:ശാസ്ത്രപരമായ ഒരു തത്വമാണ് നമ്മുടെ ആചാര്യന്മാർ ഈ മന്ത്രത്തിലൂടെ ബോധിപ്പിക്കുന്നത്. അധ്യയനം മഹത്തായ ഒരു കലയാണ്. അത് മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്ന ജ്ഞാനാഗ്നിയെ ജ്വലിപ്പിക്കുന്നു. വൈചാരികവും വൈകാരികവുമായ തേജോരശ്മികളെ തട്ടിയുണർത്തി, ജീവിതം പ്രകാശപൂരിതമാക്കുന്നു. ജിജ്ഞാസഭരിതവും കരുണാമയവുമായ ഒരു മനസ്സിനു മാത്രമേ തന്നിലും തനിക്കു ചുറ്റിലും ഒളിഞ്ഞിരിക്കുന്ന സർഗ്ഗശക്തികളെ കണ്ടെത്താനും അവയെ ലോക നന്മക്കായി പ്രയോജനപ്പെടുത്താനും സാധിക്കുകയുള്ളു. മനുഷ്യനെ അറിവിന്റെ കൊടുമുടിയിലേക്കുയർത്തുന്ന ഒരു സാങ്കേതിക വിദ്യയാണ് അധ്യയനം.

മനുഷ്യനെ ഈശ്വരഭാവത്തിലേക്കുയർത്തുന്ന അധ്യയനത്തിന് അധ്യാപകൻ, അധ്യേതാവ്, വിഷയം എന്ന മൂന്നു ഘടകങ്ങൾ ഉണ്ട്. ഗുരു, ശിഷ്യൻ, വിഷയം എന്നീ മൂന്നു ഘടകങ്ങളേയും അവയർഹിക്കുന്ന ഗൗരവത്തോടും ബഹുമാനത്തോടും കൂടിയാണ് ഭാരതീയർ കണക്കാക്കിയിരുന്നത്.

'വിദ്വാൻ സർവ്വത്ര പൂജ്യതേ', 'ആചാര്യദേവോ ഭവ' എന്നൊക്കെയുള്ള പ്രമാണങ്ങളെ അന്വർഥമാക്കുമാറുള്ള ഒരു ഗുരുപരമ്പര ഭാരതീയർക്കു മാത്രം സ്വന്തമാണ്. അറിവ്, ആചാരം, വാത്സല്യം എന്നിവ കൈമുതലായുള്ള ആ ആചാര്യന്മാർ സ്വന്തം കർമ്മത്തെ ഹൃദ്യവും ആകർഷകവുമാക്കിത്തീർത്തു.

വിനയം, വ്രതനിഷ്ഠ, ധർമ്മാചരണം, സത്യസന്ധത, സേവനം, ത്യാഗം തുടങ്ങിയ ജീവിതമൂല്യങ്ങളിലുള്ള ദൃഢവിശ്വാസത്തോടു കൂടിയാണ് അധ്യേതാക്കൾ വിദ്യയഭ്യസിച്ചിരുന്നത്. അത്തരം മൂല്യങ്ങളെ സ്വന്തം ജീവിതത്തിൽ പകർത്താനുള്ള പരിശീലനം നൽകുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രഥമലക്ഷ്യം. അന്ത:കരണ ശുദ്ധിയിലൂടെ ആത്മവികാസം നേടി 'മാ കശ്ചിത് ദു:ഖഭാക് ഭവേത്' എന്ന ധന്യതയോടെ ആ ലക്ഷ്യത്തിലെത്തിച്ചേരുമ്പോൾ അധ്യയനം സഫലമാകുന്നു.

വിഷയം ഏതായിരുന്നാലും ശരി, അത് ലോക നന്മക്ക് ഉപകരിക്കുന്നതായിരിക്കണം. നമ്മളേക്കാൾ അവശരും ദുർബലരുമായവരെ സഹായിക്കുമ്പോഴാണ് നമ്മുടെ അധീനം (നാം പഠിച്ച വിദ്യ) തേജസ്വിയായിത്തീരുന്നത്.

മനസ്സിനെയും ബുദ്ധിയെയും പൂർണ്ണമായി ആശ്രയിക്കുന്ന ഒരഭ്യാസമാണ് വിദ്യാഭ്യാസം. ഉത്തമവിദ്യാഭ്യാസത്തിന്റെ മുഖ്യഘടകം അന്ത:കരണശുദ്ധിയാണ്. അതുണ്ടെങ്കിൽ മാത്രമേ മനസ്സ് ശുദ്ധവും ബുദ്ധി ഏകാഗ്രവുമായിത്തീരുകയുള്ളു. ശിക്ഷണപരിശീലനങ്ങൾ ഫലപ്രദമാകണമെങ്കിൽ ഗുരുശിഷ്യന്മാരുടെ മനോബുദ്ധികൾ ശാന്തവും ശുദ്ധവും സുശക്തവുമായിരിക്കണം. ഹൃദയങ്ങൾ തമ്മിൽ ഐക്യം പ്രാപിക്കണം. അതുകൊണ്ടുതന്നെയാണവർ പഠനാരംഭത്തിൽ ഒരുമിച്ചിരുന്ന് പ്രാർത്ഥനാമന്ത്രം ഉരുവിടുന്നത്. ആന്തരികമായ ഈ അവസ്ഥാവിശേഷവും തയ്യാറെടുപ്പും ഗുരുശിഷ്യന്മാർക്ക് ഒന്നുപോലെ

**(ശേഷം 44-ാം പേജിൽ)**

# പൊണ്ണത്തടി (OBESITY)

ഡോ.പാർവ്വതി.കെ.എസ്.

ശരീരത്തിലെ കൊഴുപ്പ് കലർന്ന കോശങ്ങളുടെ വലിപ്പമോ എണ്ണക്കൂടുതലോ രണ്ടും കൂടിയോ സംഭവിക്കുമ്പോഴാണ് ഒരാൾക്ക് പൊണ്ണത്തടി അഥവാ ദുർമേദസ്സ് ഉണ്ടെന്ന് പറയുന്നത്. ഈ അടുത്ത കാലത്തായി നമ്മുടെ നാട്ടിൽ പ്രമേഹം, ഹൃദ്രോഗം, രക്താതിസമ്മർദ്ദം, കൊളസ്ട്രോൾ വർദ്ധന തുടങ്ങിയ രോഗങ്ങൾ വർദ്ധിക്കുവാനുള്ള ഒരു പ്രധാന കാരണം പൊണ്ണത്തടി കൂടി വരുന്നതാണ്. അടുത്ത കാലത്ത് നടത്തിയ പഠനത്തിൽ, കേരളത്തിൽ ചെറുപ്പകാർക്കും സ്ത്രീകൾക്കുമിടയിൽ പൊണ്ണത്തടി കൂടി വരുന്നതായി കാണുന്നു.

കുട്ടിക്കാലത്ത് പൊണ്ണത്തടിയുള്ള കുഞ്ഞുങ്ങൾക്ക് പ്രായപൂർത്തിയെത്തുമ്പോൾ പൊണ്ണത്തടിയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ശാരിരിക വ്യായാമത്തിന്റെ കുറവാണ് പൊണ്ണത്തടിയുടെ പ്രധാന കാരണം. ശാരീരികാധ്വാനം കുറയുന്നതനുസരിച്ച് ആഹാരത്തിലുള്ള ഊർജ്ജത്തിന്റെ അളവ് കുറയ്ക്കാത്തതും പൊണ്ണത്തടിയുണ്ടാക്കും.

ഭക്ഷണം ക്രമീകരിക്കാത്ത അവസ്ഥയാണ് ദുർമേദസ്സിന്റെ പ്രധാന കാരണം. മധുരപലഹാരങ്ങൾ, വറുത്ത ഭക്ഷണം, ബേക്കറി പലഹാരങ്ങൾ, ഡാൽഡയും എണ്ണയും അധികമടങ്ങുന്ന പൊറോട്ട തുടങ്ങിയ ഫാസ്റ്റ് ഫുഡ് പൊണ്ണത്തടിക്ക് കാരണമാകാം. ആഹാരത്തിൽ വേണ്ടത്ര നാരുകളുടെയും ധാതുലവണങ്ങളുടെയും വിറ്റാമിനുകളുടെയും കുറവ് (അതായത് ഇലക്കറികൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ അളവ് കുറവ്) ഇവയെല്ലാം പൊണ്ണത്തടിയുണ്ടാക്കുന്നു. മദ്യപാനമാണ് പൊണ്ണത്തടിയുടെ മറ്റൊരു ഘടകം.

ബോഡി മാസ് ഇൻഡക്സ് (Body Mass Index-BMI) എന്ന ആരോഗ്യ സൂചിക ഉപയോഗിച്ചാണ് ദുർമേദസ്സ് കണക്കാക്കുന്നത്. ശരീരഭാരവും ഉയരവും തമ്മിലുള്ള അനുപാതത്തെ അടിസ്ഥാനമാക്കിയാണ് BMI കണ്ടുപിടിക്കുന്നത്.

ബി.എം.ഐ (BMI)=ഭാരം (കിലോഗ്രാമിൽ/പൊക്കം (മീറ്ററിൽ)

സാധാരണ ബി.എം.ഐ 18.5 മുതൽ 24.9വരെയാണ്. ബി.എം.ഐ 25 മുതൽ 29.9 വരെ അമിത ഭാരത്തെയും 30ന് മുകളിൽ പൊണ്ണത്തടിയേയും സൂചിപ്പിക്കുന്നു.

രക്താതിമർദ്ദം, പ്രമേഹം, ഹൃദ്രോഗം എല്ലുകളുടേയും സന്ധികളുടേയും തേയ്മാനം തുടങ്ങിയവയാണ് പ്രധാന ഭവിഷ്യത്തുകൾ ചിലതരം കാൻസറുകൾ ഉണ്ടാകാനുള്ള സാധ്യതയും പൊണ്ണത്തടി വർദ്ധിപ്പിക്കുന്നു. വൃക്കരോഗങ്ങൾ, പിത്തസഞ്ചിയിലെ രോഗങ്ങൾ (gall bladder diseases) ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കും പൊണ്ണത്തടി കാരണമാകാം. വയറിന് ചുറ്റിനും കൊഴുപ്പ് അടിഞ്ഞു കൂടുന്നത് പ്രമേഹം ഉൾപ്പെടെയുള്ള രോഗങ്ങൾ വരുന്നതിന്റെ കാരണമാകാനും സാധ്യതയുണ്ട്.

ചെറുപ്പം മുതൽക്കു തന്നെ നമ്മൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. നാരുകൾ അടങ്ങിയ പച്ചക്കറികൾ, ഇലക്കറികൾ ഇവ കൂടുതൽ ഉൾപ്പെടുത്തുക, അരിയിലും, ഗോതമ്പിലും ഊർജ്ജത്തിന്റെ അളവ് ഏകദേശം ഒരുപോലെയാണ്. പക്ഷേ ഗോതമ്പിൽ നാരുകളും പ്രോട്ടീനും അരിയേക്കാൾ അധികമാണ്.

ഗോതമ്പ് വീട്ടിൽ തന്നെ കഴുകിയുണക്കി പൊടിച്ചെടുത്താൽ നാരുകളാൽ സമൃദ്ധമായ ഗോതമ്പ് മാവ് കിട്ടും.

എണ്ണ, നെയ്യ്, പഞ്ചസാര, തേങ്ങ, ശർക്കര എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കാൻ ശ്രമിക്കുക. കായികാധ്വാനം കുറവുള്ള ജോലി ചെയ്യുന്നവരും അധികം ജോലിചെയ്യാതെ വീട്ടിലിരിക്കുന്നവരും ഭക്ഷണത്തിലെ ആകെ ഊർജ്ജത്തിന്റെ അളവ് കർശനമായി കുറയ്ക്കുക. അല്പാല്പമായി ഇടയ്ക്കിടെ കഴിക്കുന്നതാണ് ഒന്നിച്ച് വയറുനിറച്ചു കഴിക്കുന്നതിനേക്കാൾ നല്ലത്. ഇങ്ങനെ ഇടയ്ക്കിടെ കഴിയ്ക്കാൻ പച്ചക്കറി, പഴവർഗ്ഗങ്ങൾ, സാലഡുകൾ, നേർപ്പിച്ച സംഭാരം ഇവ നല്ലതാണ്.

വ്യായാമം ചെയ്യുന്നത് ശീലമാക്കുക. ദിവസവും അര മണിക്കൂർ അല്ലെങ്കിൽ 1 മണിക്കൂറെങ്കിലും നല്ല വേഗത്തിൽ നടക്കുക. ഇത് ശരീരത്തിൽ അടിഞ്ഞിരിക്കുന്ന കൊഴുപ്പിനെ കുറയ്ക്കുവാൻ സഹായിക്കുന്നു.

ഗോതമ്പിൽ നിന്ന് റവ, ആട്ട എന്നിവ എടുത്തു കഴിഞ്ഞ് അവസാനം കിട്ടുന്ന മഞ്ഞനിറത്തിലുള്ള വസ്തുവാണ് മൈദ. ഇതിനെ വെളുപ്പിക്കാൻ വേണ്ടി ബെൻസൈൽ പെറോക്സൈഡ് എന്ന കെമിക്കൽ ചേർക്കുന്നു. ഇത് വൃത്തിയാക്കാൻ ഉപയോഗിക്കുന്ന കെമിക്കലാണ്. ഇങ്ങനെ കിട്ടിയ മൈദയെ മൃദുവാ

ക്കുവാൻ വേണ്ടി അലോക്സാൽ എന്ന കെമിക്കൽ ചേർക്കും. ഈ രാസവസ്തു പാൻക്രിയാസിന്റെ പ്രവർത്തനത്തെ ബാധിക്കും. മൈദ സ്ഥിരമായി കഴിച്ചാൽ പ്രമേഹം വരാനുള്ള സാധ്യത കൂടുതലാണ്. മാത്രമല്ല ദഹന പ്രക്രിയയെ സാരമായി ബാധിക്കാനിടയുണ്ട്. ആമാശയത്തിൽ ക്യാൻസർ ഉണ്ടാവാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

മാരകമായ രണ്ട് രാസവസ്തുക്കൾ ചേർന്ന മൈദയാണ് പൊറോട്ട, ഹൽവ, ബ്രെഡ്, ബിസ്ക്കറ്റ്, പഫ്സ് തുടങ്ങിയവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്. എന്നാൽ മൈദയിൽ നമ്മുടെ ശരീരത്തിനാവശ്യമായ വിറ്റാമിനുകൾ, മിനറൽസ്, ആന്റിഓക്സിഡന്റുകൾ എന്നിവ ഒന്നും തന്നെ ഇല്ല. ചില രാജ്യങ്ങൾ മൈദയുടെ ഉപയോഗം നിരോധിച്ചു കഴിഞ്ഞു●

**മാംഗല്യം**

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
*** രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം.ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്,കൊച്ചി 682016**
**ഫോൺ: 0484 2361160, Extn. 32**
**Web: www.karayogammangalyam.com/ www.karayogammangalyam.in**
**Email :ekmkgm@gmail.com**




## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2017 ഒക്ടോബർ/നവംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 19.10.17 | Know each other programme | ശ്രീ.ആർ.മോഹൻകുമാർ | ഒരുകുറ്റാന്വേഷകന്റെ കേസ് ഡയറി- 3-ാം ഭാഗം | 939 |
| 26.10.17 | ഡോ.സുന്ദരി ജി മേനോൻ | ഡോ.ജി.മാധവൻ നായർ | ഭൂമിയുടെ ഉള്ളിന്റെ ഉള്ളിൽ | 940 |
| 02.11.17 | Adv. M.R.Rajendran Nair | | ജനകീയ ജനാധിപത്യം DEBATE | 941 |
| 09.11.17 | Spelling Game by G.P. Pillai | ശ്രീ.എ.ആർ പണിക്കർ | കുടുംബ സന്തുഷ്ടിയും സമുദായ സ്ഥിരതയും | 942 |

# തോൽക്കാതിരിക്കാൻ

പത്മജമേനോൻ, ഫോൺ: 8289887472

നെയ്യ്‌വിളക്കിന്റെ അരണ്ടവെളിച്ചത്തിൽ ഓടക്കുഴലു പിടിച്ചു നിൽക്കുന്ന കണ്ണന്റെ രൂപവും ഇടയ്ക്കയുടെ നേർത്ത ശബ്ദത്തിൽ അഷ്ടപദി ശീലുകൾ നാലമ്പലത്തെ ഭക്തിസാന്ദ്രമാക്കി. കർക്കിടക സന്ധ്യയിലെ ചാറ്റൽ മഴയിൽ മഴത്തുള്ളികൾ ശരീരത്തിൽ തെറിച്ചു വീണുകൊണ്ടിരുന്നു. ചൂളം വിളിച്ച് എത്തുന്ന കാറ്റിൽ രോമകൂപങ്ങൾ എഴുന്നേറ്റു നിന്നു. ശരീരവും, മനസ്സും ഒരുപോലെ മരവിച്ചിരിക്കുകയാണ്. എന്റെ കണ്ണാ.......ഞാൻ പിൻവാങ്ങുകയാണ് എങ്ങോട്ടെക്കെന്ന് എനിക്കറിയില്ല, ഒരു ലക്ഷ്യവുമില്ലാതെ. എന്റെ സങ്കടങ്ങൾ ഒന്നും ഞാൻ ഉരുവിടാറില്ല, അന്ത:രംഗത്തിലെ ചിന്തകൾ പോലും അറിയാവുന്ന കണ്ണനോട് എന്തു പറയുവാനാണ്. നീ ഒരിക്കലും എന്നെ അറിഞ്ഞിരുന്നില്ല, എന്നിട്ടും എനിക്ക് നിന്നെ വല്യ ഇഷ്ടമായിരുന്നു എന്നറിയാല്ലോ? എന്തു പറഞ്ഞാലും ചിരിച്ച് നിൽക്കുന്ന നിന്റെ രൂപം മാത്രമേ എന്റെ മനസ്സിലുള്ളൂ. ഇനിയൊരിക്കലും സങ്കടമനസ്സുമായി നിന്റെ മുന്നിലേക്ക് ഞാൻ വരില്ല. ഞാൻ പോവ്വാണ്. എന്താ മഹേശ്വരി പോകുന്നില്ലേ നട അടക്കാറായി എന്ന് തിരുമേനി വിളിച്ചുപറഞ്ഞപ്പോൾ അവൾ നിറമിഴിയോടെ കണ്ണനെ ഒന്നു കൂടെ നോക്കി നീർമിഴി തുള്ളികൾ സോപാന പടികളിൽ വീണുടഞ്ഞപ്പോൾ അവൾ പതിയെ പുറത്തേക്കു നടന്നു.

പിറ്റേന്ന് സ്റ്റാൻഡിൽ നിന്ന് ആദ്യം കണ്ട ബസിൽ ചേച്ചി തന്നെ കയറ്റി വിട്ടു. ജനാലയിലൂടെ പുറത്തേയ്ക്കു നോക്കിയപ്പോൾ ചേച്ചി കൈവീശി കാണിക്കുന്നത് ഒരുപുക മറയിൽ എന്നപോലെ കണ്ടു. അപ്പോൾ തന്റെ കണ്ണുകൾ തടാകങ്ങളായിരുന്നുവല്ലോ. ബസിൽ അവൾ പുറത്തേക്കു നോക്കിയിരുന്നു. കണ്ടക്ടർ വന്നു ചോദിച്ചു. എവിടേക്കാ അവൾ പറഞ്ഞു ഈ ബസിന്റെ അവസാന സ്റ്റോപ്പ് വരെ. കണ്ടക്ടർ ഒരു സംശയ ദൃഷ്ടിയോടെ തന്നെ നോക്കി പറഞ്ഞു പഴനിയാണ് അവസാനത്തെ സ്റ്റോപ്പ്. എന്നാൽ പഴനി എന്നു പറഞ്ഞു പണം നൽകി. അവൾ ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി ഇരുന്നു. ബസ് അതിവേഗം ഓടുകയാണ്. തൃശ്ശൂർ കഴിഞ്ഞതും പാലക്കാടിന്റെ മുഖമുദ്രയായ പനങ്കാടുകൾ കാണാൻ തുടങ്ങി. കരിമ്പനക്കൂട്ടങ്ങളെ നോക്കിക്കൊണ്ട് അവൾ ഇരുന്നു. അങ്ങകലെ തെന്മല തലയുയർത്തി നിൽക്കുന്നു. കണ്ണിന് കുളിർമ്മ പകരുന്നുണ്ടങ്കിലും മനസ്സിലെ മരവിപ്പിൽ പല ചിത്രങ്ങളും ഓടി വന്നു. സമയം നോക്കിയപ്പോൾ 6.20 കണ്ണന്റെ ദീപാരാധന സമയം. ഇന്ന് വ്യാഴാഴ്ച ആയതുകൊണ്ട് നല്ല തിരക്കായിരിക്കും. പല തരത്തിലുള്ള ഭക്തജനങ്ങളേയും നോക്കി താൻ ഒരുവശത്ത് മാറിയിരിക്കും. കാത്തുകൊള്ളേണമെയെന്ന് കുറച്ചുപേർ പറയുമ്പോൾ മറ്റു ചിലർ രക്ഷിക്കേണമെ എന്നാണ് പറയുന്നത്. രണ്ടിനും രണ്ടർത്ഥതലങ്ങൾ ഉള്ളതായി അവൾക്ക് തോന്നി. കാത്തുകൊള്ളേണമേ എന്നു പറയുന്നവർ സമാധാനമുള്ളവരാണ് തങ്ങളുടെ ഇപ്പോഴുള്ള ജീവിതത്തെ അതുപോലെ കൊണ്ടുപോകണം എന്നാണ് അവർ പറയുന്നത് എന്നാൽ രക്ഷിക്കേണമേ എന്നു പറയുന്നവർ ദു:ഖിതരാണ്. തന്റെ പ്രശ്നങ്ങളിൽ നിന്ന് രക്ഷിക്കണമേയെന്നാണ് അവർ പറയുന്നത്. എന്തായാലും എല്ലാവർക്കും നല്ലതു വരുത്തട്ടെ എന്നവൾ പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ ചുറ്റുവിളക്കുള്ള ഒരു ദിവസം ദീപസ്തംഭത്തിൽ വിളക്ക് തെളിയിച്ചു കൊണ്ടിരിക്കുമ്പോഴാണ് നാലമ്പലത്തിൽ നിന്നും പൂർണ്ണചന്ദ്രൻ ഉദിച്ചതുപോലെ ഇറങ്ങിവന്ന ആ പുരുഷകേസരിക്ക് പൗരുഷത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു. അന്നാണ് ജീവൻരാജ് തന്റെ മനസ്സിൽ കയറിയത്. അദ്ദേഹം പലപ്പോഴും അമ്പലത്തിൽ വരും മധുരിക്കുന്ന തേൻമൊഴികളൊന്നും ഉരിയാടാതെ ചിരിയിലൂടെ ഞങ്ങൾ അനുരാഗബന്ധരായി. അമ്പലത്തിലെ സംഭാവന കൂപ്പൺ കൈമാറുമ്പോഴാണ് ഞങ്ങൾ ഫോൺ നമ്പർ കൈമാറിയത്. ഒരു വർഷത്തോളം നീണ്ടു നിന്ന ഞങ്ങളുടെ പ്രണയം. പലപ്പോഴും ഫോൺ വിളികളായി Watsapp ൽ chat ചെയ്യലായി Are you awake, Are you free, Are you online എന്നൊക്കെ ചോദിച്ച് കൊണ്ടുവരുന്ന മെസ്സേജുകൾക്ക് വേണ്ടി താൻ കാത്തിരിക്കുമായിരുന്നു. അങ്ങനെ സങ്കല്പത്തിലൂടെ ഞങ്ങൾ പലപ്പോഴും

ഒന്നായി. മേഘ തിമിരം ബാധിച്ച ആകാശ വിതാനം പോലെയായി ഇപ്പോൾ തന്റെ അന്ത:രാളം. ബസ്സ് തമിഴ്നാട് ബോർഡറായ കൊല്ലങ്കോട് എത്തിയിരുന്നു. ശീഘ്രം വാങ്കോ റൊമ്പെലെറ്റായിരിക്ക്, കണ്ടക്ടർ തമിഴ് പേശുവാൻ തുടങ്ങിയിരിക്കുന്നു. അടുത്ത സീറ്റിലുണ്ടായിരുന്ന സ്ത്രീ പറഞ്ഞു. പഴനിക്ക് ഇനിയും രണ്ടര മണിക്കൂർ എടുക്കുമെന്ന് ചിന്തകൾ കുലംകുത്തിയൊഴുകുന്ന പുഴ പോലെ വീണ്ടും പാഞ്ഞെത്തി. കുറച്ചു ദിവസങ്ങളായി ജീവൻ രാജിന്റെ ഫോൺ കോൾ ഒന്നും കാണുന്നില്ല. താൻ വിളിക്കുമ്പോൾ കിട്ടുന്നുമില്ല തന്റെ മാനസിക നില തകിടം മറിച്ച ദിനങ്ങൾ ഒടുവിൽ ഒരു ദിവസം ഫോൺ വിളിച്ചിട്ടു പറഞ്ഞു. ജീവൻ രാജിന്റെ മറ്റൊരു മുഖമായിരുന്നു അത്. അയാളുടെ കല്യാണമാണ്. ഉന്നത ബിരുദധാരിയും, പണക്കാരിയുമായ നന്ദയുമായിട്ട്. മഹേശ്വരി എന്താ കരുതിയത് താൻ എന്റെ നല്ല ഗേൾഫ്രണ്ട് മാത്രമാണ്. ഞാൻ പറഞ്ഞതെല്ലാം വെറും joke മാത്രമാണ്. സമയം കിട്ടുമ്പോൾ ഞാൻ വിളിച്ചുകൊള്ളാം എന്നു പറഞ്ഞു ഫോൺ വെച്ചു.

ജീവിതത്തിൽ പ്രണയത്തിന്റെ കാണാപ്പുറങ്ങളിലേക്ക് കൈപിടിച്ചു കൊണ്ടുപോയിട്ട് ഇപ്പോൾ എല്ലാം തമാശയാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം തന്റെ മാനസീകാവസ്ഥയെ പറ്റി ഓർത്തതേയില്ല. ഒരു നാട്ടുംപുറത്തുകാരിയായ തനിക്ക് ഇതെല്ലാം ഫ്രണ്ട്ഷിപ്പിന്റെ ഭാഗമായിരുന്നുവെന്ന് അറിയില്ലായിരുന്നു. തന്നെ ഒരു കോമാളി വേഷം കെട്ടിയ്ക്കുകയായിരുന്നുവെന്ന് അറിഞ്ഞില്ലല്ലോ എന്നു പറഞ്ഞു ഒരു മെസ്സേജ് അയച്ചു. അതായിരുന്നു താൻ അയച്ച അവസാനത്തെ മെസ്സേജ് താൻ മാത്രം ഇങ്ങനെ.............തിരിച്ചെടുത്ത സ്നേഹത്തിന്റെ ബാക്കി പത്രമായി......................

ചെറുപ്പത്തിൽ അമ്മയും അച്ഛനും നഷ്ടപ്പെട്ട തന്നെ ചേച്ചിയും ഭർത്താവും അവരുടെ കൂടെ കൊണ്ടുവന്നു, ഏട്ടന്റെ നാടായ തെക്കൻ ചിറ്റൂരിലേക്ക്. താൻ വളർന്നതു മുഴുവൻ അവിടെയാണ്. ആകസ്മികമായിട്ടായിരുന്നു ഏട്ടന്റെ മരണം. പിന്നെ ചേച്ചിയും താനും, ചേച്ചിയുടെ മകൻ രാജേഷും മാത്രമായി. ഏട്ടന്റെ പെൻഷനും, തന്റെ റ്റ്യൂഷൻ പണവും എല്ലാംകൊണ്ട് ഏട്ടന്റെ മൂന്നുസെന്റ് സ്ഥലത്തെ വീട്ടിൽ പട്ടിണിയില്ലാതെ ജീവിച്ചു.

എന്നാ അമ്മാ അഴകിറുതൈ, എന്നാച്ച് എന്നു പറഞ്ഞ് ആളുകൾ ചോദിച്ചപ്പോൾ അവൾ വേഗം കണ്ണുകൾ തുടച്ചു. കണ്ടക്ടർ വിളിച്ചുപറയുന്നുണ്ടായിരുന്നു പഴനി എത്തിയാച്ച് എന്ന്. അവൾ തന്റെ ബാഗും എടുത്ത് ഇറങ്ങി. ഭക്തജനങ്ങൾ പഴനി മലയെ ലക്ഷ്യമാക്കി നടക്കുകയാണ്. അവളും ചിതറിയ മനസ്സുമായി അവർക്ക് പിന്നാലെ നടന്നു. എല്ലാവരും മല കയറുവാൻ തുടങ്ങി. അവൾ ഒരു ഭാഗത്ത് ഇരുപ്പ് ഉറപ്പിച്ചു എന്ത് ചെയ്യണമെന്നറിയാതെ നിറമിഴിയോടെ കണ്ണൻ കൈവിട്ട തന്നെ മുരുകൻ കാപ്പാത്തുമെന്ന വിശ്വാസം അവൾക്കില്ലായിരുന്നു. ഒരു ദൈവവും തന്നെ അനുഗ്രഹിക്കില്ല. തന്റെ മനസ്സ് കാണാൻ ആർക്കും കഴിയില്ല. അപ്പോഴാണ് ധൃതിയിൽ മല ഇറങ്ങിവന്ന ഒരു സ്ത്രീ തന്റെ അരികിൽ വന്നു ചോദിച്ചു. 'ആരുമൈ കൂടെയില്ലയാ. ഇന്ത ഇടം റൊമ്പ ആപത്ത്. ശീഘ്രം എൻകൂടെ വാങ്കോ' എന്നു പറഞ്ഞപ്പോൾ താൻ അവരുടെ കൂടെ പോയി. അമ്പലത്തിൽ നിന്നും കുറച്ചകലെയായി വൃത്തിയുള്ള കെട്ടിടത്തിലേക്ക് കൊണ്ടുപോയി. 'നീങ്കൾ മലയാളി താനെ' അവൾ അതെ എന്നർത്ഥത്തിൽ തലയാട്ടി. ഞാനും മലയാളിയാണ് ഇതാണ് ഞാൻ താമസിക്കുന്ന സ്ഥലം. ഇതൊരു പകൽ വീടാണ്. രാവിലെ മുതൽ വൈകുന്നേരം ആറുമണിവരെ കുറെ പേർ വരും സ്ത്രീയും, പുരുഷനുമെല്ലാം. പ്രായമായവരാണ് അധികവും. അവർക്ക് ആഹാരം ഉണ്ടാക്കുന്ന ജോലിയാണ് എനിക്ക്. ഇതിലെ ഒരു മുറിയിൽ രാത്രിയിൽ കിടക്കും. പകൽ വീട് നടത്തിപ്പുകാരനും മലയാളിയാണ്. അവരുടെ കൂടെ ജോലിയെല്ലാം ചെയ്ത് അവരെ സഹായിച്ച് അവിടെ താമസിച്ചു. ഒരു ദിവസം താൻ പ്രതീക്ഷിച്ച ആ ചോദ്യം ചേച്ചി ചോദിച്ചു. എന്തിനാണ് മഹേശ്വരി വീട് വിട്ട് ഇറങ്ങി പുറപ്പെട്ടത്.? അവൾ പറഞ്ഞു വേറെ വഴിയില്ലായിരുന്നു. ചേച്ചിയും, ഞാനുമാണ് വീട്ടിൽ ഉണ്ടായിരുന്നത്. ചേച്ചിയുടെ മകൻ ജോലിയായി ഹൈദ്രാബാദിലാണ്. ഒരു ദിവസം അവന്റെ ഫോൺ വന്നു വീട് എല്ലാം വിറ്റ് ഞാൻ അമ്മയെ ഇങ്ങോട്ടെക്ക് കൊണ്ടു വരികയാണ്. ചെറിയമ്മയെ കൊണ്ടുവരുവാൻ ഭാര്യ സമ്മതിക്കുന്നില്ല. എന്റെ കൂട്ടുകാരൻ വീട് വാങ്ങാൻ തയ്യാറായിട്ടുണ്ട്. ചെറിയമ്മയെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി, ഏതെങ്കിലും അനാഥാലയത്തിൽ ആക്കണം. ചേച്ചിക്ക് ആകെ വിഷമമായി. ഞാൻ പറഞ്ഞു സാരമില്ല ചേച്ചി -എന്റെ മകനല്ലല്ലോ അവൻ അതുകൊണ്ട് അവനിൽ നിന്ന് കുടുതൽ ഒന്നും പ്രതീക്ഷിക്കരുത് ഞാൻ. ചേച്ചിയെ സംരക്ഷിക്കാം എന്നു പറഞ്ഞതു തന്നെ ഭാഗ്യമാണ്. അവർ പോകുന്നതിനു മുമ്പ് താൻ അവിടെ നിന്ന് വേഗം ഇറങ്ങി പുറപ്പെട്ടു.

തന്റെ ഒരു കൂട്ടുകാരി പൊള്ളാച്ചിയിലാണ് അവൾ വിളിച്ചിട്ടുണ്ട് എന്ന് ചേച്ചിയോട് കള്ളം പറഞ്ഞ് ഇറങ്ങിപുറപ്പെട്ടതാണ് ഞാൻ. എത്തിയത് ഇവിടെയും.

നീ എന്താ കോവിലിൽ തൊഴാൻ വരാത്തത്? ഇല്ല - എനിക്ക് ദൈവത്തിലുള്ള വിശ്വാസമെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ഒരുപാട് പരാധീനതകളും പരിവെട്ടങ്ങളും പരിമിതികളും, പരിദേവനങ്ങളും ഉള്ള എന്റെ മനസ്സ് കണ്ണൻ കണ്ടില്ല. ചുറ്റുവിളക്കും, കളഭവും, ഉദയാസ്തമനപൂജയും, എല്ലാം നടത്തുന്നവരെ മാത്രമേ കണ്ണന് ഇഷ്ടമുണ്ടാവുകയുള്ളായിരിക്കും. ഒരു നെയ്യ് വിളക്ക് കത്തിച്ച് ആ പാദാരവിന്ദങ്ങളിൽ ഒരു തുളസിക്കതിരായി വീണ തന്റെ ഉള്ളം കണ്ണൻ കണ്ടില്ല. അല്ലെങ്കിൽ കണ്ടില്ലെന്നു നടിച്ചു. എനിക്ക് ഇപ്പോൾ ദൈവത്തെ ഭയമാണ്.

ഋതുഭേദങ്ങളും ദിനരാത്രങ്ങളും പരിവർത്തനങ്ങൾ ഒന്നും തന്നെയില്ലാതെ ദ്രുതഗതിയിൽ പോയ്മറഞ്ഞു. ജീവിതത്തോട് തോൽക്കാതിരിക്കാൻ അവൾ അഹോരാത്രം പണിപ്പെട്ടു. ചുറ്റുമുള്ള കുട്ടികൾക്ക് റ്റ്യൂഷൻ എടുക്കുവാൻ തുടങ്ങി. താമസിയാതെ അവൾ കുട്ടികളുടെ പ്രിയപ്പെട്ട ടിച്ചർ ആയി മാറി. തന്റെ റ്റ്യൂഷൻ ക്ലാസ്സിൽ വരുന്ന ധനുഷിനെ തനിക്ക് വല്യ കാര്യമായിരുന്നു. തളർന്ന് കിടക്കുന്ന അമ്മയാണ് അവന് ഉള്ളത്. ഒരമ്മയുടെ ലാളന ഏൽക്കാൻ കഴിയാത്ത അവന്റെ മുഖം നിരാശയുടെതാണ്. ഒരുദിവസം അവന്റെ സ്ക്കൂളിലെ രക്ഷിതാക്കളുടെ കലാപരിപാടിക്ക് അവന്റെ അമ്മയ്ക്ക് പോകാൻ പറ്റാത്തതുകാരണം അവൻ ആകെ വിഷമത്തിലായിരുന്നു. ബേക്കറി നടത്തിപ്പുക്കാരനായ അവന്റെ അച്ഛൻ കലാപരിപാടിക്ക് പോകുവാൻ ഉത്സാഹം കാട്ടിയില്ല. ഒടുവിൽ അവന്റെ അമ്മയായി താൻ പോയി സമ്മാനമെല്ലാം വാരിക്കൂട്ടി. ധനുഷിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അങ്ങനെ പലപ്പോഴും താൻ അവന്റെ അമ്മയുടെ വേഷം അണിഞ്ഞു. ഒരു ദിവസം നിനച്ചിരിക്കാതെ ധനുഷിന്റെ അച്ഛൻ സുബ്രമണ്യം തന്നെക്കാണാൻ വന്നു. 'എന്റെ മകൻ ധനുഷിന് ടീച്ചറെ വല്യ ഇഷ്ടമാണ്.......മുഖവുരയൊന്നുമില്ലാതെ അയാൾ പെട്ടെന്ന് പറഞ്ഞു ടീച്ചർക്ക് അവന്റെ അമ്മയായി ഞങ്ങളോടൊപ്പം താമസിച്ചു കൂടെയെന്ന്......ഒട്ടും പ്രതീക്ഷിക്കാത്ത ആ വാർത്ത ശ്രവിച്ച അവൾ നിശബ്ദയായി. പിന്നീട് പ്രത്യുല്പന്നമതിത്വം കൈവരിച്ച് കൊണ്ട് അവൾ പറഞ്ഞു ജീവിതത്തിൽ തീക്ഷ്ണ പരീക്ഷണങ്ങളെ അതിജീവിക്കാൻ കഴിയണം. അവിടെ പതറിപ്പോകരുത്. ധനുഷിന്റെ അച്ഛന് ഭാര്യയില്ലാതിരുന്നെങ്കിൽ ഞാൻ നിങ്ങളുടെ ആഗ്രഹത്തിന് സമ്മതിക്കുമായിരുന്നു. ഇവിടെ ഭാര്യ ജീവനോടെയിരിക്കുമ്പോൾ.......രോഗം ഒരു കുറ്റമല്ല നല്ല ചികിത്സ കൊടുത്താൽ മാറാവുന്ന രോഗമേ നിങ്ങളുടെ ഭാര്യക്ക് ഉള്ളൂ. അയാൾ പറഞ്ഞു ചികിത്സയെല്ലാം നടത്തി ഒരു കാര്യവും ഇല്ല. മാത്രമല്ല ധനുഷിന് സമ്മതമാണ്. അത് കൊണ്ടാണ് ഞാൻ.............ശരിയാണ് അവൻ കുട്ടിയാണ്. മറ്റു കുട്ടികളുടെ മുന്നിൽ നല്ല ഒരു അമ്മയെ കിട്ടിയ സന്തോഷത്തിലാണ് അവൻ. പക്ഷെ കുറച്ചു കഴിയുമ്പോൾ അവന് തിരിച്ചറിവ് ഉണ്ടാവും അന്ന് തന്നെ പ്രസവിച്ച അമ്മയെ നിഷ്കരണം ഉപേക്ഷിച്ച അച്ഛനോട് അവന് തീരാത്ത പകയായിരിക്കും. എന്നെ ഒരുപാട് ഇഷ്ടപ്പെടുന്ന ധനുഷിന്റെ മുന്നിൽ ഞാൻ വെറുക്കപ്പെട്ടവളായി മാറും. ഈ ഇഷ്ടങ്ങൾ എല്ലാം നൈമിഷികമാണ്. കുറച്ചു കഴിയുമ്പോൾ അവൻ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടും. മാത്രമല്ല ഞാനും ഒരു സ്ത്രീയാണ്. തന്റെ ഭർത്താവിനെ പങ്ക് വെയ്ക്കുവാൻ ഒരു സ്ത്രീയും ആഗ്രഹിക്കുകയില്ല. അവർക്ക് ആരോഗ്യമുണ്ടായിരുന്ന കാലത്ത് നിങ്ങളുടെ മകനെ പ്രസവിച്ച നിങ്ങളുടെ എല്ലാ കാര്യങ്ങളും നോക്കി നടത്തിയ ഒരു നല്ല ഭാര്യയായ ഉത്തമസ്ത്രീയായിരുന്നു അവർ. അവരുടെ ഭാഗത്ത് നിന്ന് ഒരു നിമിഷമെങ്കിലും നിങ്ങൾ ചിന്തിക്കണം. അവർക്ക് നല്ല ചികിത്സയാണ് ആവശ്യം. അതുകൊണ്ട് കുത്സിതമായ കാര്യങ്ങളെ പറ്റി ചിന്തിക്കാതെ ഭാര്യയെ സ്നേഹിക്കുക ജീവിതം അനർഗനിർഗളമായി ഒഴുകട്ടെ എന്ന് പറഞ്ഞ് അയാളെ യാത്രയാക്കി.

പകൽവീട്ടിൽ വരുന്ന മുത്തുസ്വാമി പാണ്ഡ്യൻ എന്ന വയോധികന്റെ ആകസ്മികമായ മരണം എല്ലാവരിലും ദു:ഖം ഉളവാക്കി. അദ്ദേഹത്തെ കാണുവാനായി ഞാനും ചേച്ചിയും അവരുടെ വീട്ടിലേക്ക് പോയി. വലിയ പണക്കാരനായ അദ്ദേഹത്തിനെ കാണാൻ മന്ത്രിമാരും, ഉന്നത പോലീസ് ഉദ്യോഗസ്ഥരും എത്തിയിരുന്നു. ഉറങ്ങിക്കിടക്കുന്നപോലെ കിടക്കുന്ന മുത്തുസ്വാമിപാണ്ഡ്യനെ അവൾ ഇമവെട്ടാതെ കുറെനേരം നോക്കി നിന്നു. തന്നെ വലിയ കാര്യമായിരുന്നു അദ്ദേഹത്തിന്. മലയാളി മങ്കയെ എന്ന് വിളിച്ച് തനിക്ക് സമ്മാനങ്ങൾ എല്ലാം തരുമായിരുന്നു. അവിടെ എല്ലാം ഓടി നടന്ന് കാര്യങ്ങൾ ചെയ്യുന്ന ഒരാൾ........ശ്യാമവർണ്ണമുള്ള അയാൾ ആരാണ്...........? അപ്പോഴാണ് ജീവിതത്തെ മാറ്റി മറിച്ച ആ സംഭവമുണ്ടായത്......●

തുടരും

# എട്ടാമൻ നെപ്ട്യൂൺ

**സി.രാമചന്ദ്രൻ**

കാണുന്നതെല്ലാം യഥാർത്ഥമല്ല, മനുഷ്യബോധത്തിന്റെ പരിമിതികൾക്കകത്തു നിന്നുകൊണ്ടാണ് ധാരണകൾ രൂപപ്പെടുന്നത്. ഭൂമി നിശ്ചലമായി നില്ക്കുന്നു എന്നും, ഗ്രഹങ്ങളും നക്ഷത്രങ്ങളും ഭൂമിയെ ചുറ്റുന്നു എന്നുമാണ് നാം പ്രത്യക്ഷത്തിൽ കാണുന്നത്. എന്നാൽ ഇതല്ല യാഥാർത്ഥ്യം. ഭൂമി അതിന്റെ അച്ചുതണ്ടിൽ 24 മണിക്കൂറിലൊരിക്കൽ തിരിയുന്നു എന്നതും സൂര്യനു ചുറ്റും 365 1/4 ദിവസം കൊണ്ട് ഒരു വട്ടം വലം വയ്ക്കുന്നു എന്നതുമാണ് യാഥാർത്ഥ്യവും വസ്തുതയും. ഭൂമിയെ വലംവയ്ക്കുന്ന ഒരേയൊരു ആകാശഗോളം ചന്ദ്രനാണ്. സൂര്യൻ ഒരു നക്ഷത്രവും ചന്ദ്രൻ ഉപഗ്രഹവുമാണെന്നിരിക്കെ പ്രാചീന ആകാശനിരീക്ഷകർ ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി എന്നീ അഞ്ചു ഗ്രഹങ്ങളെ മാത്രമേ കണ്ടിട്ടുള്ളു. ഭൂമിയെ കണ്ടിട്ടുണ്ടെങ്കിലും അതൊരു ഗ്രഹമാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നതുമില്ല. ഗ്രഹങ്ങൾക്കു കാരണമായ ഭൂമിയുടേയും ചന്ദ്രന്റേയും നിഴലുകളെ, രാഹുകേതുക്കൾ എന്ന രണ്ടു ഗ്രഹങ്ങളായി അവർ തെറ്റിദ്ധരിക്കുകയും ചെയ്തിരുന്നു.

16-ാം നൂറ്റാണ്ടിൽ ടെലസ്ക്കോപ്പ് കണ്ടുപിടിച്ചതോടെയാണ് മനുഷ്യന്റെ കാഴ്ചയുടെ ദൂരപരിധി വർദ്ധിച്ചത്. ശനിയ്ക്കപ്പുറമുള്ള യുറാനസ്സിനെ കണ്ടെത്തിയതിനെക്കുറിച്ച് മുൻലേഖനത്തിൽ കണ്ടല്ലോ.നെപ്ട്യൂണിനെ കണ്ടെത്തിയതിനെക്കുറിച്ചും രസകരമായ ഒരു കാര്യമുണ്ട്. ഏതു ഗ്രഹമായാലും അതു ചലിക്കുന്നത് നിയമാധിഷ്ഠിതമായിട്ടാണ്. പ്രപഞ്ചത്തിന്റെ മൊത്തം ചലനത്തിലും ഈ നിയമാനുസൃതത്വം ദൃശ്യമാണ്. ഗ്രഹങ്ങളുടെ ചലന നിയമങ്ങൾ കണ്ടെത്തിയത് കെപ്ലറും അതു സാമാന്യവൽക്കരിച്ചു പുഷ്ക്കലമാക്കിയത് ന്യൂട്ടണുമാണ്. എന്നാൽ യുറാനസ്സിന്റെ ചലനം ഈ നിയമത്തിൽ നിന്നും വ്യതിചലിക്കുന്നതായും അനുഭവപ്പെട്ടു. ഇത് മറ്റേതോ ഗ്രഹത്തിന്റെ ഗുരുത്വം വലിയ്ക്കുന്നതുകൊണ്ടാകാമെന്ന് ജോൺകോച്ച് ആദം, ഉർബൈൻ ലെ വെറിയർ എന്നീ ശാസ്ത്രജ്ഞൻമാർ നിഗമനം ചെയ്തു. അങ്ങിനെ ഒന്നുണ്ടെങ്കിൽ അതിന്റെ സ്ഥാനവും ഇന്നതായിരിക്കുമെന്ന് അവർ കണക്കുകൂട്ടി പ്രഖ്യാപിച്ചു. അതനുസരിച്ചുള്ള നിരീക്ഷണത്തിൽ ബർലിൻ നിരീക്ഷണാലയത്തിലെ ജോൺ ഗാലേ, ഹെയിൻ അറെസ്റ്റ് എന്നീ നിരീക്ഷകർ ഒരു ഗ്രഹത്തെ കണ്ടെത്തി. നെപ്ട്യൂൺ എന്നു പേരും നൽകി. ഇപ്പറഞ്ഞ നാലു പേരേക്കാൾ, ശാസ്ത്ര സമൂഹത്തിൽ ന്യൂട്ടൺ പ്രശസ്തനായി; മരിച്ചു കഴിഞ്ഞിരുന്നുവെങ്കിൽ പോലും ന്യൂട്ടന്റെ നിയമങ്ങൾക്കുള്ള തികഞ്ഞ അംഗീകാരമായി.

യുറാനസ്സിനു സമാനമായ ഒരു ഗ്രഹമാണ് നെപ്ട്യൂൺ. ഭൂമിയുടെ വലിപ്പത്തിനോടടുത്ത വലുപ്പമുള്ള ഒരു പാറയാണ് ഉൾക്കാമ്പിൽ. ജലം, മീഥെയിൻ, അമോണിയ എന്നിവ ഉറഞ്ഞു കൂടിയ ഒരു കവചമാണ് അടുത്ത പാളി. അതിനു പുറമെ ഹൈഡ്രജനും, ഹീലിയവുമടങ്ങിയ സാന്ദ്രമായ അന്തരീക്ഷവുമുണ്ട്. ഈ അന്തരീക്ഷത്തിന് ഇരുപതിനായിരം കി.മീറ്റർ ഉയരമുണ്ട്. ഭൂമിയുടെ നാൽപ്പതിരട്ടി വലിപ്പമുള്ള നെപ്ട്യൂൺ, സൂര്യനിൽ നിന്ന് ഭൂമിയിലേക്കുള്ളതിന്റെ മുപ്പതിരട്ടി ദൂരത്തിൽ സ്ഥിതിചെയ്യുന്നു. സൂര്യനെ വലംവയ്ക്കുവാൻ ഇതിന് 165 വർഷങ്ങൾ വേണം; ഒരു രാശിയിൽ 14 വർഷത്തിൽ താഴെ. എന്നാൽ സ്വന്തം അച്ചുതണ്ടിൽ കറങ്ങുവാൻ 18 മണിക്കൂർ മതി.

എട്ടുപ്രധാന ഉപഗ്രഹങ്ങളാണ് നെപ്ട്യൂണിനുള്ളത്. ട്രിടോൺ ആണ് ഏറ്റവും വലുത്. ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള അകലം തന്നെയാണിതിനുമുള്ളത്. ഒരുപ്രാവശ്യം വലംവയ്ക്കുവാൻ ആറു ദിവസം മതി, സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങൾ മാതൃഗ്രഹങ്ങളെ വലംവയ്ക്കുന്നതിനു വിപരീത ദിശയിലാണ് ഇതിന്റെ പാത. സൗരയൂഥത്തിലെ ഏറ്റവും തണുപ്പ് അനുഭവപ്പെടുന്ന സ്ഥലമാണ് ട്രിടോൺ (-230°C).

അടുത്ത ഉപഗ്രഹം 'നെറീഡ്' ആണ്. ദീർഘവൃത്തത്തിലുള്ള അതിന്റെ ദൂരം അടുത്തു വരുമ്പോൾ ഒന്നരലക്ഷം കിലോമീറ്ററും അകലുമ്പോൾ ഒരുകോടി കിലോമീറ്ററുമാണ്. 360 ദിവസം കൊണ്ടാണ് ഇതൊരുവട്ടം വലം വയ്ക്കുന്നത്.

വയജർ-2 എന്ന ബഹിരാകാശയാനം നെപ്ട്യൂ

ണിന്റെയും ഉപഗ്രഹങ്ങളുടേയും നിരവധി ചിത്രങ്ങൾ ഭൂമിയിലേക്ക് അയച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വയജർ ആണ് നെപ്ട്യൂണിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ സഹായിച്ചത്. നെപ്ട്യൂണിന് 13 ഉപ ഗ്രഹങ്ങൾ ഉണ്ടെങ്കിലും എട്ടെണ്ണത്തിനു മാത്രമാണ് പേരുകൾ നൽകിയിട്ടുള്ളത്. നയാദ്, തലാസ്സ, ഡെസ്പിന, ഗാലറ്റിയ, ലാറിസ്സ, പ്രോട്ടിയസ് എന്നിവയെ വയജറാണ് കണ്ടെത്തിയത്. അടുത്ത കാലത്ത് ന്യൂഹൊറൈസൺ എന്ന ബഹിരാകാശ യാനവും നെപ്ട്യൂണിനെക്കുറിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്.

നെപ്ട്യൂണിനു ചുറ്റുമുള്ള നാലു വലയങ്ങളും കണ്ടെത്തിയിട്ടുണ്ട്. അവ ക്രമത്തിൽ ഗാലെ, ലെവെറിയർ, ലാസെൽ, അറാഗോ എന്നിങ്ങനെയാണ്.

**അടിസ്ഥാന വിവരങ്ങൾ**

സൂര്യനിൽ നിന്നും ശരാശരി ദൂരം - 4506 കോടി കിലോമീറ്റർ

ഭ്രമണകാലം - 18 മണിക്കൂർ

പരിക്രമണകാലം - 165 വർഷം

വ്യാസം - 49500 കി.മീറ്റർ

സാന്ദ്രത - 1.6g/cc

നെപ്ട്യൂണിനപ്പുറം ഇന്നത്തെ നിലയ്ക്ക് ഗ്രഹങ്ങളില്ല●

## 2017 സെപ്തംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**ആർ.മുരളീധരൻ നായർ**
L/2363, പ്രശാന്തി, ഐശ്വര്യ ലെയിൻ
ഗാന്ധി നഗർ, കൊച്ചി 682017.



**അയ്യപ്പൻ ഉണ്ണിത്താൻ**
L/745, 701-പഞ്ചവടി അപ്പാർട്ട്മെന്റ്സ്
അമ്പേലിപ്പാടം റോഡ്, ജനത ജംഗ്ഷൻ, കൊച്ചി-682019



**ജസ്റ്റിസ് (റിട്ട) കെ.എ.നായർ**
L/1080, അവലോൺ
ദിവാൻസ് റോഡ്, കൊച്ചി-682016



**ചന്ദ്രമതി അമ്മ**
L/1654, 55/2212, മണ്ണൂർ
രവിപുരം റോഡ്
കൊച്ചി 682016



**ടി.രാധാകൃഷ്ണൻ**
L/3267, ഉമാമന്ദിരം,
കണ്ണന്തോടത്ത് ലെയിൻ
വളഞ്ഞമ്പലം, കൊച്ചി-682016

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

## ശ്ലോകം 12

പൂമാതിൻ കുചചൂചുകത്തിലും മനംഗാരാതി തൻ ഹൃത്തിലും

കാമൻതൻ വിശിഖത്തിലും യതികൾതൻ ഭ്രൂമദ്ധ്യചക്രത്തിലും

സോമൻതൻ കിരണത്തിലും തരുണിതൻ തേജസ്സിലും മേവിടും

ശ്രീമന്മാധവ നിൻ വിഭൂതികളറിഞ്ഞോൻ തന്നെ വിജ്ഞോത്തമൻ

## പദാർത്ഥം:

പൂമാത് = മഹാലക്ഷ്മി

കുചം = മുല

ചൂചുകം = മുലക്കണ്ണ്

അനംഗ = കാമദേവൻ

അനംഗാരാതി = അനംഗന്റെ ശത്രു ശിവൻ

ഹൃത്തിലും = മനസ്സിലും

വിശിഖം = അൻപ്

യതി = ഇന്ദ്രിയങ്ങളടക്കിയവൻ

സോമൻ = ചന്ദ്രൻ

തരുണിതൻ തേജസ് = സ്ത്രീകളുടെ രജസ്

ശ്രീമന്മാധവ = ശ്രീയോട് (മഹാലക്ഷ്മിയോട്) ചേർന്നിരിക്കുന്ന കൃഷ്ണൻ

വിഭൂതി = വിവിധങ്ങളായ അസ്തിത്വങ്ങൾ

വിജ്ഞോത്തമൻ = അറിയുന്നവരിൽ ഏറ്റവും ഉത്തമൻ

## ശ്ലോകാർത്ഥം:

മഹാലക്ഷ്മിയുടെ മുലക്കണ്ണുകളിലും, കാമദേവന്റെ ശത്രുവിന്റെ മനസ്സിലും, കാമദേവന്റെ ശരങ്ങളിലും, ഇന്ദ്രിയനിഗ്രഹം ചെയ്തവരുടെ ആജ്ഞാചക്രത്തിലും, ചന്ദ്രന്റെ കിരണങ്ങളിലും, തരുണിയുടെ രജസിലും മേവുന്ന ലക്ഷ്മീസമേതനായ കൃഷ്ണ, നിന്റെ വിവിധങ്ങളായ അസ്തിത്വങ്ങൾ അറിഞ്ഞവൻ തന്നെയാണ് വിശിഷ്ടമായ അറിവുള്ളവരിൽ ഏറ്റവും ഉത്തമൻ.

## വ്യാഖ്യാ:

വിഭൂതികൾ. വിവിധങ്ങളായ വിശിഷ്ടങ്ങളായ ഭൂതികൾ അസ്തിത്വങ്ങൾ. സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾക്കോരോന്നിനും ഈരണ്ടുദാഹരണങ്ങളിലൂടെ, ഇതു മൂന്നും വിഷ്ണുവിന്റെ 'വൈഭവ'മാണ് എന്നു പറഞ്ഞുറപ്പിച്ച ഈ ശ്ലോകം, ഈ ഗ്രന്ഥത്തിലെ തന്നെ ഒരു 'മാധവ'മാണ്.

## സൃഷ്ടി:

തരുണിതൻ തേജസ്. 'തരുണി'തരണം ചെയ്തവളാണ്. ബാല്യം തരണം ചെയ്ത് ഋതുമതിയായി പുന:സൃഷ്ടിക്ക് തയ്യാറായവൾ. ബീജം പുരുഷന്റെ 'തേജസ്'എന്ന പോലെ 'തരുണിതൻ തേജസ്' അണ്ഡവും അതിനെ വഹിക്കുന്ന രജസുമാണ്. 'ശുക്ലം തേജോ രേതസീ'ച ബീജവീര്യേന്ദ്രിയാണി ച (അമരം:, മനു: 62) രജസ്വലയായവളാണ് തരുണി. തരുണിയുടെ തേജസ് വഹിക്കുന്ന അണ്ഡം സൃഷ്ടിക്കു തയ്യാറായി, ബീജത്തെ കാത്തുനിൽക്കുന്നതാണ്. അവിടെ നീ സൃഷ്ടി വൈഭവം പ്രകടിപ്പിച്ചു മേവുന്നു. ചൂചുകം മുലക്കണ്ണ്. ചൂചുകം തന്നെ മുലക്കണ്ണായിരിക്കെ ഗുരു എന്തിന് 'കുച ചൂചുകം' എന്നു പറഞ്ഞു? സൃഷ്ടികർമ്മത്തിലും, ഉടനേ തുടങ്ങുന്ന സ്ഥിതി ഭാവത്തിലും ഇതിന്റെ രണ്ടിന്റേയും പ്രാധാന്യമാണ് വിഷയം. സ്ത്രീകളുടെ മുലക്കണ്ണ് ലൈംഗിക വികാരത്തിന്റെ ഒരു പ്രധാന ഇരിപ്പിടമാണ്. പുരുഷലിംഗ വിജൃംഭണം പോലെ തന്നെ സ്ത്രീകൾക്ക് മുലയും മുലക്കണ്ണും വിജൃംഭിക്കുന്നു. തുടർന്നുണ്ടാവാൻ പോകുന്ന ആനന്ദത്തിന്റെ ആദ്യസ്ഫുരണവും ഇതിൽ തുടങ്ങുന്നു. എന്നാൽ, ഇപ്പോൾ ജനിച്ച കുഞ്ഞിന് ജീവാമൃതമായ പാൽ, ഇതേ മുലകൾ തന്നെയാണ് നിമിഷങ്ങൾക്കുള്ളിൽ സംഭരിച്ച്, ചൂചുകങ്ങളിലൂടെ കുഞ്ഞിനു ചുരത്തി കൊടുക്കുന്നത്. ഈ വിശേഷം കൊണ്ടാണ് 'കുച ചൂചുകം' എന്ന് ഗുരു എടുത്തു പറഞ്ഞത്. എന്നാൽ ഇവിടെ വിഷയം അത്രയുമല്ല! 'പൂമാതിൻ' കുചചൂചുകങ്ങളാണ്. മഹാലക്ഷ്മിയുടെ. അതിൽ രതി മഹാലക്ഷ്മിയും മഹാവിഷ്ണുവുമായാണ്. അത് പ്രപഞ്ചസൃഷ്ടിയുടെ രതിയാണ്. ആ മുലകളിലെ ആനന്ദസ്ഫുരണം ഇന്ദ്രീയാതീതമായ സച്ചിദാനന്ദ സ്ഫുരണമാണ്. ജനിച്ചു വീണ 'സംസാരത്തിനെ' പാലൂട്ടി വളർത്തുന്ന മുലയും മുലക്കണ്ണുമാണ് 'പൂമാ

തിൻ കുചചൂചുകം'. സൃഷ്ടിയിൽ നിന്ന് സ്ഥിതിയിലേക്കുള്ള ഈ സംക്രമണത്തിലും നീ വൈഭവം പ്രകടിപ്പിച്ചു മേവുന്നു.

## സ്ഥിതി:

കാമൻ. കാമ: എന്ന സംസ്കൃത പദം മലയാളത്തിലായത്. 'ഇച്ഛാ കാംക്ഷാ സ്പൃഹേഹാ തൃഡ്വാഞ്ഛാ ലിപ്സാ മനോരഥ: കാമോ/ഭിലാഷസ്തർഷശ്ച സോ/ത്യർത്ഥം ലാലസാ ദ്വയോ:' (അമരം: 1.നാ.28) എന്നതുകൊണ്ട് കാമൻ എന്നത് ഇച്ഛാ, ആഗ്രഹം, കാംക്ഷാ എന്നിങ്ങിനെ. 'ലക്ഷം ലക്ഷ്യം ശരവ്യഞ്ച ശരാഭ്യാസ ഉപാസനം പൃഷത്കബാണ വിശിഖാ അജിഹ്മഗ-ഖഗാ/ശുഗാ:' (അമരം: 2.ക്ഷ.86) എന്നതുകൊണ്ട് വിശിഖം എന്നത് ലക്ഷ്യം അല്ലെങ്കിൽ ഉന്നം. കാമൻ തൻ വിശിഖത്തിലും. ആഗ്രഹങ്ങളുടെ ലക്ഷ്യത്തിൽ. കാമം ജനിക്കുന്നത് 'ധ്യായതോ വിഷായാൻ പുംസ: സംഗസ്തേഷൂപജായതെ സംഗാത് സംജായതെ കാമ:...' എന്ന് 'ശ്രീമന്മാധവൻ' തന്നെ പറഞ്ഞു വച്ചിട്ടുമുണ്ട്. ആ വിഷയങ്ങൾ തന്നെ കാമന്റെ ലക്ഷ്യവും. അങ്ങനെ കാമലക്ഷ്യങ്ങളായ എല്ലാവിഷയങ്ങളിലും നിറഞ്ഞ്, അതിൽ കുടുങ്ങി സംസാരം നിലനിൽക്കാൻ നീ സ്ഥിതിവൈഭവം പ്രകടിപ്പിച്ചു മേവുന്നു. സോമൻ തൻ കിരണത്തിലും. സോമൻ ചന്ദ്രൻ. ചന്ദ്രകിരണങ്ങൾ അമൃത്. ചന്ദ്രമണ്ഡലത്തിൽ നിന്നാണ് ചന്ദ്രകിരണങ്ങൾ പ്രവഹിക്കുന്നത്. സോമമണ്ഡലം കാമപ്രദമാണെന്നത് തന്ത്രത്തിൽ പ്രസിദ്ധം. മേൽ പറഞ്ഞ കാമലക്ഷ്യങ്ങൾ പ്രദാനം ചെയ്യുന്ന ചന്ദ്രകിരണങ്ങളിലും നീ സ്ഥിതിവൈഭവം പ്രകടിപ്പിച്ചു മേവുന്നു.

## സംഹാരം:

അനംഗാരാതി. അനംഗന്റെ കാമദേവന്റെ ശത്രു. ശിവൻ സംഹാര പ്രതീകം. അവന്റെ ഹൃത്തിൽ, മനസ്സിൽ തുടങ്ങും സംഹാരകർമ്മം. അവിടെയും നീ സംഹാര വൈഭവം പ്രകടിപ്പിച്ചു മേവുന്നു. യതികൾ. ഇന്ദ്രിയം സംഹരിച്ചവർ. ജീവന്മുക്തർ. സംസാരവിനിർമുക്തർ. അവരുടെ ഭ്രൂമദ്ധ്യചക്രത്തിൽ, ആജ്ഞാചക്രത്തിൽ. മനസ്തത്വവ്യാപകമായ ആജ്ഞാചക്രത്തിൽ. എവിടെയാണോ പഞ്ചേന്ദ്രിയങ്ങളെ നിഗ്രഹിച്ച് അതിനെല്ലാം കാരണഭൂതമായ മനസ്തത്വത്തിൽ ലയിച്ചിരിക്കുന്നത് അവിടെ. അവിടേയും നീ സംഹാരവൈഭവം പ്രകടിപ്പിച്ചു മേവുന്നു. ശ്രീമന്മാധവ. ശ്രീമൻ. ശ്രീ മഹാലക്ഷ്മി, മഹാലക്ഷ്മീ സമേത. മാധവ യാദവകുലത്തിൽ ജനിച്ചവനേ, മധു തേൻ നിറഞ്ഞവനേ, വസന്തമേ.

ഇങ്ങനെ സൃഷ്ടി സ്ഥിതി സംഹാരാത്മകമായി എല്ലായിടവും മേവുന്ന വിവിധങ്ങളായ ഭൂതികൾ അസ്തിത്വങ്ങൾ നിന്റെയാണ് എന്നറിഞ്ഞവൻ തന്നെയാണ് വിജ്ഞന്മാരിൽ വിശേഷജ്ഞാനം നേടിയവരിൽ ഉത്തമൻ. ഏറ്റവും ഉയർന്നവൻ.

## ശ്ലോകം 13

ത്വന്മായാ ത്രിഗുണാത്മികാ ഗുണസമത്വത്താൽ പ്രധാനാഖ്യയായ്

ബ്രഹ്മാണ്ഡം ത്രിഗുണാധികൻ ത്വയിലയിക്കെത്താനുമില്ലാതെയാം

നിർമ്മാണോൽസുകനായ് ഭവാൻ മിഴിതുറന്നീടുന്ന നേരം രജ-

സ്സമ്മർദ്ദാൽ ഗുണസാമ്യമറ്റുചലനം സംജാതമാം മായയായ്

## പദാർത്ഥം:

ത്വന്മായാ = അവിടുത്തെ മായ

ത്രിഗുണാത്മികാ = ത്രിഗുണസ്വരൂപിണി (സത്വരജസ്തമോഗുണങ്ങൾ)

ഗുണസമത്വത്താൽ = മൂന്നു ഗുണങ്ങളും സമമായിരിക്കുന്ന അവസ്ഥകൊണ്ട്

പ്രധാനാ = പ്രധാനാ എന്ന സാംഖ്യനിർവചനം

ആഖ്യയായ് = പേരുള്ളവളായി

ബ്രഹ്മാണ്ഡം = ബ്രഹ്മമാകുന്ന മുട്ട

ത്രിഗുണാധികൻ = ത്രിഗുണത്തിനും അപ്പുറത്തുള്ളവൻ. പുരുഷൻ

ത്വയി = നിന്നിൽ

ലയിക്കെത്താനും = ലയിച്ചു ചേരുന്ന സമയത്ത്

നിർമ്മാണോൽസുകൻ = നിർമ്മിക്കാൻ ഉൽസാഹമുള്ളവൻ

രജസ്സമ്മർദ്ദാൽ = രജോഗുണത്തിന്റെ തള്ളിച്ചയാൽ

ഗുണസാമ്യമറ്റു = ത്രിഗുണങ്ങളുടെ സമാവസ്ഥ മുറിഞ്ഞു പോയിട്ട്

ചലനം സംജാതമാം = ചലനം എല്ലാവിധത്തിലും തുടങ്ങും

മായയായ് = മായാ രൂപത്തിൽ

## ശ്ലോകാർത്ഥം:

അവിടുത്തെ മായ ത്രിഗുണങ്ങളുടെ സമാവസ്ഥ കൊണ്ട് 'പ്രധാനാ' എന്ന് പേരുള്ളവളായി. ത്രിഗുണങ്ങൾക്കും മുകളിലായ അങ്ങയിൽ ലയിക്കുമ്പോൾ ബ്രഹ്മാണ്ഡം ഇല്ലാതെയാവും. നിർമ്മാണത്തിൽ,

ഉൽസുകനായി അങ്ങ് കണ്ണു തുറക്കുമ്പോൾ രജസ്സിന്റെ തള്ളിച്ചയാൽ ത്രിഗുണങ്ങളുടെ സമാവസ്ഥ നശിച്ച് ചലനം (സൃ, സർ = ചലിക്കുക. സം+സൃ = സംസാരം) മായയായി പൂർണ്ണമായി എല്ലാവിധത്തിലും ജനിക്കുന്നു.

## വ്യാഖ്യാ:

ഉപാസനാ മൂർത്തികളില്ലെന്നു വാദിക്കുന്ന സാംഖ്യന്മാരെ, സഗുണോപാസനയിലേക്ക് ഒരൊറ്റ ശ്ലോകം കൊണ്ട് കെട്ടിയിട്ട ഈ ശ്ലോകമല്ലേ ഈ ഗ്രന്ഥത്തിലെ മായപ്പൊന്മാൻ!

ത്രിഗുണാത്മികാ.

ത്രിഗുണ. സത്വാദി മൂന്നുഗുണങ്ങളും. ആത്മികാ ആത്മാവായിട്ടുള്ളവൾ. യാതൊന്നാണോ എല്ലാ കാരണങ്ങൾക്കും കാരണമായിരിക്കുന്നത് അത് ആത്മാ. അതിൽ നിന്ന്, ശ്വാസം (അന്) ചലനം (അത്) വീശൽ ക്രാറ്റ് വീശുന്നത് (വാ) ഉണ്ടാകുന്നതുകൊണ്ട്. അതുതന്നെ എല്ലാ നിലനിൽപ്പിന്റെയും കാരണം. 'ഹേതുർന്നാ കാരണം ബീജം നിദാനന്ത്വാദികാരണം ക്ഷേത്രജ്ഞ ആത്മാ പുരുഷ: പ്രധാനം പ്രകൃതി:.' (അമരം: 1. കാല.31) എന്നതുകൊണ്ട് ആത്മാ തന്നെ കാരണകാരണം, ആദികാരണം. അങ്ങനെയുള്ള ആത്മാവ് യാതൊരാൾക്കാണോ, ത്രിഗുണങ്ങൾ ആയിരിക്കുന്നത് അവൾ ത്രിഗുണാത്മികാ.

ത്വന്മായാ. നിന്റെ, ഹരിയുടെ മായ അങ്ങനെയുള്ളവളാണ്. നിന്റെ മായ ത്രിഗുണാത്മികയാണ്. 'നിന്റെ' എന്ന് ഷഷ്ഠി വിഭക്തിയിൽ പറഞ്ഞതുകൊണ്ട്, മായ നിന്റെ ഗുണമാണെന്നു വരുന്നു. നിന്റെ ഗുണമായ ആ മായ തന്നെ 'ത്രിഗുണാത്മിക'യാണ്. ഗുണസമത്വത്താൽ. ത്രിഗുണങ്ങളും സമാവസ്ഥയിൽ തുല്യാവസ്ഥയിൽ ഒന്നും അധികമായി നിൽക്കാത്ത അവസ്ഥയിൽ. പ്രധാനാഖ്യയായ്. പ്രധാനാ എന്ന് പേരുള്ളവളായി. 'പ്രധാന' എന്ന പദം സാംഖ്യന്റെ പ്രയോഗമാണ്. പ്രകൃതി, മഹദ് അഹംകാരാദി മൂന്ന് തത്വങ്ങൾ സാംഖ്യരുടെ ഇരുപത്തിനാലു തത്വങ്ങളിൽ ആദ്യത്തെ മൂന്നു തത്വങ്ങൾ. അതിൽ, പ്രകൃതി മൂലതത്വം. പരിണാമത്തിൽ ഏറ്റവും പ്രധാന ഉപകാരണമായതുകൊണ്ട് അവൾക്ക് സാംഖ്യർ, പ്രധാന എന്നും പേരിട്ടു. പരിണാമത്തിനു മുമ്പ് അപ്രത്യ്രക്ഷീകൃതമായതുകൊണ്ട് അവൾക്കവർ 'അവ്യക്താ'എന്നും പേരിട്ടു. പ്രകൃതിയും അവളുടെ പരിണിതങ്ങളും സംയുക്തങ്ങളാകകൊണ്ട് (നൈയായികന്റെ 'സംയുക്തം') അവളാകുന്ന വിഷയത്തെ അറിയാനുള്ള വിഷയി 'പുരുഷൻ'. അനുഭവങ്ങൾ ഖണ്ഡങ്ങളായി വരിക കൊണ്ട്, അവയെ കൂട്ടിയിണക്കി അർത്ഥം നൽകാൻ ബോധമുള്ളവൻ പുരുഷൻ. പല ആത്മാക്കളില്ല, ഒന്നേയുള്ളായിരുന്നുവെങ്കിൽ ജനന മരണസുഖദു:ഖാദികൾ ഒരുമിച്ചായിരിക്കും എല്ലാവർക്കും വേദ്യം. പ്രത്യക്ഷത്തിൽ അങ്ങനെയല്ലാത്തതുകൊണ്ട് 'പുരുഷൻ'അനേകം. പ്രാപഞ്ചികവസ്തുക്കളിൽ ക്രിയാത്മകത, നാശാത്മകത, ശാന്താത്മകത എന്നിങ്ങനെ ത്രിഗുണങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ അവസ്ഥ അധിക പ്രകടമായതുകൊണ്ട്, ആ പ്രാപഞ്ചികവസ്തുക്കൾക്ക് കാരണമായ പ്രകൃതിയിലും, (പ്രധാന, അവ്യക്ത) ഈ മൂന്ന് അവസ്ഥകൾ ഉണ്ട്. അതു മൂന്നും തുല്യമായിരിക്കുന്ന അവസ്ഥ 'പ്രകൃതി'. അതുതന്നെ പ്രളയാവസ്ഥ. ഈ അപ്രാപഞ്ചികമായ അവസ്ഥയിലും സാംഖ്യന് പ്രകൃതി നിഷ്ക്രിയയല്ല. ത്രിഗുണങ്ങൾ തങ്ങളെ തന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. 'ബ്രഹ്മാണ്ഡം'. 'തവ കുക്ഷിതന്നിലഖിലബ്രഹ്മാണ്ഡവും സംസ്ഥിതം' (ഹരി.ഗു.തോ.2) എന്ന് ഗുരുതന്നെ മുൻപേ പറഞ്ഞുവച്ചു. യാതൊന്നാണോ പ്രഭവസാമർത്ഥ്യമുള്ള, വിരിഞ്ഞ് പലതാകാൻ കഴിയുന്നത്, ആ ബ്രഹ്മമാകുന്ന അണ്ഡം. അവിടുത്തെ കുക്ഷിയിൽ സ്ഥിതി ചെയ്യുന്ന അത്.

'ത്രിഗുണാധികൻ'. സത്വാദിമൂന്നുഗുണങ്ങൾക്കും അപ്പുറത്തുള്ളവൻ. ത്രിഗുണാത്മകനല്ല, ത്രിഗുണാധികൻ. 'ത്വയി'. അങ്ങയിൽ. 'ലയിക്കൊത്താനുമില്ലാതെയാം'.

ഒന്നായിത്തീരുമ്പോൾ ഇല്ലാതെയാകും. അവിടുത്തെ കുക്ഷിക്കകത്ത് സ്ഥിതിചെയ്യുന്ന, നാനാപദാർത്ഥസംചയമായ പ്രപഞ്ചമായി പ്രപഞ്ചിക്കാൻ കഴിവുള്ള ആ മുട്ട അങ്ങയിൽത്തന്നെ ലയിച്ചില്ലാതെയാകും. പിന്നെ അങ്ങു മാത്രം! 'നിർമ്മാണോൽസുകനായ് ഭവാൻ മിഴിതുറന്നീടുന്ന നേരം'. അതിവിശിഷ്ടമായ, അതീന്ദ്രിയമായ ആ 'ലയാവസ്ഥ'പ്രളയാവസ്ഥയിൽ, അങ്ങ് വീണ്ടും നിർമ്മാണോൽസുകനാവുന്നു. ആ സമയം അങ്ങ് കൺതുറക്കുന്നു. ആ നേരത്ത്.

'രജസ്സമ്മർദ്ദാൽ'ക്രിയാത്മകശക്തിയുടെ എല്ലാവിധത്തിലുമുള്ള, കാലദിഗ്ഗുണാത്മകങ്ങളായ മർദ്ദം കൊണ്ട്. 'ഗുണസാമ്യ'. ഗുണങ്ങളുടെ തുല്യാവസ്ഥ. 'അറ്റു'മുറിഞ്ഞുപോയിട്ട്. 'ചലനം സംജാതമാം'. ചലനം തുടങ്ങുന്നു. 'മായയായ്'മായയായിട്ട്. സത്വ, രജ, തമോ ഗുണ സമാവസ്ഥയിൽ പ്രളയാവസ്ഥയിലുള്ള പ്രധാന, ആ സമാവസ്ഥ മുറിഞ്ഞുപോയിട്ട്, രജസ്സിന്റെ മാത്രം എല്ലാവിധത്തിലുമുള്ള മർദ്ദം കൊണ്ട് മായയായി സമ്യക്കായി, എല്ലാവിധത്തിലും

ഭവിക്കുന്നു, ഉണ്ടായിത്തീരുന്നു. 'ത്വന്മായാ'എന്നു തുടങ്ങി 'മായയായ്' എന്നു തീരുന്ന ഈ ശ്ലോകം നോക്കുക. ഇതല്ലെങ്കിൽ പിന്നെന്തു മായ. ഒരൊറ്റ ശ്ലോകത്താൽ ശിഷ്യപ്രഭൃതികൾക്ക് മായ എന്താണെന്ന് 'മത്ചിത്തരൂപേണ...ഭവദാസനം' തരുന്ന എന്റെ ഗുരു നിഷ്കഞ്ചുകനായി എനിക്ക് പറഞ്ഞു തരുന്നു!! സാംഖ്യന് 'പ്രകൃതി'തന്നെ ഇരുപത്തിനാലു തത്വങ്ങളിൽ, 'മായ'.ഗുണസാമ്യമുള്ള ആ 'പ്രധാന'തന്നെ ഒന്നാമത്തെ തത്വം. കൗളന്മായ മുപ്പത്താറ് തത്വങ്ങളിൽ ആറാമത്തെ തത്വം. സാംഖ്യന്റെ 'പ്രധാന', ത്രിഗുണസമാവസ്ഥയിലുള്ളവൾ. അവൾ, ഹരിയുടെ കൺതുറക്കലിലൂടെ, കൗളന്റെ പഞ്ചകഞ്ചുക (അവിദ്യ മുതൽ നിയതി വരെ.) പരിമിതത്വം പുരുഷന് കൊടുക്കുന്ന മായായായി മാറുന്നു. വിഷ്ണുസഹസ്രനാമത്തിലെ 'പ്രധാനപുരുഷേശ്വരം:'എന്ന നാമത്തെ, ഇതിലും നന്നായി എങ്ങനെ വ്യാഖ്യാനിക്കാം? 'പ്രധാന'(പ്രകൃതി), 'പുരുഷ', 'ഈശ്വര:'

'പുരസ്താദ് പാർശ്വയോ: പൃഷ്ഠേ നമസ്കുര്യാമൂപര്യധ:

സദാ മത്ചിത്ത രൂപേണ നിധേഹി ഭവദാസനം'

എന്നല്ലാതെ എന്റെ ഗുരുവായ ആ ഭഗവാനോട്, ഞാനെന്തപേക്ഷിക്കാൻ!!!!●

# 1-ാം ചരമവാർഷികം

**26. 10 .2017**



**ഉപ്പത്ത് സാവിത്രി ഡി. മേനോൻ**

**ശാന്തം**

**ആർ. ടി. നഗർ, ബാംഗ്ലൂർ**

***സന്തപ്ത കുടുംബാംഗങ്ങൾ***

# ചൈത്രം 10-ാം വാർഷികത്തിലേക്ക്

ആത്മഹത്യാ പ്രതിരോധ രംഗത്ത് പ്രവർത്തിക്കുന്ന ചൈത്രത്തിന്റെ 10-ാം വാർഷിക ആഘോഷം ഒക്ടോബർ 20ന് ഉച്ചയ്ക്ക് 2.30ന് കരയോഗം കാവേരി ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രമുഖ മന:ശാസ്ത്രജ്ഞൻ ഡോ.എൻ.ഡി.സിംഗ്, കിംസ് ഹോസ്പിറ്റൽ 'ഒരു നിമിഷം നൽകൂ, ഒരു ജീവൻ രക്ഷിക്കൂ' എന്ന വിഷയം അവതരിപ്പിക്കും.

പരിപാടിയുടെ വിജയത്തിനായി എല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.



# അഭിനന്ദനങ്ങൾ

**മഹാരാഷ്ട്ര കോളേജ് കോർപ്പറേഷനും പൂനെ ലോ കോളേജും സംയുക്തമായി നടത്തിയ ദേശീയ കോൺസ്റ്റിറ്റ്യൂഷണൽ ലോ ഒളിംപ്യാഡ് മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ സി.യമുന മേനോൻ. ബെംഗളൂരു നാഷണൽ ലോ സ്ക്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റി മൂന്നാം വർഷ വിദ്യാർത്ഥിനിയാണ്.എറണാകുളം കരയോഗ അംഗമായ ടി.മോഹൻകുമാറിന്റേയും (L2788) ഉഷാകുമാരിയുടേയും മകളാണ്.**

**യമുനാമേനോന്റെ അഭിമാനാർഹമായ ഈ നേട്ടത്തിൽ എറണാകുളം കരയോഗത്തിനുള്ള ആത്മാർത്ഥമായ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.**

# കൊടുങ്ങല്ലൂർ: ചരിത്രത്തിൽ നിന്നൊരേട്

(പി.ജയരാമൻ, മാനേജ്മെന്റ്കൺസൾട്ടന്റ്, കൊച്ചി)

കൊടുങ്ങല്ലൂർ ചരിത്രപരമായി വളരെയധികം പ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണെന്ന് ഒരുവിധം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പ്രദേശത്തെക്കുറിച്ചെഴുതാൻ എനിക്ക് പ്രചോദനം ലഭിച്ചതിന് പല കാരണങ്ങളുണ്ട്. അവയിലൊന്ന് കൊടുങ്ങല്ലൂർ എന്റെ ജന്മ നാടാണ് എന്നുള്ളതാണ്.

കൊടുങ്ങല്ലൂരിനെ കുറിച്ച് എഴുതേണ്ട കാര്യങ്ങൾ മുഴുവൻ എഴുതണമെങ്കിൽ ഒരു പുസ്തകം തന്നെ രചിക്കേണ്ടി വന്നേക്കും. ഇപ്പോഴത്തെ എന്റെ ഉദ്ദേശം ഒരു ലേഖനം തയ്യാറാക്കുക എന്നത് മാത്രമായതിനാൽ ഏതെല്ലാം ഇതിൽ ഉൾപ്പെടുത്തണമെന്നും, ഏതെല്ലാം വിട്ടുകളയാമെന്നുള്ളതും ബുദ്ധിമുട്ടുള്ള തീരുമാനങ്ങളാണ്. എന്റെ അറിവിൽപെട്ട, വിട്ടുകളയാൻ തീരെ പാടില്ലാത്ത വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ കഴിവതും ശ്രമിക്കുമെന്ന് ആദ്യമായി മുഖവുരയായി പറയട്ടെ. ലേഖനത്തിന്റെ ദൈർഘ്യത്തെ പറ്റി ശ്രദ്ധിക്കേണ്ടതുള്ളതിനാൽ വളരെ ചുരുക്കി മാത്രമേ ഇവിടെ വിഷയങ്ങൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുള്ളു.

## ചില ചരിത്ര വസ്തുതകൾ

കൊടുങ്ങല്ലൂർ തൃശ്ശൂരിൽ നിന്നും ഏതാണ്ട് 40 കിലോമീറ്റർ തെക്കുപടിഞ്ഞാറ് ഭാഗത്തും, കൊച്ചിയിൽ നിന്ന് 30 കിലോമീറ്റർ വടക്കുമാറിയും സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് (മുൻസിപ്പാലിറ്റി) പഴയ ചരിത്രരേഖകളിൽ കൊടുങ്ങല്ലൂരിന് മുസിറീസ്, മാകോതൈ, മഹോദയപുരം, വഞ്ചി, മഹോദയ പട്ടണം എന്നിങ്ങനെ പല പേരുകൾ ഉണ്ടായിരുന്നു. ചേര രാജാക്കൻമാരുടെ തലസ്ഥാനം കൊടുങ്ങല്ലൂരിലെ തിരുവഞ്ചിക്കുളമായിരുന്നു. എ.ഡി.രണ്ടാം നൂറ്റാണ്ടിൽ കേരളം ഭരിച്ചിരുന്ന പ്രസിദ്ധനായ ചേര രാജാവ് ചെങ്കുട്ടവനാണ് കൊടുങ്ങല്ലൂരിലെ പേരുകേട്ട ഭഗവതി ക്ഷേത്രം പണിയിച്ചതെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ അനുജനായിരുന്ന ഇളങ്കോവടികൾ എന്ന പ്രസിദ്ധനായ ജൈനമുനി കൊടുങ്ങല്ലൂരിനടുത്തുള്ള മതിലകത്താണ് വസിച്ചിരുന്നത്. അദ്ദേഹത്തിന്റെ പേരുകേട്ട കൃതിയാണ് തമിഴിലെഴുതിയ 'ചിലപ്പതികാരം'. ഈ കൃതിയിലെ കഥാനായികയായിരുന്ന കണ്ണകിയുടെ പ്രതിരൂപമായാണ് കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠ വിഭാവനം ചെയ്തിരിക്കുന്നതെന്ന് ഒരു വീക്ഷണഗതി നിലവിലുണ്ട്. എല്ലാ വർഷവും മീനമാസത്തിലെ ഭരണി ഉത്സവത്തിന് കേരളത്തിലെമ്പാടുമുള്ള ആയിരങ്ങളെ ഈ ക്ഷേത്രത്തിലേക്കാകർഷിക്കുന്നു. കേരളത്തിൽ ശബരിമലയും, ഗുരുവായൂരും, ചോറ്റാനിക്കരയും കഴിഞ്ഞാൽ ഏറ്റവുമധികം ഭക്തരെ ആകർഷിക്കുന്നത് കൊടുങ്ങല്ലൂർ ദേവി ക്ഷേത്രമാണെന്ന് കണക്കാക്കപ്പെടുന്നു.

മുസിറീസ് കേരളത്തിലെ പ്രസിദ്ധമായ ഒരു തുറമുഖമായിരുന്നു. എ.ഡി.1341-ാം ആണ്ടിൽ പെരിയാർ നദിയിലുണ്ടായ വെള്ളപ്പൊക്കം മൂലം കൊടുങ്ങല്ലൂരിലെ തുറമുഖം മണ്ണ് വന്നടിഞ്ഞ് നശിക്കുകയും, പകരം അഴി പിളർന്ന് ഒരു പുതിയ തുറമുഖം കൊച്ചിയിൽ തുറക്കപ്പെടുകയും ചെയ്തു. മുസറീസ് തുറമുഖം ഗ്രീക്കുകാരും, റോമക്കാരും, അറബികളും, പോർച്ചുഗീസുകാരും, ഡച്ചുകാരും, ഫ്രഞ്ചുകാരും, ബ്രിട്ടീഷുകാരും മറ്റുമായി പതിവായി വ്യാപാര ബന്ധം നിലനിർത്തിയിരുന്നു.

ക്രിസ്തുവിന്റെ ശിഷ്യനായിരുന്ന സെന്റ് തോമസ് എ.ഡി.52ൽ ഇൻഡ്യയിൽ കപ്പലിറങ്ങിയത് കൊടുങ്ങല്ലൂരായിരുന്നെന്നും, ഇൻഡ്യയിലെ ആദ്യത്തെ ക്രിസ്തീയ ദേവാലയം പണിതത് കൊടുങ്ങല്ലൂരാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. എ.ഡി 62ൽ പാലസ്റ്റീനിലെ പീഡനങ്ങൾ സഹിക്കാൻ വയ്യാതെ ജൂതന്മാർ കൊടുങ്ങല്ലൂർ വന്നിറങ്ങിയെന്നും, അന്നത്തെ ചേര ചക്രവർത്തി അവർക്ക് കൊടുങ്ങല്ലൂരും പരിസരപ്രദേശങ്ങളായ ചേന്ദമംഗലം, മാള എന്നീ സ്ഥലങ്ങളിലും വസിക്കുവാൻ അനുവാദം നൽകിയെന്നും , പോർച്ചുഗീസുകാരുടെ ആക്രമണം

നടന്ന 16-ാം നൂറ്റാണ്ട് വരെ അവർ ഈ സ്ഥലങ്ങളിൽ നിവസിച്ചിരുന്നെന്നും പഴയ ചരിത്രപുസ്തകങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാരികളായിരുന്ന അറബികളുടെ പ്രാർത്ഥനക്കായി അന്നത്തെ ചേര ചക്രവർത്തിയുടെ അംഗീകാരത്തോടെ നിർമ്മിച്ചതാണ് കൊടുങ്ങല്ലൂരിലുള്ള ചേരമാൻ ജൂമാ മസ്ജിദ് എന്ന ഇൻഡ്യയിലെ ആദ്യത്തെ മുസ്ലീം പള്ളി എന്ന് പറയപ്പെടുന്നു.

വാഞ്ചി സർവകലാശാല എന്ന പേരിലറിയപ്പെട്ടിരുന്ന വിദ്യാഭ്യാസ കേന്ദ്രം കൊടുങ്ങല്ലൂരിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. കൊടുങ്ങല്ലൂരിലെ രാജവംശം നടത്തിയിരുന്ന ഗുരുകുലം തെക്കെ ഇൻഡ്യ മുഴുവൻ പ്രസിദ്ധമായിരുന്നു. കേരളത്തിലെ നളന്ദയെന്നോ, തക്ഷശിലയെന്നോ ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. കൊടുങ്ങല്ലൂരിലെ രാജകുടുംബത്തിൽ പ്രശസ്തരായ നിരവധി കവികളും, സംഗീതജ്ഞരും, വൈദ്യൻമാരും, ജ്യോതിഷികളും, മറ്റും ജീവിച്ചിരുന്നു. അവരിൽ ഏറ്റവും പ്രമുഖനായിരുന്നു കേരളവ്യാസൻ എന്നറിയപ്പെടുന്ന മഹാകവി കുഞ്ഞുക്കുട്ടൻ തമ്പുരാൻ. കൊടുങ്ങല്ലൂർ കോവിലകത്ത് സംസ്കൃതത്തിൽ അനർഗളമായി സംസാരിക്കാൻ കഴിവുള്ള ധാരാളം പേർ ഉണ്ടായിരുന്നെന്ന് സ്വാമി വിവേകാനന്ദൻ തന്റെ കൊടുങ്ങല്ലൂർ സന്ദർശനശേഷം പ്രസ്താവിച്ചിട്ടുണ്ട്.

ഈ സെക്ഷനിൽ കൊടുത്തിരിക്കുന്ന എല്ലാ കാര്യങ്ങളും ചരിത്രവസ്തുതകളായി ഒരിക്കൽ കണക്കാക്കിയിരുന്നെങ്കിലും, പുരാവസ്തു ശാസ്ത്രത്തിന്റെ സഹായത്തോടെ എം.ജി.എസ് നാരായണനെപോലുള്ള ആധുനിക ചരിത്രകാരൻമാർ ഇവ പലതും തിരുത്തിയെഴുതിയിട്ടുണ്ട്. (മാതൃഭൂമി ആഴ്ചപ്പതിപ്പ് ഏപ്രിൽ 9-15, 2017 എം.ജി.എസ്.നാരായണൻ കെ.സി.സുബിയുമായി നടത്തിയ അഭിമുഖം വായിക്കുക). അദ്ദേഹം പറഞ്ഞ രണ്ടു മൂന്ന് കാര്യങ്ങൾ മാത്രം ഇവിടെ ഉദാഹരണത്തിന് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഇവയുടെ വെളിച്ചത്തിൽ നേരത്തെ പ്രതിപാദിച്ച ചില ചരിത്രവസ്തുതകൾ ഐതിഹ്യങ്ങളായി മാറിയേക്കുമെന്ന് പറയട്ടെ.

- ചേരരാജാക്കൻമാരുടെ ഭരണം എ.ഡി ഒമ്പതാം നൂറ്റാണ്ടിലാണ് ആരംഭിക്കുന്നത്
- സെന്റ് തോമസ് കൊടുങ്ങല്ലൂരാണ് ആദ്യമായി ഇറങ്ങിയതെന്നുള്ളതിന് തെളിവില്ലെന്ന് മാത്രമല്ല അതിന് എതിരായി തെളിവുകൾ ഉണ്ട് താനും.
- കൊടുങ്ങല്ലൂരിന് ബുദ്ധപാരമ്പര്യമില്ല.

ഇനി വീണ്ടും തിരുത്തലുകൾ വരുന്നതുവരെ (വന്നു കൂടായ്കയില്ല) മുകളിൽ പറഞ്ഞവയെ ചരിത്രവസ്തുതകളായി കണക്കാക്കേണ്ടതുണ്ട്.

## കേരളവ്യാസൻ

കുഞ്ഞുക്കുട്ടൻ തമ്പുരാൻ വ്യാസന്റെ ഒന്നേ കാൽലക്ഷം ശ്ലോകങ്ങളുള്ള മഹാഭാരതം കേവലം 874 ദിവസങ്ങൾ കൊണ്ട് തർജ്ജമ പൂർത്തിയാക്കി മലയാളത്തിൽ ഒരു അത്യുത്തമ കൃതിക്ക് രൂപം നൽകി. അദ്ദേഹം പ്രസിദ്ധ കവിയായിരുന്ന വെൺമണി പരമേശ്വരൻ നമ്പൂതിരിയുടേയും (വെൺമണി അച്ഛൻ നമ്പൂതിരി എന്നായിരുന്നു കൂടുതൽ അറിയപ്പെട്ടിരുന്ന പേര്), കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞുപ്പിള്ള തമ്പുരാട്ടിയുടേയും മകനായി 1865ൽ കൊടുങ്ങല്ലൂരിൽ ഭൂജാതനായി. പ്രസിദ്ധ കവിയായിരുന്ന വെൺമണി മകൻ നമ്പൂതിരി, തമ്പുരാന്റെ മൂത്ത സഹോദരനായിരുന്നു. അച്ഛൻ നമ്പൂതിരിയുടെ ആദ്യ ഭാര്യ (ശ്രീദേവി അന്തർജനം)യിലുണ്ടായ സന്തതി. മകൻ നമ്പൂതിരി തന്റെ അനുജന് ചെറുപ്പകാലത്ത് കവിതയിൽ ധാരാളം നിർദ്ദേശങ്ങൾ നൽകിയിരുന്നു. തമ്പുരാൻ തന്റെ ഏഴാമത്തെ വയസ്സിൽ സംസ്കൃത്തിലും മലയാളത്തിലും കവിതകൾ രചിക്കാനാരംഭിച്ചു. ദ്രുതകവിതാരചനക്ക് അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു. പല ദ്രുതകവിതാ മത്സരങ്ങൾക്കും അദ്ദേഹത്തിന് സമ്മാനങ്ങൾ ലഭിക്കുകയുണ്ടായിട്ടുണ്ട്. ഷെക്സ്പിയറുടെ ഹാംലറ്റിന്റേയും, ഒഥെല്ലോയുടേയും മലയാള തർജ്ജമകളടക്കം അദ്ദേഹം 65ലേറെ കൃതികൾ രചിച്ചിട്ടുണ്ട്. തമ്പുരാന്റെ പല കൃതികളും വെളിച്ചം കാണാതെ പോയിട്ടുണ്ടെന്ന് മഹാകവി ഉള്ളൂർ പ്രതിപാദിച്ചിട്ടുണ്ട്. ഷെക്സ്പിയർ കൃതികളുടെ തർജ്ജമയ്ക്ക് പിറകിൽ ഒരു രസകരമായ കഥയുണ്ട്. ബ്രിട്ടീഷ് ഭരണകാലമായിരുന്ന തമ്പുരാന്റെ സമയത്ത് തീവണ്ടിയിൽ രണ്ട് ബ്രിട്ടീഷ്കാരുടെ നടുവിൽ ഇരുന്ന് അദ്ദേഹത്തിന് ഒരിക്കൽ യാത്ര ചെയ്യേണ്ടി വന്നു. കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ വസ്ത്രധാരണരീതിയും, കുടുമയും, ബ്രിട്ടീഷ്കാരിൽ അതീവ പുച്ഛം ഉളവാക്കുകയും അദ്ദേഹത്തെ കളിയാക്കി കുറെ നേരം അവർ തമ്മിൽ സംസാരിച്ചുകൊണ്ടുമിരുന്നു. തമ്പുരാന് അന്ന് ഇംഗ്ലീഷ് തീരെ അപരിചിതമായിരുന്നു. കോവിലകത്ത് തിരിച്ചെത്തിയ ശേഷം അദ്ദേഹം കൊടുങ്ങല്ലൂർ ബോയ്സ് ഹൈസ്ക്കൂളിലെ പ്രധാന അധ്യാപകനെ വിളിച്ച് വരുത്തുകയും ബ്രിട്ടീഷ്കാർ തമ്മിൽ തീവണ്ടിയിൽ നടന്ന സംഭാഷണം മുഴുവൻ അദ്ദേഹത്തെ പറഞ്ഞ് കേൾപ്പിച്ച് മലയാളത്തിൽ

തർജ്ജമ ആവശ്യപ്പെടുകയും ചെയ്തു. പരിചയമില്ലാത്ത ഭാഷയായിരുന്നിട്ടും അവരുടെ ഏതാണ്ട് 30 മിനിട്ടിലേറെ നീണ്ട സംഭാഷണം മുഴുവൻ ദിവസങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിന് ഇംഗ്ലീഷിൽ ആവർത്തിക്കാൻ കഴിഞ്ഞു. അദ്ദേഹം ഒരു മഹാപ്രതിഭ തന്നെ ആയിരുന്നു. ഹെഡ്മാസ്റ്ററുടെ സഹായത്തോടെ ഏതാണ്ട് ഒരു മാസക്കാലം ഇംഗ്ലീഷ് ഭാഷ അഭ്യസിക്കുകയും, താമസിയാതെ തന്നെ ഷേക്സ്പിയറുടെ മേൽപറഞ്ഞ രണ്ട് കൃതികൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുകയും ചെയ്തു.

കുഞ്ഞുക്കുട്ടൻ തമ്പുരാനെ പറ്റിയുള്ള മറ്റൊരു സംഭവം കൂടി വിവരിച്ച് ഈ വിഷയം അവസാനിപ്പിക്കാം. തമ്പുരാന്റെ കാലത്ത് മഹാകവി വള്ളത്തോൾ വളർന്നു വരുന്ന ഒരു കവിയായിരുന്നു. തന്റെ കവിതകൾ കാണിച്ച് അഭിപ്രായം ആരായാൻ വള്ളത്തോൾ ഇടയ്ക്കിടെ തമ്പുരാന്റെ അടുക്കൽ വരാറുണ്ടായിരുന്നു. ഒരു പ്രാവശ്യം വന്നപ്പോൾ അദ്ദേഹം മഹാഭാരത തർജ്ജമയിൽ മുഴുകിയിരുന്നതിനാൽ വള്ളത്തോളിനോട് കുറച്ച് സമയം കാത്തിരിക്കാനഭ്യർത്ഥിച്ചു. വ്യാസന്റെ സംസ്കൃതത്തിലുള്ള മൂല കൃതി തന്റെ മുമ്പിൽ വെച്ച് അതിൽ നോക്കി മലയാള തർജ്ജമ നാല് പകർത്തെഴുത്തുകാർക്ക് ചൊല്ലി കൊടുക്കുകയായിരുന്നു പതിവ്. ഓരോ പകർത്തെഴുത്തുകാരനും ഒരു ശ്ലോകത്തിന്റെ ഒരുവരി മാത്രമായിരുന്നു എഴുതി എടുത്തിരുന്നത്. തമ്പുരാന്റെ തർജ്ജമയുടെ വേഗത്താൽ എഴുത്തുകാരൻ ഒരു വരി വീണ്ടും അദ്ദേഹത്തോട് ചൊല്ലാനാവശ്യപ്പെട്ടാൽ ആദ്യത്തേതിലും വ്യത്യസ്തവും കൂടുതൽ മനോഹരവുമായ മറ്റൊരു വരിയായിരിക്കും തർജ്ജമയായി രണ്ടാമത് വരുന്നത്. കുറെ നേരം കാത്തിരുന്ന് മുഷിഞ്ഞപ്പോൾ തമ്പുരാൻ ചെയ്യുന്ന ജോലി താൻ നിർവ്വഹിക്കാമെന്നും ആ സമയത്ത് താൻ കൊണ്ടുവന്ന കവിത വായിച്ച് വേണ്ട തിരുത്തലുകൾ നിർദ്ദേശിച്ചാൽ കൊള്ളാമെന്നും വള്ളത്തോൾ അറിയിച്ചു. തമ്പുരാൻ 'അച്ചുപിഴതിരുത്തൽ' (Proof Reading) ചെയ്യുകയാണെന്ന് കരുതിയാണ് വള്ളത്തോൾ ഇപ്രകാരം അഭിപ്രായപ്പെട്ടത്. കുഞ്ഞുക്കുട്ടൻ തമ്പുരാൻ തന്റെ മുമ്പിലുണ്ടായിരുന്ന വ്യാസന്റെ മൂലകൃതി നീക്കിവെച്ചു കൊടുത്തപ്പോൾ വള്ളത്തോൾ അത്ഭുതസ്തബ്ധനായി.

കുഞ്ഞുക്കുട്ടൻ തമ്പുരാന് മൂന്ന് ഭാര്യമാരും (ആദ്യത്തെ ഭാര്യ മരിച്ചപ്പോൾ രണ്ടാമതും, രണ്ടാമത്തെ ഭാര്യ മരിച്ചപ്പോൾ മൂന്നാമതും വിവാഹം കഴിച്ചു. മൂന്നാമത്തെ ഭാര്യയും അദ്ദേഹം മരിക്കുന്നതിന് രണ്ട് വർഷങ്ങൾ മുൻപ് അന്തരിച്ചു.), നാല് മക്കളുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധകൃതികളിൽ പെട്ടവയാണ് 'കവിഭാരതം' 'സീതാസ്വയംവരം' 'ശ്രീമാനവിക്രയവിജയം' തുടങ്ങിയവ അദ്ദേഹം 'മലയാള മനോരമ' പത്രത്തിൽ കവിതയെ കുറിച്ച് പതിവായി ഒരു കോളം എഴുതിയിരുന്നു. 'രസികരഞ്ജനി' എന്ന മാസികയുടെ പത്രാധിപരായി തമ്പുരാൻ കുറച്ചുനാൾ പ്രവർത്തിച്ചിരുന്നു. 1913 ജനുവരി 25ന് തന്റെ 48–ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മക്കായി കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജ്(1965ൽ അദ്ദേഹത്തിന്റെ ശതാബ്ദി ആഘോഷിച്ച സമയത്ത് സ്ഥാപിച്ചത്) ഇന്ന് ഒരു കേരള സർക്കാർ സ്ഥാപനമാണ്. ഈ ലേഖകന്റെ പിതാവായിരുന്നു (പരേതനായ അഡ്വക്കേറ്റ് ശ്രീ.വി.എം.അച്ചുതപ്പണിക്കർ) ശതാബ്ദി മെമ്മോറിയൽ കമ്മിറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ചിരുന്നത്.

## പി.ഭാസ്കരൻ (1924–2007)

കവി, ഗാനരചയിതാവ്, പത്രാധിപർ, സിനിമ നിർമ്മാതാവ്, ഡയറക്ടർ, തിരക്കഥാകൃത്ത്, അഭിനേതാവ്, കേരള ഫിലിംഡെവലപ്മെന്റ് കോർപ്പറേഷൻ അദ്ധ്യക്ഷൻ, കേരള സംഗീത നാടക അക്കാദമി ചെയർമാൻ, ഏഷ്യാനെറ്റ് ടി.വി. ചെയർമാൻ, ദീപിക പത്രാധിപർ, എന്നീ നിലകളിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പേരുകേട്ട സിനിമകൾ : ഇൻഡ്യൻ പ്രസിഡന്റിന്റെ വെള്ളിമെഡൽ ലഭിച്ച നീലക്കുയിൽ, രാരിച്ചൻ എന്ന പൗരൻ, ഇരുട്ടിന്റെ ആത്മാവ് (ദേശീയ പുരസ്ക്കാരം), അന്വേഷിച്ചു കണ്ടെത്തിയില്ല, മുറപ്പെണ്ണ്, ജഗദ്ഗുരു ശങ്കരാചാര്യ എന്നിവയാണ്. പ്രശസ്ത കവിതകൾ:വയലാർ ഗർജ്ജിക്കുന്നു, ഓർക്കുക വല്ലപ്പോഴും, ഒറ്റകമ്പിയുള്ള തംബുരു, മുതലായവയാണ്. പി.ഭാസ്കന്റെ സിനിമാഗാനങ്ങളിലാണ് അദ്ദേഹത്തിന്റെ മറ്റ് കവിതകളേക്കാൾ കാവ്യഭംഗി കൂടുതൽ കാണുന്നതെന്ന് പ്രസിദ്ധ നിരൂപകനായിരുന്ന പ്രൊഫസ്സർ ഗുപ്തൻനായർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## പ്രൊഫസ്സർ എം.എൻ.വിജയൻ (1930–2007)

കോളേജ് അധ്യാപകൻ, പ്രഭാഷകൻ, പ്രസിദ്ധ നിരുപകൻ, സാഹിത്യകാരൻ, ഛായാഗ്രാഹകൻ എന്നിങ്ങനെ പല മേഖലകളിൽ പേരുകേട്ട ഒരു ബഹുമുഖ പ്രതിഭ.

## വി.ടി.ഇന്ദുചൂഡൻ:

ദേശാഭിമാനി എഡിറ്റർ, ചരിത്രകാരൻ, കേരള കലാമണ്ഡലം സെക്രട്ടറി എന്നീ നിലകളിൽ അറിയപ്പെട്ടിരുന്ന വ്യക്തി.

## വി.ടി.നന്ദകുമാർ

നന്ദകുമാറിന്റെ പ്രസിദ്ധ നോവലുകൾ: രക്തമില്ലാത്ത മനുഷ്യൻ, ദൈവത്തിന്റെ മരണം, വണ്ടിപ്പറമ്പൻമാർ, എന്റെ കർണ്ണൻ എന്നിവയാണ്. ധാരാളം ചെറുകഥകളും, സിനിമകൾക്ക് തിരകഥകളും രചിച്ചിട്ടുണ്ട്. യാത്ര എന്ന മാസികയുടെ പത്രാധിപരായിരുന്നു.

## കെ.സച്ചിദാനന്ദൻ

കോളേജാധ്യാപകൻ, പ്രസിദ്ധ കവി, പ്രഭാഷകൻ, നിരൂപകൻ, സാഹിത്യകാരൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. ധാരാളം കവിതകൾ, പല വിദേശ ഭാഷകളിൽ നിന്നും ഇൻഡ്യൻ ഭാഷകളിൽ നിന്നും, മലയാളത്തിലേക്ക് വിവർത്തനം നടത്തിയിട്ടുണ്ട്. കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്നു. ജ്വാല, പച്ചകുതിര എന്നീ മാസികകളുടെ പത്രാധിപർ.

## ഒ.ചന്തുമേനോൻ

മലയാളത്തിലെ ആദ്യത്തെ നോവലായ ഇന്ദുലേഖയുടെ കർത്താവായ ചന്തുമേനോൻ ഒരർത്ഥത്തിൽ കൊടുങ്ങല്ലൂർക്കാരനായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി ചിറ്റേഴത്ത് പാർവ്വതിയമ്മ കൊടുങ്ങല്ലൂർക്കാരിയായിരുന്നു. പിതാവ്, എടപ്പാഡി ചന്ദുനായർ തലശ്ശേരിക്കാരനും.

## കെ.വേണു.

നക്സലൈറ്റായി അറിയപ്പെട്ടിരുന്ന വേണു ഇപ്പോൾ കേരളത്തിലെ പേരുകേട്ട എഴുത്തുകാരനും, 'കോളമ്നിസ്റ്റു'മാണ് അദ്ദേഹത്തിന്റെ 'പ്രപഞ്ചവും മനുഷ്യനും' എന്ന കൃതി കേരള ശാസ്ത്രപരിഷത്തിന്റേയും, കേരള സാഹിത്യ അക്കാദമിയുടേയും അവാർഡുകൾ നേടിയിട്ടുണ്ട്.

## ആർട്ടിസ്റ്റ് മാധവമേനോൻ

പ്രസിദ്ധ ചിത്രകാരൻ. അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഇൻഡ്യയിലെ പല ഗാലറികളിലും, മ്യൂസിയങ്ങളിലും കാണാം. അഡയാറിലെ നാഷനൽ തിയൊസൊഫിക്കൽ സ്ക്കൂളിലും, കോളേജിലും പഠിച്ച അദ്ദേഹം അണ്ണാമല സർവ്വകലാശാലയിലെ 'ആർട്ട്' വിഭാഗത്തിന്റെ മേധാവിയും, ശ്രീചിത്ര ആർട്ട് ഗാലറിയുടെ ഡയറക്ടറുമായിരുന്നു. രബീന്ദ്രനാഥ ടാഗോർ അടക്കം പല പ്രസിദ്ധരുടേയും അടുത്ത പരിചയക്കാരനായിരുന്നു.

## സിനിമാരംഗത്ത് പ്രവർത്തിച്ചവർ:

സിനിമരംഗത്ത് പ്രവർത്തിച്ച നിരവധി വ്യക്തികൾ കൊടുങ്ങല്ലൂരിൽ ജന്മമെടുത്തവരാണ്. അവരിൽ പ്രമുഖനായിരുന്ന പി.ഭാസ്കരനെ പറ്റി പറഞ്ഞുകഴിഞ്ഞു. എന്റെ മാതുലനായിരുന്നതിനാൽ (അമ്മയുടെ കസിൻ) എനിക്ക് അദ്ദേഹത്തോട് ഒരു പ്രത്യേക പ്രതിപത്തിയുണ്ടാകുന്നത് സ്വാഭാവികമാണല്ലോ. മറ്റുള്ളവരിൽ മലയാള സിനിമയിലെ പ്രസിദ്ധ ഡയറക്റ്ററായ കമൽ (കമാലുദ്ദീൻ) കൊടുങ്ങല്ലൂർക്കാരനാണ്. 'സെല്ലുലോയ്ഡ്' (മലയാളസിനിമയുടെ പിതാവെന്നു കണക്കാക്കുന്ന ജെ.സി.ഡാനിയലിന്റെ ജീവചരിത്രം. വിഗതകുമാരൻ എന്ന ആദ്യത്തെ മലയാള സിനിമയുടെ പ്രൊഡ്യൂസറും, ഡയറക്റ്ററും രചയിതാവും ഡാനിയലായിരുന്നു) എന്ന കമൽ സംവിധാനം ചെയ്ത സിനിമ പ്രസിദ്ധമാണല്ലോ. അദ്ദേഹം മലയാളത്തിലെ പ്രശസ്ത കഥാകാരിയായിരുന്ന മാധവിക്കുട്ടിയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു സിനിമ എടുക്കുന്നുണ്ട്.

കൂടാതെ, നടൻമാരായ ബഹദൂർ (ഹാസ്യനടൻ), ഫ്രണ്ട് രാമസ്വാമി (തമിഴ് സിനിമകളിൽ ഹാസ്യനടനായിരുന്നു), സുധീർ, ശ്രീനാഥ് (ഇവർ ഇരുവരും പല മലയാളസിനിമകളിലും നായകൻമാരായി അഭിനയം കാഴ്ച വെച്ചിട്ടുണ്ട്.)

വി.ടി. അരവിന്ദാക്ഷമേനോൻ കലാനിലയത്തിന്റെ കായംകുളം കൊച്ചുണ്ണിയെന്ന നാടകത്തിൽ കൊച്ചുണ്ണിയായി അഭിനയിച്ച പ്രസിദ്ധനടൻ. അദ്ദേഹത്തിന് ഈ അഭിനയത്തിന് 1965ൽ കേരളസംഗീത നാടക അക്കാദമിയുടെ മികച്ച നടനുള്ള അവാർഡു ലഭിച്ചു. ഇവരെല്ലാം തന്നെ കൊടുങ്ങല്ലൂർക്കാരുടെ പട്ടികയിൽ പ്രാമുഖ്യം നേടിയവരാണ്. കൂടാതെ കൊടുങ്ങല്ലൂർ പ്രസിദ്ധരായ പല രാഷ്ട്രീയ നേതാക്കൾക്കും ജന്മം നൽകിയിട്ടുണ്ടെന്നതും ഈ നാടിനും കേരളത്തിനും എന്നും അഭിമാനിക്കാൻ വക നൽകുന്നതാണ്.

കൊടുങ്ങല്ലൂരിനെ പറ്റി എഴുതാൻ തുടങ്ങിയാൽ നിർത്താൻ പ്രയാസമാണ്. പക്ഷെ എല്ലാ കാര്യങ്ങൾക്കും ഒരു അന്ത്യം കുറിക്കണമല്ലോ. അതുകൊണ്ട് തൽക്കാലം അവസാനിപ്പിക്കുന്നു●

# ജ്യോതിഷ മാഹാത്മ്യം

(ഡോ.കെ.ഹരിഹരൻ, ഫോൺ:9847313322)

ജ്യോതിഷം അതിപുരാതനവും അതിഗഹനവുമായ ഒരു ശാസ്ത്രസമ്പത്താണ്. പ്രപഞ്ചം, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, പ്രകൃതി മുതലായവയെ സമഗ്രമായി പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ജ്യോതിശാസ്ത്രം അഥവാ Astrology എങ്കിൽ ഗ്രഹങ്ങളുടെ സ്ഥാനവും അവയുടെ സഞ്ചാരവും ചലനങ്ങളും അനുസരിച്ച് ഒരു വ്യക്തിയുടെ ജീവിതയാത്രഫലങ്ങളെ അപഗ്രഥിക്കുന്ന മറ്റൊരു ശാസ്ത്രഭാഗമാണ് ജ്യോതിഷ ശാസ്ത്രം അഥവ ജ്യോതിഷ വിദ്യ.

''ഗവാ ഗന്ധേന പശ്യതി, രാജാനശ്ചാര ചുക്ഷുഷാ

ശാസ്ത്രേണ പണ്ഡിതാ സർവേ ചക്ഷുർഭ്യം ഇതരേ ജനാ:''

സാരം: പശുക്കുട്ടികൾ അതിന്റെ തള്ളയെ ഗന്ധം കൊണ്ടു തിരിച്ചറിയുന്നു. രാജാവ് ചാരന്മാർ മുഖാന്തിരം രാജ്യത്തു നടക്കുന്ന കാര്യങ്ങൾ എല്ലാം അറിയുന്നു. പണ്ഡിതന്മാർ ശാസ്ത്രജ്ഞാനം കൊണ്ട് കാര്യങ്ങൾ ഗ്രഹിക്കുന്നു. സാധാരണ ജനങ്ങൾ അവരുടെ കണ്ണുകൊണ്ട് കാണുന്നതുമാത്രം വിശ്വസിക്കുന്നു.

മരവുരി ധരിച്ച്, കായ്കനികളും ഭക്ഷിച്ച് വനാന്തരങ്ങളിൽ തപോനിഷ്ഠരായി ജീവിച്ചിരുന്ന മഹർഷിമാർ കണ്ടെത്തിയ പ്രപഞ്ച സത്യങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളെപ്പോലും വെല്ലുവിളിക്കുന്നതാണ്. ആത്മജ്ഞാനത്താൽ പ്രകാശിതമായ മനക്കണ്ണുകളാൽ പൂർവ്വസൂരികളായ ഋഷീവര്യന്മാർ ദർശിച്ച ഗ്രഹങ്ങളും, പ്രകൃതിയിലെ മറ്റു ചരാചരങ്ങളും തമ്മിലുള്ള ബന്ധം വേദകാലഘട്ടം മുതൽ വിജ്ഞാനത്തിന്റേയും ശാസ്ത്രത്തിന്റേയും സംസ്ക്കാരത്തിന്റേയും ഭാഗമായിരുന്നു. ഋഷീശ്വരന്മാരായ ആചാര്യന്മാർ നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും മനുഷ്യരേയുമെല്ലാം പഠിച്ചും നിരീക്ഷിച്ചും ചിന്തിച്ചും വ്യക്തമായ ധാരണകളോടെ പടുത്തുയർത്തിയ ഒരു വിജ്ഞാന ശാഖയാണ് ജ്യോതിഷ ശാസ്ത്രം. ഇതിഹാസങ്ങളുടേയും പുരാണങ്ങളുടേയും കാലത്ത് ഭാരതത്തിൽ ജ്യോതിഷം സർവ്വസാധാരണമായിരുന്നു എന്ന് നമ്മുടെ മഹാകാവ്യങ്ങളായ മഹാഭാരതവും രാമായണവും സാക്ഷ്യപ്പെടുത്തുന്നു. അദ്ധ്യാത്മിക-ഭൗതിക ശാസ്ത്രങ്ങളെക്കുറിച്ച് വളരെ ബൃഹത്തും മഹത്തുമായ പാരമ്പര്യമാണ്, നമുക്കുള്ളത്. ഈ ശാസ്ത്രപാരമ്പര്യത്തിന്റെ ആരംഭത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ഇന്നു നമുക്ക് ലഭ്യമല്ല, എന്നിരുന്നാലും വേദാരംഭം മുതൽ തന്നെ ഈ ശാസ്ത്രത്തിന്റെ പ്രാമുഖ്യം വെളിവാകുന്നുണ്ട്. ഭാരതത്തിൽ ബി.സി.നാലായിരമാണ്ടിനു മുമ്പു തന്നെ ജ്യോതിഷ ശാസ്ത്രം വളർന്നു വന്നിരുന്നു എന്ന് ഋഗ്വേദത്തിൽ പോലും സൂചനകൾ കാണുന്നുണ്ട്.

ജ്യോതിഷം തെറ്റാണെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ശരിയാണെന്നു മനസ്സിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ് അഭ്യസ്ത വിദ്യരായ ആളുകളിൽ പലരും. ചന്ദ്രനിലും മറ്റു ഗ്രഹങ്ങളിലും മനുഷ്യൻ ഇറങ്ങി പര്യവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജ്യോതിഷം എങ്ങനെ വിശ്വസിക്കും എന്നു ചിലർ പരിഹാസരൂപേണ ചോദിക്കാറുണ്ട്. അനന്തവിഹായസിൽ സ്ഥിതി ചെയ്യുന്ന അനേകായിരം നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും അടിസ്ഥാനമാക്കി ഈ ഭൂമിയിൽ പിറന്നു വീഴുന്ന ഒരു കുട്ടിയുടെ ആയുസ്സിനേയും, സ്വഭാവത്തേയും, വ്യക്തിപ്രഭാവത്തേയും മറ്റു വ്യവഹാരങ്ങളേയും, ബുദ്ധി, വിദ്യ ആദിയായവയേയും മുൻകൂട്ടി നിർണ്ണയിച്ചു പ്രവചനം നടത്തുന്നത് ബുദ്ധി ശൂന്യതയല്ലേ എന്നു ചോദിക്കുന്ന പലരും ഉണ്ടാകാം. എന്നാൽ ജനന സമയത്തുള്ള ഗ്രഹസ്ഥിതിയും നക്ഷത്രസ്ഥിതിയും ആധാരമാക്കി ഒരാളുടെ ഭാവി ജീവിതത്തെ വളരെ യുക്തിസഹജമായ ശാസ്ത്രനിരീക്ഷണങ്ങളിലൂടെ തന്റെ മുമ്പിലുള്ള തെളിവുകളെ നിരത്തിവെച്ച് ബുദ്ധിയും യുക്തിയും കോർത്തിണക്കി മനസ്സുകൊണ്ടു ചുഴിഞ്ഞാലോചിച്ച് ന്യായാധിപതുല്യനായ ഒരു ജ്യോത്സ്യന് പ്രവചിക്കാൻ സാധിക്കുന്നതാണ്.

ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ മുതലായവയ്ക്ക് മനുഷ്യരും മൃഗങ്ങളും മറ്റു സകല ജീവജാലങ്ങളുമായി ബന്ധമുണ്ടെന്നും ജ്യോതിർഗോളങ്ങളാണ് ഇവയെ നിയന്ത്രിക്കുന്നതെന്നും അതിന്റെ അടിസ്ഥാനത്തിൽ ത്രികാലങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുമെന്നും പറയുന്ന ഫലഭാഗമാണ് ജ്യോ

തിഷം.ജ്യോതിസ്സെന്നാൽ പ്രകാശം. ജ്യോതിസ്സിനെ സംബന്ധിച്ച വിജ്ഞാനമാണ് ജ്യോതിഷം എന്നു പറയാം. ജ്യോതിസ്സെന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് ഗ്രഹങ്ങളേയും നക്ഷത്രങ്ങളേയുമാണ്.

ജനനസമയത്തോ, പ്രശ്നസമയത്തോ ഗ്രഹനിലകണ്ട് ശരീരസ്ഥിതി, സ്വഭാവം, ആരോഗ്യം, ആയുസ്സ്, വിദ്യാഭ്യാസം, കർമ്മം, ജീവിതനേട്ടങ്ങൾ തുടങ്ങിയ ഓരോ കാര്യങ്ങളും എങ്ങനെ ആയിരിക്കുമെന്നു പ്രവചിക്കാൻ ജ്യോതിഷത്തിലൂടെ സാധിക്കും. പഞ്ചഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണ് ഈ പ്രപഞ്ചവും സർവ്വചരാചരങ്ങളും. അതിൽപെട്ട ഒന്നു തന്നെയാണ് നാം കാണുന്ന ആകാശവും, അവിടെ വിഹരിക്കുന്ന കോടിക്കണക്കിന് നക്ഷത്രങ്ങളും, ഗ്രഹങ്ങളും മനുഷ്യശരീരങ്ങളിലേയ്ക്കു മാത്രമല്ല ഭൂമിയിലുള്ള സർവ്വ ചരാചരങ്ങളിലേക്കും അവയുടെ ശക്ത്യാംശങ്ങൾ സദാ വിന്യസിച്ചുകൊണ്ടിരിക്കുന്നു. ഈ ശക്ത്യാംശങ്ങൾ പരസ്പരമുള്ള സൂക്ഷ്മാകർഷണം വിസ്ഫോടനാദികളാൽ അവയ്ക്ക് ആധാരമായ ശരീരത്തിലൂടെ ജീവിതത്തിൽ പല പ്രവർത്തനക്രിയകളും നടത്തുന്നുമുണ്ട്. ജീവിത ചൈതന്യം പോലും അതിന് വിധേയമാകുന്നു. ഉദാഹരണമായി നമുക്ക് സുപരിചിതമായ വേലിയേറ്റം തന്നെ എടുക്കാം. ഭൂമിയോട് ഏറ്റവും അടുത്തു നിൽക്കുന്ന ഗ്രഹമായ ചന്ദ്രൻ ഭൂമിക്കഭിമുഖമായി വരുമ്പോൾ അതിന്റെ ആകർഷണം ഭൂമിക്കനുഭവപ്പെടുകയും തൽഫലമായി ഭൂമിയിലെ ജലവും വായുവും മറ്റു ഭാരം കുറഞ്ഞ പദാർത്ഥങ്ങളും ചന്ദ്രനിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. വേലിയേറ്റ സമയത്ത് മനുഷ്യ ശരീരത്തിൽ ഒരു മുറിവുണ്ടായാൽ അതിൽ നിന്നും ക്രമത്തിലധികം രക്തം വാർന്നു പോകുന്നതായി കാണാം. ഇതിനു കാരണം ചന്ദ്രന്റെ ആകർഷണം മനുഷ്യശരീരത്തേയും ബാധിക്കുന്നു എന്നുള്ളതാണ്. അതേപോലെ തന്നെ ഭൂമിയുടെ മണവും സൂര്യചന്ദ്രാദികളുടെ പ്രകാശരശ്മികളും ഏൽക്കാത്തതുമായ ഒരു വിത്തും മുളയ്ക്കുകയില്ല, ഒരു ചെടിയും വളരുകയില്ല, ഒരു ജീവിക്കും ഈ ഭൂമിയിൽ ജീവൻ നിലനിറുത്തുവാൻ സാധിക്കുകയുമില്ല. ഇത്തരത്തിൽ സൂര്യചന്ദ്രന്മാരുടെ നോട്ടങ്ങൾ അഥവാ പ്രകാശരശ്മികൾ ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും ഏറ്റുവാങ്ങുന്നുണ്ടെങ്കിൽ ആകാശത്തിൽ വിന്യസിക്കപ്പെട്ടിട്ടുള്ള മറ്റു നക്ഷത്രാദി ഗ്രഹങ്ങളുടേയും നോട്ടവും പ്രകാശരശ്മികളും അവയെല്ലാം ഏറ്റുവാങ്ങുന്നുണ്ട് എന്നുള്ള കാര്യം സുനിശ്ചിതം. സൗരയൂഥ സിദ്ധാന്തമനുസരിച്ച് സൂര്യനു ചുറ്റും പ്രദക്ഷിണം വെച്ചു ചലിച്ചു കൊണ്ടിരിക്കുകയാണ് അവയിലുൾപ്പെട്ട സകല ഗ്രഹങ്ങളും നക്ഷത്രങ്ങളും. അങ്ങനെ ആകുമ്പോൾ ഓരോ സമയത്തും ഇതിൽ നിന്നൊക്കെ സ്ഫുരിക്കുന്ന പ്രകാശ രശ്മികളുടെ അളവിനും ശക്തിക്കും വ്യത്യാസമുണ്ടാകും എന്ന കാര്യവും തികച്ചും ന്യായയുക്തമാണ്. ഇത് ഒരു ശാസ്ത്രീയ നിഗമനം അല്ല എന്ന് ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ? അങ്ങനെ ഒരു വ്യക്തിയുടെ ജനനസമയത്ത് ഗ്രഹങ്ങളുടെ നിലയും സ്ഥാനവും മനനം ചെയ്ത് ശാസ്ത്രീയ ഗണനനിഗമനങ്ങളിലൂടെ തയ്യാറാക്കുന്ന ഒരു പട്ടികയാണ് ആ വ്യക്തിയുടെ ഗ്രഹനില. ഈ ഗ്രഹനിലയെ അടിസ്ഥാനമാക്കിയാണ് ദൈവജ്ഞന്മാരായ ജ്യോതിഷികൾ ആ വ്യക്തിയുടെ ഭൂതഭാവി വർത്തമാനകാലത്തെക്കുറിച്ച് പ്രവചനങ്ങൾ നടത്തുന്നത്. ഈ പ്രവചനങ്ങൾ തെറ്റാണന്നോ വെറും അന്ധവിശ്വാസമാണെന്നോ പറഞ്ഞ് എഴുതി തള്ളാൻ സാധിക്കുന്നതല്ല. പക്ഷെ എല്ലാ കാര്യവും വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിക്കുമുണ്ട്.

ജ്യോതിഷത്തിന്റെ ആചാര്യന്മാരായിട്ട് പതിനെട്ട് ഋഷിവര്യന്മാരാണുള്ളത്. അവർ ബ്രഹ്മാവ്, നാരദൻ, വ്യാസൻ, വസിഷ്ഠൻ, അത്രി, പരാശരൻ, ലോമേശൻ, യവനൻ, ഭൃഗു, സൂര്യസിദ്ധൻ, ച്യവനൻ, കശ്യപൻ, പുലസ്ത്യൻ, പൗലീശൻ, ശൗനകൻ, അംഗീരസ്സ്, മരീചി, ഗർഗ്ഗൻ എന്നിവരാണ്.

വേദത്തിന് വേദം, വൈദികക്രിയകൾ, വേദാദ്ധ്യായനം ഇവയുമായി ബന്ധപ്പെട്ട ആറു ഘടകങ്ങളുണ്ട്. ഇവയും വേദത്തിന്റെ വൈദികമായ വിജ്ഞാനത്തിന്റെ ഭാഗമാണ്. അതിനാൽ ഇവയെ 'വേദാംഗങ്ങൾ' എന്നാണ് വിശേഷിപ്പിക്കുന്നത്. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം ഇവയാറുമാണ് വേദാംഗങ്ങൾ.

ശിക്ഷ: ഉച്ചാരണ ശാസ്ത്രമാണ് ശിക്ഷ. വേദമന്ത്രങ്ങളും സൂക്തങ്ങളും എങ്ങനെയാണ് ചൊല്ലേണ്ടതെന്ന് പഠിപ്പിക്കുന്നതാണിത്.

കല്പം: ആചാരാനുഷ്ഠാനങ്ങളെ വിവരിക്കുന്നതാണ് കല്പം. ജനനം മുതൽ മരണം വരെയുള്ള വിവിധ സന്ദർഭങ്ങളിലെ ആചാരങ്ങൾ, മന്ത്രകർമ്മങ്ങൾ, യജ്ഞാവിധികൾ, രാജ്യഭരണക്രമം, വർണാശ്രമ ധർമ്മങ്ങൾ ഇവയെല്ലാം ഇതിലടങ്ങും.

വ്യാകരണം: ഭാഷാശാസ്ത്രം തന്നെ വേദങ്ങൾ വായിക്കാനും ഗ്രഹിക്കാനും സഹായിക്കുന്നു.

നിരുക്തം: വൈദിക ശബ്ദങ്ങളുടെ അർത്ഥം

അറിയുവാനും, ഏതു ധാതുവിൽ നിന്നുമാണ് അവയുടെ വ്യുല്പത്തിയെന്നും നിരുക്തം വ്യക്തമാക്കുന്നു.

ഛന്ദസ്സ്: സാമാന്യമായി പറഞ്ഞാൽ വൃത്ത നിർമ്മാണത്തിന്റെ വിധിയും നിർദ്ദേശവുമാണ് ഛന്ദസ്സ്. വേദമന്ത്രങ്ങളുടെ അക്ഷരസംഖ്യകളും, ഗുരു, ലഘു തുടങ്ങിയ ക്രമങ്ങളും ഇതിൽ വിവരിക്കപ്പെടുന്നു.

ജ്യോതിഷം: വേദകാലത്ത് ജ്യോതിഷ വിദ്യ അത്ര വ്യാപ്തിയും പരപ്പും നേടിയിരുന്നില്ല. വിവാഹാദികർമ്മങ്ങളുടെ മുഹൂർത്തം, ഗ്രഹസ്ഥിതി, ത്രികാലപ്രവചനം എന്നിങ്ങനെ ജ്യോതിഷം വികാസം പ്രാപിച്ചത് പിൽക്കാലത്താണ്. യാഗാദി കർമ്മങ്ങൾക്കുള്ള സമയം തീരുമാനിക്കുവാനാണ് വൈദിക കാലത്ത് മുഖ്യമായും ഈ ശാസ്ത്രം പ്രയോജനപ്പെടുത്തിയിരുന്നത്.

വേദാംഗങ്ങളായ ഈ ആറു ശാസ്ത്രങ്ങളേയും വേദത്തിന്റെ അല്ലെങ്കിൽ വേദപുരുഷന്റെ ശരീരഭാഗങ്ങളായി അവതരിപ്പിച്ചു കാണുന്നു. വേദപുരുഷന്റെ കാലുകൾ ഛന്ദശാസ്ത്രവും, മുഖം വ്യാകരണ ശാസ്ത്രവും, കരങ്ങൾ കല്പശാസ്ത്രവും, കണ്ണുകൾ ജ്യോതിശാസ്ത്രവും, മൂക്ക് ശിക്ഷാശാസ്ത്രവും, ചെവികൾ നിരുക്തശാസ്ത്രവുമാണ്. എല്ലാ ഇന്ദ്രിയങ്ങളിലും വെച്ച് കണ്ണുകളാണ് സർവ്വപ്രധാനം എന്നുണ്ടല്ലോ? അപ്പോൾ ആറുവേദാംഗങ്ങളിലും പ്രധാനമായതു ജ്യോതിഷം ആണ്.

'സ്കന്ധത്രയാത്മകം ജ്യോതിശാസ്ത്രമേതത്ഷ സംഗവത്

ഗണിതം സംഹിതാഹോര ചേതിസ്കന്ധത്രയം മതം

ജാതക ഗോള നിമിത്ത പ്രശ്നമുഹൂർ

ത്താഖ്യഗണിതനാമാനി

അഭീദധതീഹ ഷഡാംഗാന്യാ ചാര്യാ:

ജ്യോതിഷ മഹാശാസ്ത്രേ'

ജ്യോതിഷ ശാസ്ത്രത്തെ മൂന്നു സ്കന്ധങ്ങളായും ആറ് അംഗങ്ങളായും വിഭജിക്കപ്പെട്ടിരിക്കുന്നു. ഗണിതം, സംഹിത, ഹോര ഇവയാണ് സ്കന്ധങ്ങൾ. ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം ഇവയാണ് ആറ് അംഗങ്ങൾ. ഗണിതമെന്ന സ്കന്ധത്തിലെ അംഗങ്ങളായി ഗോളവും ഗണിതവും. സംഹിതാ സ്കന്ധത്തിൽ നിമിത്തവും ഹോരസ്കന്ധത്തിൽ ജാതകം, പ്രശ്നം, മുഹൂർത്തം, നിമിത്തം എന്നിങ്ങനെ തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഗണിത സ്കന്ധമാണ് ഇവയിൽ ഏറ്റവും പ്രധാനം. ഇത് ജ്യോതിഷത്തിന്റെ പ്രാണഭാഗവും മറ്റുള്ളവ ആധാരവുമാണ്.

ഗോളം: അന്തരീക്ഷചാരികളായ ഗോളങ്ങളുടെ ഗതിവിഗതികളെ പറ്റിയുള്ള വിവരണമാണ്.

ഗണിതം: പേരുസൂചിപ്പിക്കുന്നതു പോലെ ഇത് സമ്പൂർണ്ണ ഗണിതമാണ്. ഗ്രഹനക്ഷത്രാദികളുടെ ഭ്രമണവും, സ്ഥാനനിർണ്ണയവും മറ്റും കണക്കാക്കുകയാണ് അതിൽ. കലി ദിനസംഖ്യ, ഗ്രഹഗതി, ഗ്രഹസ്ഫുടം, സൂര്യഗ്രഹണം. ചന്ദ്രഗ്രഹണം, ഗ്രഹയുക്തം, ഗ്രഹസമാഗമം, മൗഢ്യം, നക്ഷത്രസ്ഥിതി ഇവയെല്ലാം കണ്ടു പിടിക്കുവാനുള്ള കണക്കുകളാണ് ഗണിതം.

സംഹിത: പ്രളയം, ഭൂകമ്പം, ധൂമകേതു, കാലാവസ്ഥ, അഗ്നിപർവ്വതം എന്നിവയെക്കുറിച്ചുള്ള പഠനവും വ്യക്തികളിലുണ്ടാകുന്ന വൃദ്ധിക്ഷയങ്ങൾ കാലാവസ്ഥയുടെ ഭാവവും, അഭാവവും ഇവയുടെ ലക്ഷണങ്ങൾ. ജന്തുക്കളുടെ ശുഭാശുഭലക്ഷണങ്ങൾ തുടങ്ങി പ്രപഞ്ചത്തിലെ സകല വസ്തുക്കളുടേയും സ്വരൂപവർണ്ണനയും ഫലങ്ങളുമാണ് ഇതിലുള്ളത്.

ഹോരാ: ജ്യോതിഷ വിദ്യയുടെ ആത്മാവാണ് ഹോര. ജ്യോതിഷത്തിന്റെ ഫലപ്രവചനഭാഗമാണിത്. ഹോരയിൽ പ്രധാനമായും ജാതകം പ്രശ്നം മൂഹൂർത്തം നിമിത്തം എന്നിങ്ങനെ നാലു ഘടകങ്ങളുണ്ട്.

പൂർവ്വ ജന്മത്തിൽ ചെയ്തിട്ടുള്ള സൽകർമ്മങ്ങളേയും ദുഷ്കർമ്മങ്ങളേയും ആസ്പദമാക്കി വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള ഫലങ്ങൾ പ്രവചിക്കുന്ന രീതിയാണ് ജാതകത്തിൽ നടന്നു വരുന്നത്.

ജാതകൻ ഇപ്പോൾ, ഈ ദിവസം, ഈ നിമിഷത്തിൽ നേരിടുകയും അനുഭവിക്കുകയും ചെയ്യുന്നത് പ്രശ്ന ശാസ്ത്രത്തിൽ വ്യക്തമാക്കപ്പെടുന്നു. ജാതകത്തിൽ ജനന സമയമാണ് അടിസ്ഥാനമെങ്കിൽ പ്രശ്നത്തിൽ ദൈവജ്ഞനോടു ചോദ്യം ചോദിക്കുന്ന സമയമാണ് അടിസ്ഥാനം.

മുഹൂർത്തം ശുഭകർമ്മങ്ങൾക്ക് യോഗ്യമായ സമയമാണ്-ഏതു കാര്യവും ആരംഭിക്കുന്നതിന്, ചെയ്യുന്നതിന് ചില ലക്ഷണങ്ങളും ഗ്രഹങ്ങളുടെ ആനുകൂല്യവും വേണമെന്നുണ്ട്. ആ ഉചിതസമയം തെരഞ്ഞെടുക്കലാണ് മുഹൂർത്തം.

ജാതകം കുറിക്കുമ്പോഴോ, പ്രശ്നം നോക്കുമ്പോഴോ മുഹൂർത്തം കണക്കാക്കുമ്പോഴോ, നല്ല കാര്യങ്ങൾക്ക് ഇറങ്ങുമ്പോഴോ ഒക്കെ അവനവനിലും

പരിസരത്തിലും പ്രകൃതിയിലുമൊക്കെയുണ്ടാകുന്ന മാറ്റങ്ങൾ ആ ചെയ്യുന്ന അഥവ ചെയ്തുകൊണ്ടിരിക്കുന്ന കർമ്മത്തിന്റെ ഫലത്തെ സൂചിപ്പിക്കുന്നു എന്നാണ് നിമിത്ത ശാസ്ത്രം പറയുന്നത്.

നാം പഠിക്കുന്ന വിഷയങ്ങൾ അതിലെ ശാസ്ത്ര സൂത്ര വാക്യങ്ങൾ മനപ്പാഠമാക്കിയ ശേഷം പ്രായോഗികമാക്കുന്നതുപോലെയല്ല ജ്യോതിഷപ്രവചനങ്ങൾ നടത്തുന്നുത്. ഒരു വ്യക്തിയുടെ ജനനസമയത്ത് ഉദിച്ചു നിൽക്കുന്ന ഗ്രഹങ്ങളുടെ സങ്കീർണ്ണങ്ങളായ നിലകളെപ്പറ്റി സൂക്ഷ്മ നിരീക്ഷണവും പഠനവും നടത്തി വിവിധ നിലകളെക്കുറിച്ചുള്ള സമഗ്രമായ അറിവും ദൈവീകാരാധനയും പ്രാർത്ഥനകളും കൊണ്ടുമാത്രം നേടിയെടുക്കാവുന്ന ശ്രമകരമായ ഒരു കർത്തവ്യമാണ് ജ്യോതിഷ പ്രവചനം. ഒമ്പതു ഗ്രഹങ്ങളുടേയും വ്യക്തിപരമായ ശക്തിയെ മാത്രം ആശ്രയിച്ചല്ല ഒരു ഗ്രഹനിലയുടെ ഫലം കണക്കാക്കപ്പെടുന്നത്. ആ ഗ്രഹങ്ങൾ നിലകൊള്ളുന്ന രാശികൾ, ഗ്രഹങ്ങൾക്കു പരസ്പരമുള്ള സ്വാധീനം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ കണക്കാക്കി വേണം പ്രവചനം നടത്താൻ.

ഋഷിവര്യന്മാരും യോഗികളും തങ്ങളുടെ നിതാന്തമായ ഏകാഗ്രതയും ധ്യാനവും പഠനവും ദൈവീക ആരാധനയും അനുഗ്രഹവും കൊണ്ട് നേടിയെടുത്ത ശക്തി പ്രവാഹത്തിലൂടെ മനസ്സിലാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തങ്ങളെ സമീപിക്കുന്നവർക്ക് കൃത്യമായ പ്രവചനങ്ങൾ നിസ്വാർത്ഥമായി നൽകിയിരുന്നു. ആ പ്രവചനങ്ങൾ എല്ലാം തന്നെ യാഥാർത്ഥ്യങ്ങളുമാകാറുണ്ട്. കാലത്തിന്റെ സ്പന്ദനങ്ങളെ നിർവ്വചിക്കുവാനും അറിയുവാനും അപഗ്രഥിക്കുവാനും കഴിയുന്ന ഒരു ശാസ്ത്ര വിഷയമാണ് ജ്യോതിഷം. പ്രശസ്തരായ ചിന്തകരും മനുഷ്യ മനസ്സറിഞ്ഞ മനീഷികളും അവരുടെ പരീക്ഷണ നിരീക്ഷണങ്ങളുംകൊണ്ട് ജ്യോതിഷ വിദ്യയെ വളർത്തി ഏതോ നല്ല നേരത്ത് മഴയറിഞ്ഞ് നട്ട ചെടിപോലെ പടർന്നു പന്തലിച്ചു നിൽക്കുന്നു. യുക്തിവാദികളുടേയും നിരീശ്വരവാദികളുടേയും ഒക്കെ ക്രൂരമായ വാക്ശരങ്ങളിൽ പിടയാതെ, തളരാതെ, കുലുങ്ങാതെ ഈ മഹാശാസ്ത്രം ആകാശം മുട്ടി നിൽക്കുന്ന പർവ്വത നിരകളെപോലെ തല ഉയർത്തി തന്നെ നിലകൊള്ളുന്നു. ജ്യോതിശാസ്ത്രം ഇന്ന് നിത്യജീവിതത്തിന്റെ ഒരു ഭാഗമായി മാറി മനുഷ്യന്റെ പ്രയാണത്തിന് സാക്ഷ്യം വഹിക്കുന്ന ജ്ഞാനരേഖയായി നിലകൊള്ളുന്നു.

ഭൂമി തന്നെ ഒരു രാശിചക്രം, നമ്മുടെ വീടു തന്നെ ഒരു രാശി ചക്രം, തൂണിലും തുരുമ്പിലും പ്രപഞ്ചാത്മാവ് നിറഞ്ഞപോലെ സ്ഥിരചക്രവും ചരചക്രവുമായി ജ്യോതിഷം നിറഞ്ഞു നിൽക്കുന്നു. ശുഭവും അശുഭവുമായ മുൻജന്മത്തിലെ കർമ്മ ഗതിയിലൂടെ ഇഹലോകത്തിൽ ഓരോ വേഷങ്ങൾ കെട്ടി ആടാനെത്തിയ നമ്മളോരോരുത്തരുടേയും വിധിന്യായം വായിച്ചു ബോദ്ധ്യപ്പെടുത്തുന്നു. ഭാഗ്യ നിർഭാഗ്യങ്ങളുടെ അനുപാതരമ്യത കാത്തുസൂക്ഷിക്കുന്ന ഗ്രഹങ്ങൾ വിളമ്പുന്നത് കയ്പു നിറഞ്ഞ കഷായമായാലും സ്വാദിഷ്ടമായ മുന്തിരിച്ചാറായാലും ഭക്ഷിക്കുക മാത്രമാണ് പാവം മനുഷ്യന് ചെയ്യാൻ സാധിക്കുന്നത്. ദശകളും അപഹാരങ്ങളും ഒക്കെയായി നീളുന്ന ഗ്രഹങ്ങളുടെ ഭരണോത്സുകതയിൽ ജീവിതം മുന്നോട്ടു നയിക്കപ്പെടുന്നു.

''ഹരീനാപി-ഹരേനാപി-സുരേനാപി-

ബ്രഹ്മണാപി-ലലാട ലിഖിതാരേഖ

പരമഷ്ത്രം ന സ്യാകൃതേ.''

സാരം: തലയിലെഴുത്ത് ആരാലും മാറ്റാനോ മായ്ക്കാനോ സാധിക്കില്ല. അത് ഹരിക്കോ, ഹരനോ, സുരനോ, ബ്രഹ്മാവിനോപോലും മാറ്റാൻ സാധിക്കില്ല എന്നാണ് ഈ വരികളുടെ രത്നചുരുക്കം. ഒരു വ്യക്തി ഈ ജീവിതത്തിൽ അനുഭവിക്കാൻ വിധിക്കപ്പെട്ടത് സുഖമായാലും, ദു:ഖമായാലും അത് അനുഭവിച്ചു തന്നെ തീരണം.● ശുഭം.

---

**(25-ാം പേജിൽ നിന്ന് തുടർച്ച)**

പ്രയോജനപ്പെടുന്നു. ഒരു കർഷകൻ വിത്തെറിയുന്നതിനുമുമ്പ് നിലമുഴുതു കല്ലും കട്ടകളും കളകളും നീക്കി കൃഷി ഭൂമി പാകപ്പെടുത്തുന്നപോലെ, ഗുരുശിഷ്യന്മാർ അധ്യയനത്തിനുമുമ്പ് മനോബുദ്ധികളെ സംസ്കരിച്ച് ഇന്ദ്രിയങ്ങളെ നിയന്ത്രണാധീനമാക്കണം. അതിനുള്ള മനശ്ശാസ്ത്രപരവും വിദഗ്ധവുമായ ഒരനുഷ്ഠാനമാണ് ഇത്തരം പ്രാർത്ഥനകൾ, ആധ്യാത്മികവും ആധിഭൗതികവും ആധിദൈവികവുമായ ദു:ഖങ്ങൾ തങ്ങളുടെ അധ്യയനത്തെ ബാധിക്കരുതേ എന്ന പ്രാർത്ഥന അർഥമുൾക്കൊണ്ട് നാം ഉരുവിടുമ്പോൾ, സംഘടിച്ചു ശക്തിനേടുവിൻ എന്ന മുദ്രാവാക്യംകൊണ്ട് വിഭക്തവും അശാന്തവും അക്രമാസക്തവുമായ വിദ്യാഭ്യാസരംഗം ശാന്തസുന്ദരമായിത്തീരുന്നു●

# പാതഞ്ജല യോഗദർശനം

(കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

മനസ്സിനെ മയക്കുന്ന വൃത്തികൾ അഞ്ചാണ്. അതിൽ നാലെണ്ണത്തെപ്പറ്റിയുള്ള ചർച്ച കഴിഞ്ഞു. അഞ്ചാമത്തേതാണ് സ്മൃതി, ഓർമ്മ.

'അനുഭൂതവിഷയ അസംപ്രമോഷ: സ്മൃതി:'

എന്ന സൂത്രമാണ് സമാധി പാദത്തിലെ പതിനൊന്നാം സൂത്രം. അനുഭൂതം എന്നാൽ അനുഭവിച്ചു കഴിഞ്ഞത്. അനുഭവമെന്നാൽ വർത്തമാനകാലവും അനുഭൂതമെന്നാൽ ഭൂതകാലവുമാണ്. അതായത് ഇന്നത്തെ അനുഭവമാണ് നാളെ സ്മൃതിയായിത്തീരുന്നത്. അതിലെ സുഖവും ദു:ഖവുമൊക്കെ അതിനെ ഓർമ്മിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. അത് മനസ്സിനു ഭാരമായിത്തീരുന്നു; വൃത്തിയായി മാറുന്നു.

മോഷണം (കട്ടുകൊണ്ടു പോവുക) എന്ന വാക്ക് ഓർമ്മയുണ്ടല്ലോ?. അതിന്റെ നിഷേധമാണ് അസംപ്രമോഷണം - നഷ്ടപ്പെടാതെ നിലനില്ക്കുക അനുഭവിച്ച വിഷയങ്ങൾ, അനുഭവങ്ങൾ, നഷ്ടപ്പെടാതെ നിലനില്ക്കുന്നതാണ് സ്മൃതി എന്ന് സൂത്രാർഥം ശ്രദ്ധിച്ചു നോക്കിയാൽ ഈ ലോകം നിലനില്ക്കുന്നത് ഓർമ്മ കാരണമാണ്. നമ്മുടെ ബന്ധങ്ങളുടെയൊക്കെ കാരണം ഓർമ്മയല്ലേ? അൽഷിമിയസ് രോഗം ബാധിച്ച ഒരു വ്യക്തിക്ക് ആരെയും ഓർമ്മയുണ്ടാവില്ലത്രേ. ഈ ലേഖകന്റെ അമ്മയ്ക്ക് ആ രോഗം വന്നിരുന്നു. മകനെപ്പോലും തീരെ തിരിച്ചറിയാനാവാത്ത അവസ്ഥ. സുഖ ദു:ഖങ്ങൾ അറിയില്ല. പടിഞ്ഞാറ്റയിൽ വിളക്കുവെയ്ക്കലും ഏകാദശി വൃതവും മുടക്കാതിരുന്ന അമ്മയ്ക്ക് ക്രമത്തിൽ അതൊന്നും ഓർമ്മയില്ലാതായി. അപ്പോൾ സ്മൃതിയും ക്ലിഷ്ടവും അക്ലിഷ്ടവുമാവാം. അക്ലിഷ്ഠമായ സ്മൃതി ദോഷമല്ലെന്നും, അത് സമാധിയിലേക്കുള്ള പാത സുഗമമാക്കുമെന്നും വരുന്നു. എന്നാൽ അത്യന്തികമായി കൈവല്യപ്രാപ്തിക്ക് അതും പോകുക തന്നെ വേണം.

ഒരു വാത്തുമുട്ടയും ഒരു കോഴിമുട്ടയും പുഴക്കരയിൽ വിരിയാൻ വെക്കുക. മുട്ട പൊട്ടി പുറത്തുവരുന്ന വാത്തിൻകുട്ടി വെള്ളത്തിലേക്ക് യാതൊരു ശങ്കയുമില്ലാതെ ഇറങ്ങിച്ചെല്ലും. കോഴിക്കുഞ്ഞിന് ആ ധൈര്യം വരില്ല. ആരാണ് ഈ അറിവ് അവയ്ക്ക് കൊടുത്തത്? അവരിലുള്ള ഓർമ്മ തന്നെയാണ് കാരണം. ഒരു പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും സംയോജിക്കുന്നു. അത് ഒരു മനുഷ്യകുഞ്ഞായാണ് വരേണ്ടത്. അതിന് പാടാനോ ചാടാനോ നൃത്തം ചെയ്യാനോ കഴിയും വിധം വളരണം എന്നൊക്കെയുള്ള അറിവും ഈ ഓർമ്മയുടെ പരിധിയിൽ കൊണ്ടുവരാം. Cellular Memory എന്ന ഈ വിഭാഗം സ്ഥിരമായാണ് കണക്കാക്കുന്നത്. ഉപനിഷത്തിൽ ഗുരു ശിഷ്യനോടു പറയുന്നു. ഒരു ആൽ വിത്തു കൊണ്ടുവരൂ ശിഷ്യൻ കൊണ്ടുവന്നു. ഈ വിത്ത് വളർന്നാൽ ആൽവൃക്ഷമാവുമോ? 'ആകും' 'ആ വിത്ത് പൊട്ടിച്ച് അതിൽ ആലിന്റെ കൊച്ചു പതിപ്പുണ്ടോ എന്ന് നോക്കൂ' ഇത്തരത്തിൽ ഗുരു ശിഷ്യനെ അതിലുറങ്ങിക്കിടക്കുന്ന ആൽ എന്ന ആശയത്തെ ബോദ്ധ്യപ്പെടുത്തുന്നു. മുൻ ജന്മത്തിലെ അനുഭവങ്ങളുടെ സ്മൃതികളും പൂർവ്വീകരുടെ ജീവിതത്തിലെ സ്മൃതികളുമൊക്കെ നമ്മിൽ ഉറങ്ങിക്കിടക്കുന്നുണ്ട്. അതുകൊണ്ട് തന്നെ വൈദിക സംസ്കാരത്തിൽ പാരമ്പര്യത്തിന് വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു.

സ്മൃതിയോടൊപ്പം നമ്മുടെയുള്ളിൽ ഒരു പെരുമാറ്റ രീതിയും രൂപപ്പെടും. ഞാൻ ഇന്ന് 66 വയസ്സു കഴിഞ്ഞയാളെന്നിരിക്കട്ടെ. ഞാൻ 'പുലിമുരുകൻ' കണ്ട് തിരിച്ചുവരികയാണ്. കൂടെ കുടുംബവും. പിന്നിൽ നിന്ന് ഒരാൾ എന്റെ പേര് വിളിക്കുന്നു. ഞാൻ തിരിഞ്ഞു നോക്കുന്നു. നാൽപ്പത് വർഷം മുമ്പ് എന്റെ കൂടെ കോളേജിൽ പഠിച്ചയാളാണ് വിളിക്കുന്നത്. പിന്നീട് ആദ്യമായി കാണുകയാണ്. ഒറ്റ നിമിഷം കൊണ്ട് ഞാൻ ഒരു കോളേജുകുമാരനാവും അതിനനുസരിച്ച് പെരുമാറ്റവും പുറത്തുവരും. പതഞ്ജലി തന്നെ കൈവല്യപാദത്തിൽ 9-ാം സൂത്രത്തിൽ ഈ ആശയം കൊണ്ടു വരുന്നുണ്ട് മരണത്തെ ഭയപ്പെടുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് മരണം എന്ന ഒരനുഭവം അവന് മുമ്പുണ്ടായിരുന്നതുകൊണ്ട് എന്ന ഒരുത്തരവും അത് പുനർജന്മ സിദ്ധാന്തിലേക്ക് ആണ്ടിറങ്ങാനുള്ള ചോദനയും ആണ്.

മഹാഭാരതത്തിൽ ദ്രോണർ ധർമ്മപുത്രരോടും, ദുര്യോധനനോടും തന്നെക്കാൾ യോഗ്യനായ ഒരാളെ കണ്ടെത്തി കൂട്ടികൊണ്ടുവരാൻ പറയുന്നുണ്ട്. രണ്ടുപേരും തിരിച്ചു വന്നു. കൂടെയാരുമില്ല. മറുപടി പക്ഷെ വ്യത്യസ്തമായിരുന്നു. ദുര്യോധനൻ 'എന്നെക്കാളും നല്ലയാൾ ഭൂമിയിലില്ല' ധർമ്മപു

**(ശേഷം 55-ാം പേജിൽ)**

# ഇപ്പോൾതന്നെ ചെയ്യൂ

യു.എസ്.രവീന്ദ്രൻ (ഫോൺ:9496120978)

ജീവിത വിജയത്തിനുള്ള ആദ്യത്തെ ചവിട്ടുപടിയാണ് കൃത്യനിഷ്ഠ. അതായത് ഇപ്പോൾ ചെയ്യാനുള്ള കാര്യങ്ങൾ മറ്റൊരു സമയത്ത് ചെയ്യാൻ നീട്ടിവയ്ക്കാതെ ഇപ്പോൾ തന്നെ ചെയ്തു തീർക്കുക എന്ന സ്വഭാവവിശേഷം. ഇങ്ങനെയുള്ളവർ പൊതുവെ സംതൃപ്തരും, മാനസിക സംഘർഷം കുറഞ്ഞവരും, പരാതികൾ കുറഞ്ഞവരും, മനോനിയന്ത്രണമുള്ളവരും, വ്യക്തിത്വസ്ഥിരതയുള്ളവരും ആയിരിക്കും. ഇവർ മറ്റുള്ളവർക്കും തനിക്കും ജീവിക്കുവാൻ ഈ ലോകം ഒരു നല്ല സ്ഥലമാക്കിക്കൊണ്ടിരിക്കുന്നു. നമുക്കും ഒന്നു ശ്രമിച്ചുകൂടെ? ഇപ്പോൾ ചെയ്യാനുള്ളത് ഇപ്പോൾ തന്നെ ചെയ്യുക.

ഇപ്പോൾ ചെയ്യേണ്ട പ്രവർത്തി നീട്ടിവയ്ക്കുന്നതുമൂലം സംഗതികൾ വിപരീത ദിശയിൽ ആകാനും കാര്യങ്ങൾ പരിഹരിക്കാൻ ബുദ്ധിമുട്ടാകാനും കെട്ടുപിണയാനും നമുക്ക് വഴങ്ങാത്തത് ആകാനും സാദ്ധ്യതയുള്ളതുമായി തീരാവുന്നതുമായാണ് കണ്ടുവരാറുള്ളത്. പിന്നെ ചെയ്യാം എന്ന് വിചാരിച്ച് മാറ്റിവച്ചാൽ കാലക്രമേണ ആ പ്രവർത്തി മറന്നുപോകുന്നു. ഇപ്പോൾ എളുപ്പമായത് പിന്നീട് സങ്കീർണ്ണമായി തീരുന്നു. പല പല കാര്യങ്ങൾ മനസ്സിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടുന്നു. കുറേ സ്റ്റോർറൂമിൽ, കുറെ റെഫ്രിജറേറ്ററിൽ, കുറെ വിഴുപ്പുതൊട്ടിയിൽ. കൃത്യസമയത്ത് തന്നെ ഓരോന്നും ചെയ്ത് തീർക്കാൻ ശ്രദ്ധിക്കുകയാണെങ്കിൽ ഇതൊന്നും ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയില്ല. കുറേ ചെറിയ ചെറിയ കാര്യങ്ങൾ ഒന്നിച്ചു ചേരുമ്പോൾ ഓരോന്നും സങ്കീർണ്ണമായി തോന്നുകയും പ്രശ്നങ്ങൾ കീറാമുട്ടിപോലെ അലോസരപ്പെടുത്തുകയും ചെയ്യും.

നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ മറ്റുള്ളവർ ചൂണ്ടിക്കാണിച്ച് നമ്മളോട് പറയുന്നതിന് മുമ്പ് നമ്മൾ തന്നെ ചെയ്യുകയാണെങ്കിൽ നമുക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള അവസരം ലഭിക്കയും സ്വയം അച്ചടക്കം പാലിക്കാനുള്ള ചോദന വർദ്ധിക്കുകയും മാനസികസംഘർഷങ്ങൾ ഒഴിവാകുകയും ചെയ്യും. അങ്ങനെ സ്ഥിരതയുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയാകാനും സഹായകമാകും. നേരെ മറിച്ചാണെങ്കിൽ അതിന്റെ ഫലവും മറിച്ചാകും. കൃത്യതയോടെയുള്ള പ്രവർത്തികൾ നല്ല ഫലങ്ങൾ തരുന്നു. ആവർത്തിച്ചുള്ള കൃത്യത ഒരു സ്വഭാവമായി മാറുന്നു. അതൊരു ജീവിതശൈലിയായി മാറുന്നു. കാലക്രമേണ അത് മറ്റുള്ളവർക്കൊരു മാതൃകയാകുന്നു. നമ്മൾ ഒരു വിളംബകനു (Procrastinator) പകരം ഒരു ധൃതകർമ്മി (Doer) ആകുന്നു. ഇപ്പോൾ തന്നെ ചെയ്യുകയാണെങ്കിൽ അതിന്റെ ഫലവും വൈകാതെ തന്നെ ലഭിക്കുന്നു. നമ്മുടെ ഉപബോധമനസ്സിലും താൻ ഒരു പ്രവർത്ത്യാധിഷ്ഠിത വ്യക്തിയാണെന്ന ബോധം ഉറയ്ക്കുന്നു. ഒഴിവുകഴിവുകൾ പറയാനോ കേൾക്കാനോ താല്പര്യമില്ലാത്ത വ്യക്തിയായി മാറുന്നു. ഒരു പ്രവർത്തി ചെയ്യുമ്പോൾ അതിന്റെ പ്രതിപ്രവർത്തിയും സംഭവിക്കുന്നു. അത് ചാക്രികമാണ്-നല്ലതായാലും ചീത്തയായാലും, കൃത്യസമയത്തുള്ള പ്രവർത്തിയുടെ ബലവും മനസ്സിന്റെ ത്വരയും ശക്തിയേറിയ പ്രക്രിയയാണ്. അതിനെ മറ്റാർക്കും കീഴടക്കാൻ കഴിയുകയില്ല. വ്യക്തിപരമായ പ്രാരംഭകത്വം (Initiativeness) നിശ്ചയദാർഢ്യമുള്ള മനോഭാവം (Positive mindset) മുതലായവ സ്വന്തം ഭാവിയെ സ്വയം കരുപ്പിടിക്കാൻ ഉതകുന്നു. ഇപ്പോൾ തന്നെ തുടങ്ങൂ. നിങ്ങൾ അർഹിക്കുന്ന നിധികൾ ലഭ്യമാകുന്നതിനുള്ള അർഹത നേടൂ. ഇപ്പോൾ ചെയ്യേണ്ടത് ഇപ്പോൾ തന്നെ ചെയ്യായ്കമൂലം ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ വിട്ടുകളയുകയാകും ചെയ്യുന്നത്.

വിദ്യാർത്ഥികൾ ഇന്നു ചെയ്യേണ്ട ഹോംവർക്കുകൾ നാളേക്ക് നീട്ടി വയ്ക്കുന്നു; നാളെ ചെയ്യേണ്ടത് അടുത്ത ദിവസത്തേക്കും. പരീക്ഷയടുക്കുമ്പോൾ ചെയ്തു തീർക്കേണ്ട അസൈൻമെന്റുകളും പ്രോജക്ടുകളും കുന്നു കൂടി പരീക്ഷക്കുള്ള തയ്യാറെടുപ്പിലും ശ്രദ്ധിക്കാൻ പറ്റാതെ വരുന്നു. അവസാനം നല്ല കഴിവുള്ള വിദ്യാർത്ഥികൾ കൂടി ഈ വിളംബക സ്വഭാവം മൂലം (Procrastination) പിന്നിലാകുന്നു.

ഇപ്പോൾ തന്നെ ചെയ്യുക എന്ന തീരുമാനമെടുത്താൽ വിദ്യാർത്ഥികളുടെ മിക്കവാറും എല്ലാ പ്രശ്നങ്ങൾ ക്കും പരിഹാരമായി.

ഓഫീസുകളിലും ഫയലുകൾ കെട്ടിക്കിട ക്കുന്ന അവസ്ഥ വരുന്നത് 'ഓ! അതുനാളെ ചെയ് താലും മതി' എന്ന മനോഭാവമുള്ള വിളംബകന്മാ രുള്ളതുകൊണ്ടാണ്. ഏതു മേഖലയാണെങ്കിലും ഈ നീട്ടിവയ്ക്കൽ ദോഷമല്ലാതെ ഒരു ഗുണവും ചെയ്യുകയില്ല. സമയബന്ധിതമായി ഏതെങ്കിലും പദ്ധതികൾ നമ്മുടെ രാജ്യത്ത് തീർത്തിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ ആർജ്ജവത്വമുള്ള ധൃതകർമ്മി കളുടെ അശ്രാന്ത പരിശ്രമവുമുണ്ട്.

കഴിഞ്ഞ കുറേ ദിവസങ്ങളിൽ പനി മൂലവും പകർച്ചവ്യാധിമൂലവും കേരളത്തിൽ മരിച്ചവരുടെ എണ്ണം നാനൂറു കവിഞ്ഞു എന്ന വാർത്തകൾ വന്നി രുന്നു. ഉത്തരേന്ത്യയിൽ മസ്തിഷ്ക ജ്വരം മൂലവും ഓക്സിജൻ ലഭിക്കാത്തതുമൂലവും ഉണ്ടായ മരണ വും അത്രത്തോളം തന്നെയുണ്ടെന്നും വാർത്തകൾ വന്നിരുന്നു. സ്വാതന്ത്ര്യം കിട്ടി 70 കൊല്ലം കഴിഞ്ഞി ട്ടും നമുക്ക് പല രംഗങ്ങളിലും പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. പല പദ്ധതികളും സമയബന്ധിതമായി ചെയ്തു തീർക്കാൻ കഴിയാത്തതും മുൻഗണനാ ടിസ്ഥാനത്തിൽ ചെയ്യേണ്ടത് മാറ്റി വയ്ക്കുന്നതും മൂലമാണ് ഇത്തരം ദുരിതങ്ങൾ ഉണ്ടാകുന്നത്. ചെയ്യേ ണ്ടത് ഇപ്പോൾ തന്നെ ചെയ്യുക എന്ന സംസ്ക്കാരം ഓരോ വ്യക്തിയിൽ നിന്നും വളർന്നു വരേണ്ടതാണ്. ഓരോ വ്യക്തിയും ഈ തീരുമാനം എടുക്കുകയാ ണെങ്കിൽ കുടുംബത്തിനും സമൂഹത്തിനും രാഷ് ട്രത്തിനും സമാധാനവും സമൃദ്ധിയും ഉണ്ടാകും. ലക്ഷക്കണക്കിന് കേസുകൾ കോടതിയിൽ കെട്ടി ക്കിടക്കുകയില്ല. കുടികിടപ്പുരേഖ ശരിയാകാത്തതു കൊണ്ട് സാധാരണക്കാരന് വീട് നഷ്ടപ്പെടുകയില്ല. വില്ലേജ് ഓഫീസ് തീയിടേണ്ടി വരില്ല. ആത്മഹത്യ ചെയ്യേണ്ടി വരില്ല. ആനുകൂല്യങ്ങൾ ലഭിക്കാതെ വിദ്യാർത്ഥിക്ക് ജീവൻ ഒടുക്കേണ്ടി വരില്ല.

ക്ലോക്കിന്റെ സൂചികൾ വേഗത്തിൽ ചലിച്ചു കൊണ്ടേയിരിക്കുന്നു. 'അയ്യോ സമയം ഇത്രയായി പ്പോയോ? ഞാൻ അറിഞ്ഞില്ല' എന്ന് നാം പലപ്പോ ഴും പറയാറുണ്ട്. പക്ഷെ സമയം നമ്മുടെ പരാതി കേൾക്കാറില്ല. എപ്പോഴും നിശ്ചിത വേഗത്തിൽ മു ന്നോട്ടു തന്നെ.

എണീയ്ക്കു സുഹൃത്തേ സ്വന്തം മനസ്സിന്റെ ഉടമസ്ഥാവകാശം ഉറപ്പിക്കൂ. ഇനിയും സമയമുണ്ട്. കഴിഞ്ഞുപോകാത്ത ഭാവി നിങ്ങളെക്കാത്തിരിക്കുന്നു. ഒന്നു വ്യത്യസ്ഥമാകൂ. സമയത്തിന്റെ ഈ നിമിഷം ഏറ്റവും നന്നായി ഉപയോഗിക്കൂ. ഈ ജന്മത്തിൽ ഉപേക്ഷമൂലം ചെയ്യാൻ പറ്റാതെ പോയ കാര്യങ്ങൾ ചെയ്തു തീർക്കാൻ ഒരു ജന്മം കൂടി കിട്ടിയെന്ന് വരില്ല. ഉത്തരവാദിത്വം നിങ്ങളുടെതു മാത്രമാണ്.

സമയം വേണ്ടവിധം ഉപയോഗിച്ചു എന്നറിയു വാൻ ഒരു ചെറിയ പരീക്ഷണമുണ്ട്. മനസ്സമാധാന വും ഭൗതികസുഖങ്ങളും വേണ്ടവിധം ലഭിച്ചിട്ടുണ്ടോ? അങ്ങിനെയെങ്കിൽ സമയം വേണ്ടവിധം ഉപയോ ഗിച്ചിട്ടുണ്ട്. ഈ അനുഗ്രഹം നിങ്ങൾക്കുണ്ടായിട്ടി ല്ലെങ്കിൽ സമയം വേണ്ട വിധം ഉപയോഗിച്ചിട്ടില്ല എന്നു വേണം അനുമാനിക്കാൻ. ഏതെല്ലാം സാഹ ചര്യങ്ങളിലാണ് സമയം വെറുതെ നഷ്ടപ്പെടുത്തി യത് എന്ന് ആലോചിച്ചു നോക്കുന്നത് ഭാവിയിൽ ഉപകാരപ്രദമായിരിക്കും.

മഹാന്മാർക്ക് ഒഴിവു സമയം എന്ന ഒരു സമ യമുണ്ടായിട്ടില്ല. അവർ എപ്പോഴും ക്രിയാത്മകമായ ഏതെങ്കിലും പ്രവർത്തിയിൽ ഏർപ്പെട്ടുകൊണ്ടിരി ക്കുകയായിരിക്കും. സമയത്തെ വേണ്ട വിധം ഉപ യോഗിച്ച് അവരുടെ ആറാമിന്ദ്രിയത്തെ ഉണർത്തി കാഴ്ചയിലും, കേൾവിയിലും, വിചാരത്തിലും നൂത ന ആശയങ്ങളെ രൂപപ്പെടുത്തി അന്തരാത്മാവിനെ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. അവർ നിഷേ ധാത്മക ചിന്തകൾ എപ്പോഴെങ്കിലും മനസ്സിൽ അല ഞ്ഞുതിരിയുകയാണെങ്കിൽ മഹാന്മാർ മനസ്സിനെ വേണ്ടവിധത്തിൽ വ്യായാമം ചെയ്യിച്ച് ഉടനെ തന്നെ സർഗ്ഗാത്മകചിന്തകളായി രൂപാന്തരപ്പെടുത്തുന്നു.

ടിക് ടിക് ടിക് ക്ലോക്കിലെ സൂചികൾ ചലിച്ചു കൊണ്ടേയിരിക്കുന്നു. ലോക സംസ്ക്കാരം മുഴുവൻ പുതിയ പ്രതിച്ഛായയിലേക്ക് മാറികൊണ്ടിരിക്കുന്നു. ശരിയും തെറ്റും മേലാധികാരത്തിനുവേണ്ടി മത്സ രിക്കുന്നു. ഓരോരുത്തരും ശിരസ്സുയർത്തി സ്വന്തം വ്യക്തിത്വം കാണിക്കേണ്ട സമയമാണിത്. സമയത്തെ വേണ്ടവിധം ഉപയോഗിക്കാൻ ഒരു തീരുമാനമെ ടുക്കാൻ ഒട്ടും വൈകരുത്. അതിവേഗം മാറിക്കൊ ണ്ടിരിക്കുന്ന ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ധാരാളം അവസരങ്ങൾ ഉണ്ട്. സ്വന്തം പുരോഗതി ക്കും അതുവഴി സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേ യും പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള സമയം പാഴാക്കി കളയരുത്. നല്ല അവസരങ്ങൾ ലഭിക്കുന്നത് സമയം നമ്മൾ എങ്ങിനെ ഉപയോഗി ക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു●

കഥ

# അവൾ നിവേദിത

**പറവൂർ രാജഗോപാൽ, ഫോൺ:9847291483**

അവൾ നിവേദിത ഇനി എന്തുചെയ്യുമെന്നു ഞാൻ ന്യായമായും സംശയിച്ചു. ഞാൻ അറിയുന്ന പെൺകുട്ടിയായിരുന്നിട്ടും അവൾ പലപ്പോഴും എനിക്കു മുന്നിൽ തുറന്നുവെച്ചത് ദുരൂഹതയുടെ കടങ്കഥയ്ക്കു സമമായിരുന്നു. വർഷങ്ങൾക്കു മുമ്പ് നിതയുടെ വീട്ടിൽ ഞാനൊരു പേയിംഗ് ഗെസ്റ്റായി താമസത്തിനു വരുന്നതുമുതൽ എനിക്കവളെ അറിയാം. എന്റെ മുറിയിലെ കുടുസ്സു ജനാലയിലൂടെ വല്ലപ്പോഴും കടന്നുവരുന്ന ഇളം കാറ്റുപോലെ, അത്രതന്നെ അനായാസമായി, അനൗപചാരികമായി വരണ്ട സായാഹ്നങ്ങളിൽ അവൾ ഇങ്ങനെ കടന്നു വരാറുണ്ട്.

ചുണ്ടിൽ ഒരുവരി കവിത. ചിലപ്പോൾ ഒരു നിമിഷത്തെ മൗനം.

ഏറെ നേരം അവൾ എന്നെത്തന്നെ സൂക്ഷിച്ചിരിക്കും. പിന്നെ കണ്ണുകൾ ദ്രുതതരം ചലിപ്പിച്ചുകൊണ്ട് ആകർഷകമായ അംഗവിക്ഷേപങ്ങളോടെ, അണപൊട്ടിച്ച ഉത്സാഹത്തിമിർപ്പിൽ എന്തെല്ലാമോയൊക്കെ സംസാരിച്ചു കൂട്ടും.

തലേന്നാൾ ടിവിയിൽ വന്ന പ്രാദേശിക ചിത്രത്തിലെ നായികയെക്കുറിച്ച്, കോളേജിൽ അവൾക്കൊപ്പമുള്ള കർത്തയുടെ കണ്ണുകളിൽ ഒരു കുസൃതി കണക്കെ കുരുങ്ങിക്കിടക്കുന്ന സ്വകാര്യ പ്രണയത്തെക്കുറിച്ച്, കാമ്പസ് പ്രേമത്തിൽ അവൾക്കില്ലാതെ പോയ വിശ്വാസ്യതയെക്കുറിച്ച്, ഇതൊന്നുമല്ലെങ്കിൽ മുമ്പ് അവൾ മന:പ്പാഠമാക്കിയ 'വെൻ അയാം ഡെഡ് മൈഡിയറസ്റ്റ്' എന്ന ഇംഗ്ലീഷ് കവിതയിലെ അർത്ഥസുഭഗതയെക്കുറിച്ച്, അങ്ങനെ പലതും.

ഒക്കെയും മൂളികേൾക്കുക മാത്രമാവും ഞാൻ. പലപ്പോഴും അവളുടെ സംഭാഷണം എനിക്കു കട്ടിയാവുന്നതും ഫിലോസഫിയുടെ ഒരു വാൽകഷ്ണം നീട്ടിവെച്ചു ഞാൻ അന്നത്തെ സംസാരത്തിനു വിരാമമിടുന്നതും സാധാരണയാണ്.

പക്ഷെ, അന്ന് അപ്പോൾ ഞാൻ അവളിൽ നിന്നു പ്രതീക്ഷിച്ചത് അതൊന്നുമായിരുന്നില്ല. അവളുടെ നീണ്ടു പോകുന്ന മൗനവും കണ്ണുകളിൽ മിന്നിപ്പൊലിഞ്ഞു തീരുന്ന തിളക്കവും എന്നെ വെറുതെ അലോസരപ്പെടുത്താനേ ഉപകരിച്ചുള്ളൂ.

കാപ്പിക്കപ്പ് മുന്നോട്ടു നീക്കി വിരസത സ്പഷ്ടമാക്കി ഞാൻ പറഞ്ഞത് അതുകൊണ്ടാണ്.

'നിത, കാപ്പി തണുത്തുപോകും'.

വിവശമായ, അർത്ഥം നഷ്ടപ്പെട്ട ചിരിയോടെ മുന്നോട്ടാഞ്ഞു കാപ്പിക്കപ്പെടുക്കുമ്പോൾ, അവളുടെ മനസ്സിലെ ഉൽക്കടമായ ദു:ഖം വായിച്ചറിയാൻ പണിപ്പെടുകയായിരുന്നു ഞാൻ.

നിർമലിനെ നിത സ്നേഹിച്ചു തുടങ്ങിയെന്നു ഞാൻ അറിയുന്നതു തന്നെ അവൾ പറഞ്ഞാണ്.

ഒരു ഭസ്മക്കുറിപോലെ. ഒരു പ്രാർത്ഥനപോലെ.

നിർമലിനെ എനിയ്ക്കറിയാം. എന്നെ പഠിപ്പിച്ച മാതൃകാ അദ്ധ്യാപികയുടെ ഒറ്റമകൻ. വേണ്ടുവോളം വിനയവും സ്വഭാവഗുണങ്ങളും. മാസ്റ്റേഴ്സ് ബിരുദമെടുത്ത് ചരിത്രത്തിൽ ഗവേഷണം നടത്തുകയാണ്.

ഒരു നല്ല ബന്ധം എന്നാണ് അതേപ്പറ്റി ഞാൻ എന്നോടു തന്നെ പറഞ്ഞിട്ടുള്ളത്. എങ്കിലും നിതയുടെ വെൽടുഡു അരിസ്ട്രോക്രാറ്റിക് ഫാമിലി ആ ബന്ധം എങ്ങനെ നോക്കി കാണുമെന്ന് ഞാൻ സംശയിച്ചിരുന്നു.

അതേപ്പറ്റി ചോദിച്ചപ്പോൾ കുപ്പിവളകൾ നുറുങ്ങി വീഴുംപോലെ അവൾ ചിരിച്ചു.

'ആരെയെങ്കിലും ചേച്ചി പ്രേമിച്ചിട്ടുണ്ടോ, ആത്മാർത്ഥതയോടെ?'

നിതയുടെ പെട്ടെന്നുള്ള അനൗപചാരികമായി നിശ്ശബ്ദതയെ വകഞ്ഞുമാറ്റിയുള്ള ചോദ്യം എന്നെ അകാരണമായി തളർത്തി. അത്തരം ചോദ്യങ്ങൾക്ക് എന്നോടുപോലും ഉത്തരം പറഞ്ഞ് ശീലമില്ലായിരുന്നു എനിയ്ക്ക്.

കൈലേസിൽ പഴയൊരു സ്മരണയുടെ ചിത്രം തുന്നുകയായിരുന്നു ഞാൻ. ഇടയ്ക്ക് തുന്നൽ നിർത്തി, നിറയെ സ്വപ്നങ്ങൾ അലകളിളകുന്ന അവളുടെ മിഴിയോരങ്ങളിൽ ആകെയൊന്നു പരതി, ഇല്ലെന്ന് തീർച്ചയായും കണ്ണുകൾ അടച്ച് കാണിച്ചു. അപ്പോൾ നിതയുടെ കണ്ണുകളിൽ മൂർച്ചയോടെ മിന്നിയ ഒരു ചിരിയിൽ ഞാൻ അടിമുടി വിയർത്തു കഴിഞ്ഞിരുന്നു.

'ട്രു ലൗ നെവർ ഫെയിൽസ്!'- ഇക്കുറി ഫിലോസഫി നിതയുടേതായി.

പിന്നെ എത്ര പെട്ടെന്നായിരുന്നു അവളുടെ രഹസ്യങ്ങളും കുമ്പസാരങ്ങളും സൂക്ഷിക്കുന്ന അവളുടെ ഏറ്റവും അടുത്ത സുഹൃത്തായി ഞാൻ മാറിയത്.

ഓരോന്നും സംസാരിച്ചിരുന്ന് നേരം വൈകുന്ന അവസരങ്ങളിൽ, നിതയുടെ അമ്മ ചവിട്ടുപടിമേൽ നിന്നു ചിരിക്കുകയാവും. കണ്ണിൽ ഒരു കൊച്ചുനക്ഷത്രത്തെ ഒളിപ്പിച്ചുകൊണ്ട് മുറിവിട്ടുപോകുന്ന എന്റെ സ്നേഹിതയെ നോക്കിയിരിക്കെ ഞാൻ എന്നോടു തന്നെ പലകുറി ചോദിച്ചിട്ടുള്ളതാണ്.

'ഇവൾ നീ തന്നെയല്ലേ?!'

പക്ഷേ ഇന്ന്, ഇപ്പോൾ അവൾ എന്തെന്തു കഥകളാവും നിരത്തിവെയ്ക്കുക?

പെട്ടെന്നാണ് നിത മുഖമുയർത്തിയതും സംസാരിച്ചു തുടങ്ങിയതതും സ്നേഹത്തിന്റെ അവസാന നിമിഷത്തെപ്പറ്റി ചേച്ചിക്കെന്തറിയാൻ..?

നിതയുടെ വാക്കുകൾ അതിദ്രുതം പൊഴിയുന്ന മഞ്ഞുപോലെ രൂപഭാവങ്ങൾ നഷ്ടപ്പെട്ട് എന്റെ മനസ്സിൽ അടിയുകയായിരുന്നു. പക്ഷെ, നിത പരാജയം വാക്കുകളിലൊളിപ്പിച്ച് എന്റെ മുന്നിൽ നിരത്തുന്നതുവരെ ഒരക്ഷരം പറയില്ലെന്ന് ഞാൻ ഉറപ്പിച്ചിരുന്നു.

ഏതോ സ്വകാര്യ ആലോചനയിലേക്ക് ഞാൻ പ്രവേശിക്കും മുൻപേ നിത പറഞ്ഞുതുടങ്ങിയിരുന്നു.

'ചേച്ചി, നിർമലിന് ഇതിലൊന്നും വല്യവിശ്വാസമില്ലെന്ന്. മുമ്പ് ഒരു പെൺകുട്ടി പ്രേമത്തിൽ കുടുക്കി കടന്നുകളഞ്ഞതിനുശേഷം, നിർമലിന് അഫയറുള്ള പലരിലൊരാൾ മാത്രമാണ് ഈ ഞാൻ എന്ന്.'

നിത ഇതൊക്കെ എന്നോട് പറയേണ്ടിയിരുന്നില്ലെങ്കിലും ഇതൊക്കെത്തന്നെയാവും പറയുകയെന്ന് എനിക്ക് ഉറപ്പായിരുന്നു. എനിക്കു കാലേ നിശ്ചയിക്കാൻ കഴിയാതിരുന്നത് നിതയുടെ അടുത്ത നീക്കമായിരുന്നു.

അവൾ പറയുന്നതു കേട്ടിരിക്കെ, ഞാനും എന്തൊക്കെയോ സാന്ത്വന വാക്കുകൾ പുലമ്പിയിരിക്കണം.

നിർമലിനെ വിട്ടകലാൻ നിത തീർച്ചപ്പെടുത്തിയെന്ന് അറിഞ്ഞപ്പോഴാണ് ഞാൻ അവളെ ആ വഴി അനുഗമിച്ചത്. അതിനുമുമ്പ് എത്രയോ വട്ടം ഞാൻ നിതയോട് നിർമലിന്റെ പക്ഷത്തു നിന്ന് സംസാരിച്ചിരുന്നു.-

'എന്തെങ്കിലുമൊക്കെ കേട്ടു വിശ്വസിക്കുക ശരിയാവില്ല.'

നിർമലിന്റെ വിവരണം പോലും വെറും തമാശയായി കാണാനാണ് നിതയെ ഞാൻ പ്രോത്സാഹിപ്പിച്ചത്.

പ്രേമത്തിന്റെ ഒരു ദു:ഖ നക്ഷത്രത്തെ ഞാനും മനസ്സിൽ ഏറെക്കാലം സ്വകാര്യമായി കൊണ്ടു നടന്നിരുന്നുവല്ലോ; എന്റെ സ്നേഹിതയ്ക്ക് അതേപ്പറ്റി ഒന്നും അറിയില്ലെങ്കിലും.

നോക്കിയിരിക്കെ, നിത എന്റെ മുന്നിൽ വലിയൊരു പ്രശ്നമായി മാറുന്നത് ഞാൻ അറിഞ്ഞു.

'തികച്ചും അർത്ഥശൂന്യമായ തോന്നലുകൾ കൊണ്ടു കാലം ചിലപ്പോൾ നമ്മെ പരീക്ഷിക്കുമായിരിക്കും; ഇല്ലേ, ചേച്ചീ?'

എന്റെ ഉള്ളൊന്നു നീറി.കണ്ണുകളിൽ ജലം പൊടിയുകയും ചെയ്തു.

ഞാനും അപ്പോൾ ഓർക്കാൻ തുനിഞ്ഞത് അതു തന്നെയായിരുന്നു. സംഗീതം നഷ്ടമായ ഒരു സായാഹ്നത്തിന്റെ ദു:ഖചിന്തകൾ അപ്പോൾ എന്റെ മനസ്സിൽ ഉണ്ടായിരുന്നു.

നിതയുടെ കണ്ണുകളിൽ നനവിന്റെ തിളക്കം സ്പഷ്ടമായിരുന്നു.

'എനിക്കു വേദനേല്ല. നുള്ളുപോലും?'

സ്വരം താഴ്ത്തി ഒരു സ്വകാര്യം പോലെ അവൾ അതു പറഞ്ഞു നിർത്തുമ്പോൾ അർത്ഥമില്ലാത്ത വിളറിയ ഒരു ചിരി മാത്രമായിരുന്നു എനിക്കു മറുപടിയായി ഉണ്ടായിരുന്നത്. പിന്നെ, വർത്തമാനത്തിന്റെ ചരട് ആരോ കൈയ്യിൽ നിന്നു തട്ടിയെടുത്ത പോലെ ഞാൻ നിസ്സഹായയായി, നിശ്ശബ്ദയായി. എന്റെ നെറ്റിയിൽ ഞാനറിയാതെ വിയർപ്പുമണികൾ അതിവേഗം ഉരുണ്ടു കൂടിക്കൊണ്ടിരുന്നു.

പുറത്ത് സന്ധ്യയൊക്കെ കഴിഞ്ഞിരുന്നു.

പിന്നീട് എപ്പോഴോ എന്നെ എന്റെ ഏകാന്തതയിൽ തനിച്ചാക്കി, മുറിവിട്ടുപോകുന്നതിനു മുമ്പ് ഏതൊക്കെയോ വിചാരങ്ങളിൽ മുങ്ങിപ്പൊങ്ങി, ഒരിക്കലും തെറ്റിച്ചിട്ടില്ലാത്ത അനുഷ്ഠാനമെന്നപോലെ സാവധാനം കണ്ണുകൾ ചലിപ്പിച്ചുകൊണ്ട് നിത പറയുകയായി.

'എന്റെ സ്നേഹം ഒരു വണ്ടുപോലെ എന്റെ പ്രിയനെ തേടി പറക്കുന്നു.'

-ഒട്ടും തമാശയായിരുന്നില്ല അത്.

എല്ലാം ഓർമ്മിപ്പിച്ചും ധ്വനിപ്പിച്ചും വേദനിപ്പിക്കുന്ന ഒരു വിസ്മയ ചിഹ്നം കണക്കെ നിത എന്റെ മുന്നിൽ നിവേദിതയാകുന്നു●

# ആരോഗ്യവും നല്ല ശീലങ്ങളും

**എ. ശിവസുബ്രഹ്മണ്യൻ**

പ്രത്യക്ഷത്തിൽ യാതൊരസുഖവും ഇല്ലാതിരുന്ന ആൾ കുഴഞ്ഞു വീണു മരിച്ചു അമ്പരപ്പോടെയും ഭയത്തോടെയും ഇത്തരം വാർത്തകൾ നാം ദിനം പ്രതി കേൾക്കാറുണ്ടല്ലോ? ഇതു സംഭവിക്കുന്നത് പ്രമേഹം, പ്രഷർ മുതലായ ജീവിതശൈലീ രോഗങ്ങൾ ഉള്ളവർക്കാണ് . കൃത്യസമയത്തു രോഗം നിർണയിക്കാതെ തെറ്റായ ഭക്ഷണ ശീലങ്ങളും, മദ്യവും മറ്റു ലഹരികളും ഉപയോഗിക്കുന്നവരായിരിക്കും അക്കൂട്ടർ. ഇത്തരം സങ്കീർണതകൾ വരാതിരിക്കണമെങ്കിൽ വളരെ ചെറുപ്പത്തിൽ തന്നെ സമീകൃത ആഹാരങ്ങൾ ശീലിക്കണം, ദിവസവും വ്യായാമങ്ങളിലും കളികളിലും ഏർപ്പെടണം. ഓരോ പ്രായത്തിനും ഉയരത്തിനും അനുസരിച്ചുള്ള ശരീരഭാരം നിയന്ത്രിക്കണം. സസ്യാഹാരങ്ങൾ കൂടുതലായി ഭക്ഷണത്തിൽ ദിവസേന ഉൾപ്പെടുത്തണം. പിരമിഡിൽ കാണിച്ചിരിക്കുന്ന തരത്തിൽ ചോറ്, ചപ്പാത്തി, പുട്ട്, ഉപ്പ്മാവ്, ആവിയിൽ വേവിച്ച നാടൻ പലഹാരങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ മുതലായവ ധാരാളമായും, പാലും പാൽ ഉൽപ്പന്നങ്ങളും, മുട്ട, മത്സ്യം , മാംസം മുതലായവ( കറി വെച്ചത് അഭികാമ്യം)ഒന്നോ രണ്ടോ പ്രാവശ്യം കുറച്ച് ആവശ്യത്തിനു മാത്രവും ഉപയോഗിച്ചാൽ ഇത്തരം ജീവിതശൈലീ രോഗങ്ങളെ നമ്മുടെ ജീവിതത്തിന്റെ പടിക്കു പുറത്തു നിർത്താം.എന്നാൽ മറിച്ച് ദിവസേന എണ്ണയിൽ വറുത്തതും പൊരിച്ചതുമായ പലഹാരങ്ങളും മധുരപലഹാരങ്ങളും മറ്റും, വറുത്തതും പൊരിച്ചതുമായ (ജങ്ക് ഫുഡ്സ് (Eg: Packed Chips, Fried Chicken, Pizza, Burger, Sweets, Choclates,Cola , Packed Fruit juices, Ice creams, cakes) മൈദ കൊണ്ടുണ്ടാക്കിയ ബേക്കറി ഉല്പ്പന്നങ്ങൾ, പൊറോട്ട, തുടങ്ങിയവ കഴിച്ചാൽ അത് ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. മൈദയിൽ അടങ്ങിയ അലോക്സാൻ എന്ന രാസവസ്തു പാൻക്രിയാസിനെ എളുപ്പത്തിൽ കേടുവരുത്തി പ്രമേഹസാധ്യത വർദ്ധിപ്പിക്കുന്നു. അതുകൊണ്ട് മൈദ കൊണ്ടുണ്ടാക്കിയ പൊറോട്ട, ബ്രഡ് , ബൺ, പഫ്സ്, മുതലായ ബേക്കറി ഉൽപ്പന്നങ്ങൾ വർജ്ജിക്കുകയോ ശരിക്കുനിയന്ത്രിക്കുകയോ ചെയ്യുക. കൂടുതലായി കഴിക്കുകയാണെങ്കിൽ ശരീരഭാരം വളരെ പെട്ടെന്ന് കൂടും. 'ഭാവിയിൽ ജീവിതശൈലീ രോഗങ്ങൾ വരാൻ (ചിലപ്പോൾ ചെറുപ്പത്തിൽ തന്നെ) സാധ്യതയേറും അതുകൊണ്ട് ചാർട്ടുകൾ പ്രകാരം ശരീരഭാരം പ്രായത്തിനും ഉയരത്തിനും അനുസരിച്ച് ക്രമീകരിക്കുകയും ധാരാളം വെള്ളം കുടിക്കുകയും ദിവസേന നിർബന്ധമായും വ്യായാമങ്ങളിലും കളികളിലുംഏർപ്പെടുകയും ചെയ്യണം.ഒരാൾക്ക് ഒരു ദിവസം ആവശ്യമായ ഊർജ്ജം (കലോറി) നൽകുന്ന ആഹാരം മാത്രമേ ഭക്ഷിക്കാവൂ. ആവശ്യമായ ഊർജ്ജം നൽകുന്ന ഭക്ഷണത്തേക്കാൾ കൂടുതൽ ഭക്ഷണം കഴിച്ചാൽ ശരീരത്തിൽ കൂടുതൽ ഊർജ്ജം ഉൽപാദിപ്പിക്കപ്പെടുന്നു.ഈ ഊർജ്ജം ശരീരം എന്തു ചെയ്യും? അധികമായി വരുന്ന ഊർജ്ജം (കലോറി) കുമിഞ്ഞു കൂടിയാണ് പൊണ്ണത്തടി ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഉദാ. ഒരു മോട്ടോർ കാർ ചലിക്കാൻ പെട്രോൾ എന്ന ഇന്ധനം (ഊർജ്ജം) ആവശ്യമാണ്.അതുപോലെ മനുഷ്യശരീരത്തിനും ദിവസേന ഓരോ ജോലി ചെയ്യുവാൻ ഊർജ്ജം കലോറി ആവശ്യമാണ്.ശ്വാസോച്ഛ്വാസം ചെയ്യാൻ 700കലോറി,ഉറങ്ങാനും,മറ്റുകാര്യങ്ങൾക്ക് അത് മുതിർന്നവർക്ക് വെയിറ്റ്(ശരീരഭാരം) x 30 എന്ന രീതിയിലാണ് കണക്കാക്കുന്നത്. ഉദാ.വെയിറ്റ് 60 കിലോ x 30 =1800 (കലോറി)എന്നാൽ ഭാരിച്ച ജോലി ചെയ്യുന്നവർക്ക് കൂടുതൽ ഊർജ്ജം വേണം.അത് സ്വയം ചാർട്ട് നോക്കി മനസ്സിലാക്കാം. ഉദാ: ഒരു ഇഡ്ഡലി, ഒരു ദോശ 100 കലോറി, ചോറ് 1 കപ്പ് 120 കലോറി, ഒരു ചപ്പാത്തി 75 കലോറി, ഒരു മസാലദോശ 250 കലോറി, ഒരു ലഡു 250 കലോറി, ചായ 45 കലോറി, കട്ടൻ ചായ10 കലോറി (പഞ്ചസാര ഇല്ലാതെ) etc, etc,........ (all values approximate calories). എന്നാൽ 'ഭക്ഷണത്തിലൂടെ ആവശ്യത്തിലധികം ഊർജ്ജം (കലോറി) ലഭിച്ചാൽ പൊണ്ണത്തടിയും അതുവഴി പ്രമേഹം, പ്രഷർ, മുതലായ ജീവിതശൈലീരോഗങ്ങളും വരുന്നു.ഓർക്കുക നമ്മുടെ മാതൃകാഭാരത്തിനനുസരിച്ചുള്ള (Ideal Body weight) ഇൻസുലിൻ മാത്രമേ ഓരോ ശരീരത്തിലുള്ള പാൻക്രിയാസ് എന്ന ഗ്രന്ഥിക്ക് ഉൽപാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.ഉദാ: ഒരു 125 സിസി ബൈക്കിൽ രണ്ട് പേർക്ക് (പരമാവധി 150 കിലോ)സുഖമായി യാത്രചെയ്യാം.എന്നാൽ നാലുപേർ കയറിയാൽ (300കിലോ) 'ഭാരം വലിക്കുകയില്ല. പതുക്കെ എൻജിൻ കേടാകും.

കേടുവന്നാൽ പാൻക്രിയാസിനെ മാറ്റിവയ്ക്കുവാനോ Spare Parts കൊണ്ട് ശരിയാക്കുവാനോ സാധിക്കുകയില്ല. ജീവിതകാലം മുഴുവൻ ഭക്ഷണക്രമീകരണവും മരുന്നുമായി പ്രമേഹരോഗികൾ കഴിയേണ്ടിവരും.അതുകൊണ്ട് കഴിക്കുന്നവയുടെ കലോറി (ഇപ്പോൾ എല്ലാ Packed food products കളിൽ കലോറി വാല്യൂ രേഖപ്പെടുത്തിയിട്ടുണ്ട്, അവ പ്രയോജനപ്പെടുത്തുക.) സ്വന്തമായി മനസ്സിലാക്കി ആവശ്യത്തിനു മാത്രം കഴിക്കുക. ചെറുപ്രായത്തിൽ തന്നെ ആ അവബോധം ഉണ്ടായാൽ ജീവിതം മുഴുവൻ നിങ്ങൾക്ക് ആരോഗ്യത്തോടെ നന്നായി ജീവിക്കാം.ഓർക്കുക സൂക്ഷിച്ചാൽ ദുഖിക്കേണ്ട.

| NUTRIOTIONAL INFORMATION per 100g | | | |
|---|---|---|---|
| Energy (kcal) | 300 | Calcium (mg) | 600 |
| Protein (g) | 20.0 | Phosphorus (mg) | 400 |
| Carbohydrate (g) | 1.0 | Sodium (mg) | 1245 |
| of which Sugar (g) | 0.0 | Vitamin-A (mcg) | 342 |
| Fat (g) | 24.0 | | |
| Approximate Values | | | |

***പാക് ചെയ്ത ബിസ്ക്കറ്റ്സ്, ചിപ്സ്, ബ്രെഡ് , കോള, മുതലായവയുടെ കാലറി വാല്യൂ (എനർജി) എത്രയെന്ന് സ്വയം മനസിലാക്കുക***

ശരീരിക ആരോഗ്യം പോലെ തന്നെ പ്രധാനപ്പെട്ടതാണ് മാനസികാരോഗ്യവും.കാരണം ഏകാഗ്രമായ മനസ്സുണ്ടെങ്കിലേ ഭാവിയിൽ മത്സര പരീക്ഷകളെയും ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെയും മറികടക്കാൻ സാധിക്കുകയുള്ളൂ.

